32nd Year of Service 2024

Price $1.00

# കേരളാ എക്സ്പ്രസ്
# KERALA EXPRESS

NOT OUR MERIT BUT HIS GRACE · KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

April 19, 2024 | Vol. XXXII No. 16 | Periodicals Postage Paid







ഫൊക്കാന ഗ്ലോബൽ കൺവൻഷന്റെ രജിസ്ട്രേഷൻ കിക്കോഫ് ഫൊക്കാന പ്രസിഡണ്ട് ഡോ. ബാബു സ്റ്റീഫൻ ചിക്കാഗോയിൽ ഉദ്ഘാടനം ചെയ്തപ്പോൾ: (ഇടത്തുനിന്ന്) പ്രവീൺ തോമസ്, ശ്രീകുമാർ ഉണ്ണിത്താൻ, ലീല മാരേട്ട്, ജോർജ് പണിക്കർ, ഡോ. കലാ ഷഹി, റ്റോമി അംബേനാട്ട്, വരുൺ നായർ, ഫ്രാൻസിസ് കിഴക്കേക്കുറ്റ്, ഫാ. സിജു മുടക്കോടിൽ, ജെയ്ബു മാത്യു കുളങ്ങര, ഡോ. ബ്രിജിറ്റ് ജോർജ്, സന്തോഷ് നായർ, ഡോ. സജിമോൻ ആന്റണി എന്നിവരാണ് സമീപം. ഫോട്ടോ: മോനു വർഗീസ്.

(ഫൊക്കാന പേജ് 3, 17 കാണുക)

# KUNNATHA INJURY LAWYERS

**Free Consultation/Case Evaluation** ATLANTA : 404 633 4200 / CHICAGO: 312 757 4700

**EXPERIENCE PERSONAL ATTENTION RESULTS**


Salu K. Kunnatha


Reena Emmanuel


Joshua Opdycke

Dedicated Lawyers Handling Serious Injuries and Wrongful Death Cases

Over 50 years of Combined Experience

No legal fees until we collect compensation for you

Millions recovered for our clients each year!

**ATLANTA**

1800 Century Boulevard NE,
Suite 1750
Atlanta, GA 30345
Ph: 404 633 4200

**CHICAGO**

708 Church St,
Suite 235
Evanston, IL 60201
Ph: 312 757 4700

www.kunnathalaw.com

# nella CONSULTING

ACCOUNTING | TAX | CONSULTING






**FOR ALL YOUR PERSONAL AND BUSINESS TAX SERVICES**

**TOMY NELLAMATTAM, E.A.**
Enrolled to Practice Before IRS
Nella Consulting Inc
755 Milwaukee Ave, Glenview, IL 60025
(847) 486-4112 (Office)
(847) 302-8556 (cell)

*FREE ELECTRONIC FILING*
*FULL TIME IN ACCOUNTING & TAX SERVICES*

Partner
**ALVIN NELLA, CPA, MBA**



32nd Year of Service 2024
Price $1.00
കേരളാ എക്സ്പ്രസ്
KERALA EXPRESS
Weekly Newspaper National Edition from Chicago
3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

6 സ്ഥാനാർത്ഥി എല്ലാ സ്വത്തും പരസ്യപ്പെടുത്തേണ്ടതില്ല
8 തെരഞ്ഞെടുപ്പ് ചൂടിൽ തലസ്ഥാനം
9 കെ.എം. മാണി സ്മൃതിസംഗമം
13 ഇന്റർനാഷണൽ വടംവലി മത്സരം റോക്‌ലാൻഡിൽ
16 അറുപതിന്റെ നിറവിൽ ഗോപിനാഥ് മുതുകാട്

# ഫൊക്കാനയിലെ 'മങ്കി സിൻഡ്രോമിന്' ചികിത്സ അനിവാര്യം: ഡോ. ബാബു സ്റ്റീഫൻ

ജോസ് കണിയാലി



ചിക്കാഗോ: ഫൊക്കാന നേതൃരംഗത്ത് വർഷങ്ങളായി കണ്ടുവരുന്ന 'മങ്കി സിൻഡ്രോമിന്' ചികിത്സ അനിവാര്യമാണെന്ന് ഫൊക്കാന പ്രസിഡണ്ട് ഡോ. ബാബു സ്റ്റീഫൻ പ്രസ്താവിച്ചു. ജൂലൈ 18, 19, 20 തീയതികളിൽ വാഷിങ്ടൺ ഡി.സിയിൽ വെച്ച് നടത്തപ്പെടുന്ന ഫൊക്കാന ഗ്ലോബൽ കൺവൻഷന്റെ മിഡ്‌വെസ്റ്റ് റീജിയൻ രജിസ്ട്രേഷൻ കിക്കോഫ് ചിക്കാഗോയിലെ സെന്റ് മേരീസ് ക്നാനായ പള്ളി ഓഡിറ്റോറിയത്തിൽ ഉദ്ഘാടനം ചെയ്തുകൊണ്ട് സംസാരിക്കുകയായിരുന്നു ഡോ. ബാബു സ്റ്റീഫൻ. ഫൊക്കാനയുടെ നേതൃരംഗത്ത് വർഷങ്ങളോളം കസേരകളിൽ നിന്നും കസേരകളിലേക്ക് മാറിമാറി 'സേവനം' തുടരുന്ന പ്രവണതയെയാണ് 'മങ്കി സിൻഡ്രോം' എന്ന പേരിൽ അദ്ദേഹം വിശേഷിപ്പിച്ചത്. തന്മൂലം നേതൃരംഗത്തേക്ക് പുതിയ ആൾക്കാർക്കും യുവജനങ്ങൾക്കും കടന്നുവരാനുള്ള അവസരമാണ് നിഷേധിക്കപ്പെടുന്നത്. ഈ പ്രവണതയ്ക്ക് മാറ്റം വരണം. മാറ്റം വരുത്തണമെങ്കിൽ ജനങ്ങൾ തീരുമാനിക്കണം. ജനങ്ങൾക്കു മാത്രമെ ഈ അസുഖത്തിന് മരുന്നു നല്കുവാൻ സാധിക്കുകയുള്ളൂ. ഫൊക്കാന പ്രസിഡണ്ടിന്റെ കാലാവധി അവസാനിച്ചാൽ മറ്റൊരു സ്ഥാനത്തും കടിച്ചുതൂങ്ങി കിടക്കുവാൻ താൻ ഉണ്ടാകില്ലായെന്ന് അസന്നിഗ്ധമായ ഭാഷയിൽ ഡോ. ബാബു സ്റ്റീഫൻ പ്രസ്താവിച്ചു.

ചിക്കാഗോ ആർവിപി ഫ്രാൻസിസ് കിഴക്കേക്കുറ്റ് സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു. സെന്റ് മേരീസ് പള്ളി വികാരി ഫാ. സിജു മുടക്കോടിൽ, ഫൊക്കാന മുൻ വൈസ് പ്രസിഡണ്ട് ജെയ്ബു മാത്യു കുളങ്ങര, വിമൻസ് ഫോറം ദേശീയ ചെയർപേഴ്സൺ ഡോ. ബ്രിജിറ്റ് ജോർജ്, യുവജന പ്രതിനിധി വരുൺ നായർ, ഫൊക്കാന ജനറൽ സെക്രട്ടറി ഡോ. കലാ ഷഹി, ജോർജ് പണിക്കർ തുടങ്ങിയവർ പ്രസംഗിച്ചു. സന്തോഷ് നായർ സ്വാഗതം പറഞ്ഞു. റ്റോമി അംബേനാട്ട് എംസിയായിരുന്നു. വിവിധ സംഘടനകളെ പ്രതിനിധീകരിച്ച് ജെസ്സി റിൻസി, സുനൈന മോൻസി ചാക്കോ, ആന്റോ കവലയ്ക്കൽ, സൈമൺ പള്ളിക്കുന്നേൽ, ജയിൻ മാക്കീൽ, റോയി മുളകുന്നം, സതീശൻ നായർ തുടങ്ങിയവർ ആശംസകൾ നേർന്നു.

അടുത്ത ഫൊക്കാന നേതൃത്വത്തിലേക്ക് മത്സരിക്കുന്നവരെ സദസ്സിനു പരിചയപ്പെടുത്തി. പ്രസിഡണ്ട് സ്ഥാനാർത്ഥികളായ ലീല മാരേട്ട്, ഡോ. സജിമോൻ ആന്റണി, ഡോ. കലാ ഷഹി, ജനറൽ സെക്രട്ടറി സ്ഥാനാർത്ഥികളായ ജോർജ് പണിക്കർ, ശ്രീകുമാർ ഉണ്ണിത്താൻ, വൈസ് പ്രസിഡണ്ട് സ്ഥാനാർത്ഥി പ്രവീൺ തോമസ് തുടങ്ങിയവർ പ്രസംഗിച്ചു.

ചിക്കാഗോയിൽ നിന്നും നിരവധി കുടുംബങ്ങൾ ഫൊക്കാന കൺവൻഷനിലേക്ക് രജിസ്റ്റർ ചെയ്തു.

# ആവേശമുയർത്തി മോദിയും രാഹുലും കേരളത്തിൽ

കോട്ടയം: പാർലമെന്റ് തെരഞ്ഞെടുപ്പിൽ എൻഡിഎയുടെയും കോൺഗ്രസിന്റെയും സ്ഥാനാർത്ഥികളുടെ പ്രചാരണാർത്ഥം തെരഞ്ഞെടുപ്പു റാലികളിൽ പങ്കെടുക്കാനും റോഡ് ഷോകൾക്കുമായി പ്രധാനമന്ത്രി നരേന്ദ്ര മോദിയും കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധിയും വീണ്ടും കേരളത്തിലെത്തി.

കേരളത്തിൽ പുതുവികസനത്തിന്റെയും രാഷ്ട്രീയത്തിന്റെയും വർഷമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. ലോക്സഭയിൽ കേരളം ശക്തമായ ശബ്ദം കേൾപ്പിക്കും. അടുത്ത അഞ്ചു വർഷത്തിനിടയ്ക്ക് വികസനത്തിനും പാരമ്പര്യത്തിനും മുൻതൂക്കം. ദക്ഷിണേന്ത്യയിൽ ബുള്ളറ്റ് ട്രെയിൻ കൊണ്ടുവരും. കഴിഞ്ഞ പത്തു വർഷം കണ്ടത് വികസനത്തിന്റെ ട്രെയിലർ മാത്രം. ഇനി സിനിമയാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

തൃശൂരിൽ കുന്നംകുളത്ത് എൻഡിഎയുടെ തെരഞ്ഞെടുപ്പ് പ്രചാരണ പൊതുപരിപാടിയിൽ സംസാരിക്കുകയായിരുന്നു നരേന്ദ്ര മോദി. സംസ്ഥാന സർക്കാരിനെതിരെ രൂക്ഷ വിമർശനമുന്നയിച്ച മോദി കരുവന്നൂർ കേസും പ്രസംഗത്തിൽ പരാമർശിച്ചു. കേരള സർക്കാരിന് അഴിമതിയിലാണ് താല്പര്യം. ഇടതു-വലതു മുന്നണികൾ സംസ്ഥാനത്തെ പിറകോട്ടടിക്കുന്നു. ബംഗാളും ത്രിപുരയും അവർ നശിപ്പിച്ചു. ഇപ്പോൾ കേരളത്തെയും. കേരളത്തിൽ അക്രമവും അരാജകത്വവും കൂടുകയാണ് കോളജ് കാമ്പസുകൾ സാമൂഹികവിരുദ്ധരുടെ താവളമായിരിക്കുന്നു.

സിപിഎമ്മുകാർ പാവങ്ങളുടെ കോടികൾ കൊള്ളയടിച്ചു. വിവാഹം പോലും മുടക്കി പാവപ്പെട്ട പെൺകുട്ടികളെ വിഷമത്തിലാക്കി. ആയിരങ്ങളുടെ ജീവിതം പ്രതിസന്ധിയിലാക്കി. ഈ വിഷയത്തിൽ സിപിഎം മുഖ്യമന്ത്രി മൂന്നു വർഷമായി കള്ളം പറയുന്നു. പണം തിരിച്ചുനല്കും, കുറ്റക്കാരെ ശിക്ഷിക്കും എന്നാണ് നുണ പറയുന്നത്. വടക്കുംനാഥന്റെ മണ്ണിൽ ഒരിക്കൽക്കൂടി വരാൻ സാധിച്ചതിൽ സന്തോഷമുണ്ടെന്ന് മലയാളത്തിൽ പറഞ്ഞാണ് പ്രധാനമന്ത്രി പ്രസംഗം ആരംഭിച്ചത്.

15ന് രാവിലെ 11.15-ഓടെയാണ് ചെറുവത്തൂർ മൈതാനത്ത് നരേന്ദ്ര മോദി എത്തിയത്. (ശേഷം 24-ാം പേജിൽ)




പ്രധാനമന്ത്രി നരേന്ദ്രമോദി കുന്നംകുളത്ത് പ്രചാരണത്തിന് എത്തിയപ്പോൾ എൻഡിഎ പ്രവർത്തകരോടൊപ്പം



നീലഗിരി ആർട്സ് ആൻഡ് സയൻസ് കോളജ് ഗ്രൗണ്ടിൽ ഹെലികോപ്റ്ററിൽ ഇറങ്ങിയ രാഹുൽ ഗാന്ധി കോളജിലെ വിദ്യാർത്ഥികൾക്കും അധ്യാപകർക്കുമൊപ്പം

# ശശി തരൂരിന് തെരഞ്ഞെടുപ്പ് കമ്മീഷന്റെ താക്കീത്



തിരുവനന്തപുരം: തിരുവനന്തപുരം ലോക്സഭാ മണ്ഡലത്തിലെ യുഡിഎഫ് സ്ഥാനാർത്ഥി ശശി തരൂരിന് തെരഞ്ഞെടുപ്പ് കമ്മീഷന്റെ താക്കീത്. മതസംഘടനകൾക്ക് പണം നല്കി എൻഡിഎ സ്ഥാനാർത്ഥി രാജീവ് ചന്ദ്രശേഖർ വോട്ട് പിടിക്കുന്നുവെന്ന് തരൂർ ആരോപണം ഉന്നയിച്ചിരുന്നു. ഈ ആരോപണം തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടത്തിന്റെ ലംഘനമാണെന്നാണ് തെരഞ്ഞെടുപ്പ് കമ്മീഷന്റെ വിലയിരുത്തൽ. രാജീവ് ചന്ദ്രശേഖറിനെതിരെ തെളിവ് സമർപ്പിക്കാൻ തരൂരിനായില്ലെന്നും കമ്മീഷൻ നിരീക്ഷിച്ചു. അതേസമയം, ശശി തരൂരിന്റെ ആരോപണം മത-ജാതി വികാരം ഉണർത്തുന്നുവെന്ന ബിജെപി വാദം തെരഞ്ഞെടുപ്പ് കമ്മീഷൻ തള്ളി. തരൂരിന്റെ ആരോപണങ്ങൾക്കെതിരെ ബിജെപി സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മിറ്റി ലീഗൽ സെൽ കൺവീനർ ജെ.ആർ. പത്മകുമാറും എൻഡിഎ തെരഞ്ഞെടുപ്പ് കമ്മിറ്റി ജില്ലാ കൺവീനർ വി.വി. രാജേഷുമാണ് പരാതി നല്തിയത്.

## ഇസ്രയേൽ ബന്ധമുള്ള ചരക്കുകപ്പൽ ഇറാൻ പിടിച്ചെടുത്തു

# ജീവനക്കാരെ കാണാൻ ഇന്ത്യൻ ഉദ്യോഗസ്ഥരെ അനുവദിക്കും

ദുബായ്: ഇസ്രയേൽ-ഇറാൻ സംഘർഷം തുറന്ന ഏറ്റുമുട്ടലിലേക്കു നീങ്ങുമെന്ന ഭീതി ഉയർത്തി ഒമാൻ ഉൾക്കടലിനു സമീപം ഹോർമുസ് കടലിടുക്കിൽ ഇസ്രയേൽ ബന്ധമുള്ള ചരക്കുകപ്പൽ ഇറാൻ സൈന്യം പിടിച്ചെടുത്തു. രണ്ട് മലയാളികൾ ഉൾപ്പെടെ 17 ഇന്ത്യക്കാർ ജീവനക്കാരായുള്ള എംഎസ്സി ഏരീസ് എന്ന കപ്പലാണു ഹെലികോപ്റ്ററിലെത്തിയ ഇറാൻ സേനാംഗങ്ങൾ പിടിച്ചെടുത്ത് ഇറാൻ സമുദ്രപരിധിയിലേക്കു കൊണ്ടുപോയത്.



ഹോർമുസ് കടലിടുക്കിൽ ഇസ്രയേൽ ബന്ധമുള്ള എംഎസ്സി ഏരീസ് ചരക്കുകപ്പലിലേക്ക് ഇറാൻ സേനാംഗങ്ങൾ ഹെലികോപ്റ്ററിൽ എത്തുന്നു (വീഡിയോ ദൃശ്യം)

മലയാളികളിൽ ഒരാൾ പാലക്കാട് സ്വദേശിയും മറ്റൊരാൾ കോഴിക്കോട് സ്വദേശിയുമാണ്. ഇസ്രയേൽ ശതകോടീശ്വരൻ ഇയാൽ ഓഫറിന്റെ സൊഡിയാക് ഗ്രൂപ്പിന്റെ ഭാഗമായ സൊഡിയാക് മാരിടൈം കമ്പനിയുടെ ഉടമസ്ഥതയിലുള്ള കപ്പലാണിത്. ഇറ്റാലിയൻ-സ്വിസ് കമ്പനിയായ എംഎസ്സിയാണു കപ്പലിന്റെ നടത്തിപ്പ്.

ഈ മാസം ഒന്നിന് ഡമാസ്കസിലെ കോൺസുലേറ്റിനു നേരെയുണ്ടായ മിസൈലാക്രമണത്തിൽ ഇറാന്റെ രണ്ട് മുതിർന്ന ജനറൽമാർ അടക്കം ഏഴ് സേനാംഗങ്ങളാണു കൊല്ലപ്പെട്ടത്. സംഭവത്തിൽ ഇസ്രയേലിനെതിരെ തിരിച്ചടിയുണ്ടാകുമെന്ന് ഇറാൻ ഭീഷണി മുഴക്കിയിരുന്നു. ഹെലികോപ്റ്ററുകളിൽനിന്നു കയറിൽ തൂങ്ങിയിറങ്ങി കപ്പലിന്റെ ഡെക്കിൽ നിരത്തിവെച്ച കണ്ടെയ്നറുകളുടെ മുകളിൽ നിലയുറപ്പിക്കുന്ന ഇറാൻ കമാൻഡോകളുടെ വീഡിയോ പുറത്തുവന്നു.

എംഎസ്സി ഏരീസ് കപ്പലിന് ഇസ്രയേൽ ബന്ധമുണ്ട് എന്നു മാത്രമാണ് ഇറാൻ ഈ സംഭവത്തെക്കുറിച്ചു പറഞ്ഞത്. കടൽക്കൊള്ളക്കാരെപ്പോലെയാണ് ഇറാന്റെ പ്രവൃത്തിയെന്ന് ഇസ്രയേൽ വിദേശകാര്യമന്ത്രി ഇസ്രയേൽ കാറ്റ്സ് പ്രതികരിച്ചു. ഇറാൻ റവല്യൂഷനറി ഗാർഡിനെ ഭീകരസംഘമായി പ്രഖ്യാപിച്ച് ഉപരോധം ഏർപ്പെടുത്തണമെന്നും ആവശ്യപ്പെട്ടു.

ആറ് മാസം പിന്നിട്ട ഗാസ യുദ്ധം ഉയർത്തിയ സംഘർഷാവസ്ഥ മധ്യപൂർവദേശമാകെ കത്തിപ്പടരുമെന്ന ആശങ്ക വർധിപ്പിച്ചാണു ഇറാന്റെ നേരിട്ടുള്ള ഇടപെടൽ.

പിടിച്ചെടുത്ത ഇസ്രയേൽ ചരക്കു കപ്പലിലുള്ള ഇന്ത്യൻ ജീവനക്കാരെ കാണാൻ ഇന്ത്യൻ നയതന്ത്ര ഉദ്യോഗസ്ഥരെ അനുവദിക്കുമെന്ന് ഇറാൻ. വിദേശകാര്യമന്ത്രി എസ്. ജയശങ്കർ, ഇറാൻ വിദേശകാര്യമന്ത്രിയെ വിളിച്ച് ഇറാൻ പിടിച്ചെടുത്ത കപ്പലിലെ ഇന്ത്യക്കാരുടെ വിഷയം സംസാരിച്ചതിനെ തുടർന്നാണ് ഇറാൻ അക്കാര്യം അറിയിച്ചത്. ഇറാൻ വിദേശകാര്യ മന്ത്രി ഹുസൈൻ അമീർ അബ്ദുള്ളാഹിനുമായി സംസാരിച്ചുവെന്നും 17 ഇന്ത്യൻ ജീവനക്കാരെ മോചിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുവെന്നും എസ്. ജയശങ്കർ പറഞ്ഞിരുന്നു. മേഖലയിൽ സംഘർഷം മൂർഛിക്കാതെ ശ്രദ്ധിക്കണമെന്ന് ആവശ്യപ്പെട്ടുവെന്നും അദ്ദേഹം പറഞ്ഞു.

തൃശൂർ സ്വദേശിയായ ആൻ ടെസ്സ ജോസഫ്, കോഴിക്കോട് രാമനാട്ടുകര സ്വദേശി ശ്യാംനാഥ് തേലംപറമ്പത്ത്, പാലക്കാട് സ്വദേശി സുമേഷ്, വയനാട് സ്വദേശി പി.വി. ധനേഷ് എന്നിവരാണ് കപ്പലിലുള്ള മലയാളികൾ.

# ഇറ്റലിയിൽ മലയിടുക്കിൽ കുടുങ്ങിയ മലയാളി യുവാവിനെ രക്ഷിച്ചു

കൊച്ചി: ഇറ്റലിയിൽ മഞ്ഞുമലയിലെ മലയിടുക്കിൽ കുടുങ്ങിയ മലയാളി യുവാവിനെ ഇറ്റാലിയൻ വ്യോമസേന രക്ഷിച്ചു. സമുദ്രനിരപ്പിൽ നിന്നും 2400 മീറ്റർ ഉയരമുള്ള മലയിൽ ഇറ്റാലിയൻ സുഹൃത്തുമൊത്ത് ട്രക്കിങ്ങിനു പോയ മലയാളി യുവാവാണ് അപകടത്തിൽപ്പെട്ടത്. കാലടി കാഞ്ഞൂർ സ്വദേശി അനൂപ് കോഴിക്കോടനെ അത്ഭുതകരമായാണ് വ്യോമസേന രക്ഷപ്പെടുത്തിയത്. റോമിനു സമീപമുള്ള അബ്രൂസേയിലെ മയിയേല എന്ന സ്ഥലത്തായിരുന്നു അപകടം.

ട്രക്കിങ്ങിനിടെ അനൂപ് കാൽതെറ്റി മലയുടെ ചരിവിലേക്ക് വീണു. പിന്നാലെ ശരീരം മഞ്ഞിൽ പുതഞ്ഞുപോവുകയായിരുന്നു. രക്ഷാപ്രവർത്തനത്തിനുള്ള ശ്രമം തുടങ്ങിയെങ്കിലും രാത്രിയായതോടെ രക്ഷാപ്രവർത്തനം ഉപേക്ഷിക്കുകയായിരുന്നു. പിന്നാലെ വ്യോമസേനയുടെ രാത്രി പറക്കാൻ കഴിവുള്ള ഹെലികോപ്റ്റർ സംഭവസ്ഥലത്തെത്തി. അതിശൈത്യത്തിൽ രക്ഷാപ്രവർത്തനം ദുഷ്കരമായിരുന്നെങ്കിലും വ്യോമസേന ഉദ്യോഗസ്ഥർ തങ്ങളുടെ ദൗത്യം വിജയകരമായി പൂർത്തിയാക്കുകയായിരുന്നു. തന്റെ ജീവൻ രക്ഷിക്കാൻ സഹായിച്ച എല്ലാവരോടും അനൂപ് നന്ദി പറഞ്ഞു.

## ബിൽഗേറ്റ്സ് – മോദി അഭിമുഖം:

# സംപ്രേഷണം തെരഞ്ഞെടുപ്പ് കമ്മീഷൻ തടഞ്ഞു

ന്യൂഡൽഹി: മൈക്രോസോഫ്റ്റ് സ്ഥാപകൻ ബിൽഗേറ്റ്സുമായി പ്രധാനമന്ത്രി നരേന്ദ്രമോദി നടത്തിയ അഭിമുഖം പൂർണരൂപത്തിൽ സംപ്രേഷണം ചെയ്യുന്നത് തടഞ്ഞ് തെരഞ്ഞെടുപ്പ് കമ്മീഷൻ. മാതൃകാ പെരുമാറ്റച്ചട്ടങ്ങൾ നിലനിൽക്കുന്ന സാഹചര്യത്തിൽ അഭിമുഖം സംപ്രേഷണം ചെയ്യുന്നത് ചട്ടലംഘനമാകുമെന്ന് ചൂണ്ടിക്കാട്ടിയാണ് തെരഞ്ഞെടുപ്പ് കമ്മീഷൻ അനൗദ്യോഗികമായി ദൂരദർശന് സംപ്രേഷണാനുമതി നിഷേധിച്ചത്.

മാർച്ച് 29-ന് മോദിയും ബിൽഗേറ്റ്സും ഡൽഹിയിൽ നടത്തിയ സംഭാഷണത്തിന്റെ വീഡിയോ ദൃശ്യങ്ങൾ സാമൂഹിക മാധ്യമങ്ങളിൽ പോസ്റ്റ്ചെയ്തിരുന്നു. സ്വകാര്യ സാറ്റലൈറ്റ്, യൂട്യൂബ് ചാനലുകളും ദൂരദർശനും ആകാശവാണിയും ചില ഭാഗങ്ങൾ സംപ്രേഷണം ചെയ്തു. അഭിമുഖത്തിന്റെ പൂർണരൂപം സംപ്രേഷണംചെയ്യാൻ തെരഞ്ഞെടുപ്പ് കമ്മീഷന്റെ അനുമതി പ്രസാർ ഭാരതി തേടിയപ്പോഴാണ് തെരഞ്ഞെടുപ്പ് കമ്മീഷന്റെ ഇടപെടൽ.

45 മിനിറ്റുള്ള അഭിമുഖം സംപ്രേഷണംചെയ്യാൻ അനുമതി ആവശ്യപ്പെട്ട് ദൂരദർശൻ തെരഞ്ഞെടുപ്പ് കമ്മീഷന് ഇ-മെയിൽ അയച്ചിരുന്നു. അഭിമുഖം സംപ്രേഷണം ചെയ്യുന്നത് തെരഞ്ഞെടുപ്പുകാലത്ത്, എല്ലാവർക്കും തുല്യാവസരം ഉറപ്പാക്കണമെന്ന തത്ത്വത്തിന്റെ ലംഘനമാകുമെന്ന് ചൂണ്ടിക്കാട്ടി കമ്മീഷൻ അനുമതി റദ്ദാക്കി.

# രണ്ട് ലക്ഷത്തിലധികം അക്കൗണ്ടുകൾക്ക് വിലക്കേർപ്പെടുത്തി എക്സ്


ന്യൂഡൽഹി: ഇന്ത്യയിൽ നിന്നുള്ള രണ്ട് ലക്ഷത്തിലധികം അക്കൗണ്ടുകൾക്ക് വിലക്കേർപ്പെടുത്തി ശതകോടീശ്വരൻ ഇലോൺ മസ്കിന്റെ ഉടമസ്ഥതയിലുള്ള സമൂഹമാധ്യമമായ എക്സ്. ഭീകരവാദവും അശ്ലീലതയും പ്രോത്സാഹിപ്പിക്കുന്ന അക്കൗണ്ടുകൾ ഉൾപ്പടെയുള്ളവയ്ക്കെതിരെയാണ് നടപടി. ഫെബ്രുവരി 26-നും മാർച്ച് 25-നുമിടയിലുള്ള ഒരു മാസത്തിനിടെ 2,12,627 അക്കൗണ്ടുകൾക്കാണ് വിലക്കേർപ്പെടുത്തിയത്. ഐടി നിയമം അനുസരിച്ചു പുറത്തിറക്കിയ പ്രതിമാസ റിപ്പോർട്ടിലാണ് എക്സ് വിശദാംശങ്ങൾ പുറത്തുവിട്ടത്.

ഭീകരവാദം പ്രോത്സാഹിപ്പിക്കുന്നതിനായി ഉപയോഗിച്ചിരുന്ന 1235 അക്കൗണ്ടുകളാണ് പ്ലാറ്റ്ഫോം നീക്കം ചെയ്തത്. കുട്ടികളുടെ ലൈംഗികത ഉൾക്കൊള്ളുന്ന 183 അക്കൗണ്ടുകളും നീക്കം ചെയ്തവയിലുണ്ട്. പരാതി പരിഹാര സംവിധാനങ്ങൾ വഴി ഒരു മാസത്തിനിടെ ഇന്ത്യയിലെ ഉപയോക്താക്കളിൽ നിന്ന് 5,158 പരാതികൾ ലഭിച്ചതായും എക്സ് പറയുന്നു. പരാതികൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 86 അക്കൗണ്ടുകൾക്ക് വിലക്ക് ഏർപ്പെടുത്തി. അങ്ങനെ വിലക്ക് ഏർപ്പെടുത്തിയ അക്കൗണ്ടുകളിൽ ഏഴെണ്ണം പിന്നീട് നടത്തിയ വിലയിരുത്തലുകൾക്കുശേഷം പുനഃസ്ഥാപിച്ചു. പരാതികളിൽ 3074 എണ്ണം വിലക്ക് നീക്കാൻ ആവശ്യപ്പെട്ടുള്ളതായിരുന്നു. 953 എണ്ണം അശ്ലീല ഉള്ളടക്കങ്ങളെക്കുറിച്ചുള്ള പരാതിയായിരുന്നു. 412 എണ്ണം വിദ്വേഷപ്രചാരണം സംബന്ധിച്ചും 359 എണ്ണം ചൂഷണം, ഉപദ്രവം എന്നിവയുമായി ബന്ധപ്പെട്ടുള്ളതുമായിരുന്നു.

# കപിൽ സിബലിന് കേരളം 90.5 ലക്ഷം നൽകി

തിരുവനന്തപുരം: കടമെടുപ്പു പരിധി ഉയർത്തണമെന്നാവശ്യപ്പെട്ട് കേന്ദ്രസർക്കാരിനെതിരെ കേരളത്തിനുവേണ്ടി സുപ്രീംകോടതിയിൽ ഹാജരായ മുതിർന്ന അഭിഭാഷകൻ കപിൽ സിബലിന് 90.5 ലക്ഷം രൂപ അനുവദിച്ച് സർക്കാർ. കടമെടുപ്പിന്റെ പരിധി ഉയർത്താൻ സുപ്രീംകോടതി അനുമതി നൽകിയില്ലെങ്കിലും വക്കീൽ ഫീസ് ഇനത്തിൽ കപിൽ സിബലിന് ഇനിയും തുക നൽകുമ്പോൾ കോടികൾ കവിയും.

വായ്പാപരിധി ഉയർത്തണമെന്നാവശ്യപ്പെട്ട് കഴിഞ്ഞ ഫെബ്രുവരി 13-നു സുപ്രീംകോടതിയിൽ ഹാജരായ കപിൽ സിബലിന് 15.5 ലക്ഷം രൂപ അനുവദിച്ച് ഈയിടെ നിയമവകുപ്പ് ഉത്തരവിറക്കി. കടമെടുപ്പു കേസിൽ സുപ്രീംകോടതിയിൽ നേരത്തേ ഹാജരായതിനും നിയമോപദേശത്തിനുമായി 75 ലക്ഷം കപിൽ സിബലിന് അനുവദിച്ച് കഴിഞ്ഞ മാർച്ച് നാലിന് ഉത്തരവിറക്കിയിരുന്നു. 2023 സെപ്റ്റംബർ ഒൻപതു മുതൽ കഴിഞ്ഞ ജനുവരി 23 വരെ കേരളത്തിനായി സുപ്രീംകോടതിയിൽ ഹാജരായതിനാണ് തുക അനുവദിച്ചത്.കടമെടുപ്പു കേസിൽ ഫീസായി കപിൽ സിബലിനും സംഘത്തിനും 2.50 കോടി രൂപയെങ്കിലും നൽകേണ്ടിവരുമെന്നാണ് നിയമവകുപ്പ് കണക്കാക്കുന്നത്.



1.60 കോടി രൂപ കൂടി ഫീസ് ഇനത്തിൽ കപിൽ സിബലിന് നൽകാനുണ്ട്. സുപ്രീംകോടതിയിൽ ഒരു തവണ ഹാജരാകുന്നതിന് 15.50 ലക്ഷം മുതൽ 25 ലക്ഷം രൂപ വരെയാണ് കപിൽ സിബലിന്റെ ഫീസ്.


കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXII
Number 16
April 19, 2024

*Chief Editor*
K.M. Eapen
*Executive Editor*
Jose Kaniyaly
*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen
*Circulation Manager*
Ajith Eapen
*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza
*Manager*
K.M. Thimothy
*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel
*News Editor*
Mini Mani
*Graphics*
Samuel Mani
*Consultant Editor*
Prof. Babu Poozhikunnel
*Special Correspondent*
Anil Pennukkara

KERALA EXPRESS (USPS 011-008)
is published Weekly for $54.00 per year
by Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

**Periodicals Postage Paid Chicago, Illinois and additional mailing offices**

**POST MASTER:**
Send Address Changes to
Kerala Express, Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.



DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.


**മഹദ്വചനം**

പഠിക്കപ്പെടുന്ന ഓരോ വസ്തുതയും മറ്റു വസ്തുതകളുടെ താക്കോലായിത്തീരുന്നു.

**എഡ്വേർഡ് യോൺമേസ**

ചെയ്യാവുന്നതിൽ ഏറ്റവും നല്ലത് ഇന്നു തന്നെ ചെയ്യുക. നാളെ അതിലും നല്ലതു ചെയ്യുവാൻ കഴിയും.

**ഐസക് ന്യൂട്ടൺ**






Michael Crifase Steve Crifase

LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™

## Trusted Representation
## Achieves Aggressive Financial Results

- Over $ 50M Recovered and Collected For Our Clients
- Top AV Peer Review Rated Since 1991 For Pre-eminent Legal Ability and Professional Ethics
- Free Confidential Consultation On All Matters Home Visits Available
- Personal Injuries-Wrongful Death - Work Injuries

Your call is Always Welcome

# Crifase Law Firm
## Michael Crifase and Steven Crifase

Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, IL 60603
312-855-0511

**Serious Lawyers For Serious Cases**
**Call Today To See What Your Case Is Really Worth**
**Recent Financial Recoveries**
**For Our Clients And Their Families**

| | |
|---|---|
| $1,500,000.00 | Jury Verdict Car Crash Neck Injury |
| $5,000,000.00 | Car Crash – Brain Injury |
| $700,000.00 | Medical Malpractice Stillborn Baby |
| $1,500,000.00 | Wrongful Death – Car Crash |
| $750,000.00 | Medical Malpractice – Fetal Injury |
| $600,000.00 | Medical Malpractice – Fetal Injury |
| $200,000.00 | Work Injury – Shoulder Surgery |
| $149,000.00 | Slip and Fall – Knee Injury |
| $239,000.00 | Work Injury – Shoulder Surgery |
| $190,000.00 | Car Crash – Back Injury |
| $338,000.00 | Work Injury – Shoulder/Wrist Surgery |

**We Want A Long Term Relationship With You**

Steve Crifase
http://www.crifaselaw.com/
Steve@CrifaseLaw.com
Michael@CrifaseLaw.com
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago IL 60603

Phone: (312) 855-0511,
Fax: (312) 855- 0537

BBB A+ Rating Better Business Bureau
AV PREEMINENT® Peer Rated for Highest Level of Professional Excellence 2018

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

# സ്ഥാനാർത്ഥി എല്ലാ സ്വത്തും പരസ്യപ്പെടുത്തേണ്ടതില്ല: സുപ്രീംകോടതി

ന്യൂഡൽഹി: തെരഞ്ഞെടുപ്പിൽ മത്സരിക്കുന്ന സ്ഥാനാർത്ഥികൾ വലിയ അളവിലുള്ള സ്വത്തുക്കൾക്കപ്പുറം കൈമാറാൻ സാധിക്കുന്ന (ജംഗമ) സ്വത്തുക്കളുടെ വിവരങ്ങൾ സത്യവാങ്മൂലത്തിൽ നിർബന്ധമായും രേഖപ്പെടുത്തേണ്ടതില്ലെന്നു സുപ്രീംകോടതി. അരുണാചൽപ്രദേശിലെ നിയമസഭാ തെരഞ്ഞെടുപ്പിൽ വിജയിച്ച സ്വതന്ത്ര എംഎൽഎ കരിഖോ ക്രിയുടെ തെരഞ്ഞെടുപ്പ് ശരിവെച്ചാണ് സുപ്രീംകോടതിയുടെ നിർണായക ഉത്തരവ്. 2019-ൽ തെസു നിയോജകമണ്ഡലത്തിൽനിന്നു തെരഞ്ഞെടുക്കപ്പെട്ട കരിഖോ തെരഞ്ഞെടുപ്പ് പത്രികയിൽ സ്വത്തുവിവര കണക്കുകൾ തെറ്റായി കാണിച്ചുവെന്ന കാരണത്താൽ തെരഞ്ഞെടുപ്പ് റദ്ദാക്കണമെന്നാവശ്യപ്പെട്ടു സമർപ്പിച്ച ഹർജിയിലാണ് കോടതിയുടെ പ്രതികരണം. ഗോഹട്ടി ഹൈക്കോടതി തെരഞ്ഞെടുപ്പ് നേരത്തെ റദ്ദ് ചെയ്തിരുന്നു. എന്നാൽ തെരഞ്ഞെടുപ്പ് റദ്ദാക്കാൻ സാധിക്കില്ലെന്നും എംഎൽഎ സ്ഥാനത്തു തുടരാൻ കരിഖോയ്ക്ക് അവകാശമുണ്ടെന്നും ഗോഹട്ടി ഹൈക്കോടതിയുടെ ഉത്തരവ് റദ്ദ് ചെയ്ത് സുപ്രീംകോടതി വ്യക്തമാക്കി.

ജസ്റ്റിസുമാരായ അനിരുദ്ധ് ബോസ്, സഞ്ജയ് കുമാർ എന്നിവരുൾപ്പെട്ട ബെഞ്ചാണ് കേസ് പരിഗണിച്ചു വിധി പ്രസ്താവിച്ചത്. കരിഖോ തന്റെ ഭാര്യയുടെയും മകന്റെയും പേരിലുള്ള മൂന്നു വാഹനങ്ങളുടെ കാര്യം തെരഞ്ഞെടുപ്പിനു മുന്നോടിയായി സ്വത്തുവിവരങ്ങൾ വെളിപ്പെടുത്തി സമർപ്പിച്ച സത്യവാങ്മൂലത്തിൽ നൽകിയില്ല എന്നാരോപിച്ചു തെസുവിലെ കോൺഗ്രസ് സ്ഥാനാർത്ഥി നുനെയ് തയാങ് ഗോഹട്ടി ഹൈക്കോടതിയെ സമീപിക്കുകയും സത്യവാങ്മൂലത്തിൽ അനിശ്ചിതത്വം ഉണ്ടെന്നു കാണിച്ച് കോടതി തെരഞ്ഞെടുപ്പ് റദ്ദാക്കുകയുമായിരുന്നു.



എന്നാൽ, ഹൈക്കോടതിയുടെ ഈ വിധി തള്ളിക്കൊണ്ടാണ് സുപ്രീംകോടതി ഉത്തരവ് പുറപ്പെടുവിച്ചത്. സ്ഥാനാർത്ഥിയുടെ മുഴുവൻ സ്വത്തിനെക്കുറിച്ചും വോട്ടർ അറിയേണ്ട കാര്യമില്ലെന്നും നാമനിർദേശ പത്രിക സമർപ്പിക്കുന്നതിനു മുമ്പ് സമ്മാനമായി മറ്റാർക്കെങ്കിലും നൽകുകയോ വിൽക്കുകയോ ചെയ്ത വസ്തുക്കൾ ഒരാളുടെ സമ്പാദ്യമായി ആരോപിക്കാൻ കഴിയില്ലെന്നും കോടതി നിരീക്ഷിച്ചു. ജനപ്രാതിനിധ്യ നിയമം അനുച്ഛേദം 123 (2) പ്രകാരം ഇതു സ്വത്ത് മറച്ചുവെക്കലായി കണക്കാക്കാൻ സാധിക്കില്ലെന്നും കോടതി പറഞ്ഞു.

## ജനവിധിയെ മാനിക്കുന്ന കോടതിവിധി

തൃപ്പൂണിത്തുറ നിയമസഭാ മണ്ഡലത്തിൽനിന്നു കോൺഗ്രസ് സ്ഥാനാർത്ഥി കെ. ബാബു തെരഞ്ഞെടുക്കപ്പെട്ടതു ചോദ്യംചെയ്ത് സിപിഎം നേതാവ് എം. സ്വരാജ് നൽകിയ ഹർജി ഹൈക്കോടതി തള്ളി. കെ. ബാബു നിയമസഭാംഗമായി തുടരും. മതത്തെയും വിശ്വാസത്തെയും ദുരുപയോഗം ചെയ്തും മതചിഹ്നങ്ങൾ ഉപയോഗിച്ചും കെ. ബാബു വോട്ടുതേടിയെന്നും അതിനാൽ തെരഞ്ഞെടുപ്പ് ഫലം അസാധുവാക്കി തന്നെ വിജയിയായി പ്രഖ്യാപിക്കണമെന്നായിരുന്നു എതിർസ്ഥാനാർത്ഥിയായിരുന്ന എം. സ്വരാജിന്റെ ആവശ്യം. കെ. ബാബു വോട്ടർമാർക്കു നൽകിയ സ്ലിപ്പിൽ ശബരിമല അയ്യപ്പന്റെ ചിത്രം ചേർത്തിരുന്നെന്നും ആരോപിച്ചിരുന്നു. കോടതി വിധി കെ. ബാബുവിന് ആശ്വാസവും ലോക്സഭാ തെരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ യുഡിഎഫിന് കൂടുതൽ ആവേശം പകരുന്നതുമായി. ആർക്ക് വോട്ട് ചെയ്യണമെന്നത് ഓരോരുത്തരുടെയും സ്വാതന്ത്ര്യമാണെന്നിരിക്കെ അതിനെ നിയമവിധേയമല്ലാത്ത രീതിയിൽ സ്വാധീനിക്കാനുള്ള ശ്രമങ്ങൾ ചെറുക്കപ്പെടേണ്ടതാണ്. തെറ്റായതും അനാവശ്യവുമായ ആരോപണങ്ങളും ജനാധിപത്യത്തിനു കരുത്താകില്ല. ഈയൊരു സാഹചര്യത്തിലാണ് തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ട ലംഘന കേസിൽ കെ. ബാബു എംഎൽഎയ്ക്ക് അനുകൂലമായ ഹൈക്കോടതി വിധി ശ്രദ്ധേയമാകുന്നത്.

കെ. ബാബുവിന് തൃപ്പൂണിത്തുറയിലെ ജനങ്ങൾ നൽകിയ വിജയം നിയമയുദ്ധത്തിലൂടെ അസാധുവാക്കാൻ എൽഡിഎഫിനു കഴിയാതെപോയി. 2021-ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ 992 വോട്ടിന്റെ ഭൂരിപക്ഷത്തിലായിരുന്നു ബാബുവിന്റെ തെരഞ്ഞെടുപ്പ്. ശബരിമല സ്ത്രീ പ്രവേശന വിഷയം കത്തിനിന്ന തെരഞ്ഞെടുപ്പിൽ അയ്യപ്പനെ മുൻനിർത്തിയാണ് കെ. ബാബു പ്രചാരണം നയിച്ചതെന്നു ചൂണ്ടിക്കാട്ടിയായിരുന്നു എതിർ സ്ഥാനാർത്ഥി സിപിഎമ്മിന്റെ എം. സ്വരാജ് കോടതിയെ സമീപിച്ചത്. കെ. ബാബുവിനായി വോട്ടർമാർക്ക് നൽകിയ സ്ലിപ്പിൽ ശബരിമല അയ്യപ്പന്റെ ചിത്രം അടക്കം ഉപയോഗിച്ചതായി ചൂണ്ടിക്കാട്ടിയായിരുന്നു തെരഞ്ഞെടുപ്പ് ഫലം അസാധുവാക്കണമെന്ന് ആവശ്യപ്പെട്ടത്. തെരഞ്ഞെടുപ്പ് പ്രചാരണത്തിലും അയ്യപ്പനെയും മതത്തെയും വിശ്വാസത്തെയും ബാബു ദുരുപയോഗം ചെയ്തതായി ആരോപിക്കപ്പെട്ടു. തുടർന്ന് സ്വരാജിന്റെ ഹർജി തള്ളണമെന്ന് ആവശ്യപ്പെട്ട് ബാബു സുപ്രീംകോടതിയെ സമീപിച്ചെങ്കിലും സ്വീകരിക്കപ്പെട്ടില്ല. ഹൈക്കോടതിയിലുള്ള ഹർജിയിൽ നടപടി തുടരുകയും അന്തിമ വിധി ബാബുവിന് അനുകൂലമാകുകയും ചെയ്തിരിക്കുകയാണിപ്പോൾ. ജനപ്രാതിനിധ്യ നിയമത്തിലെ സെക്ഷൻ 98 പ്രകാരം മൂന്നുതരം വിധികൾക്കു സാധ്യതയുണ്ടായിരുന്നു. ഹർജി തള്ളുകയോ, ഹർജി സ്വീകരിച്ച് തെരഞ്ഞെടുപ്പ് ഫലം അസാധുവാക്കുകയോ, തെരഞ്ഞെടുപ്പ് ഫലം അസാധുവാക്കുന്നതിനൊപ്പം എതിരാളിയെ വിജയിയായി പ്രഖ്യാപിക്കുകയോ ചെയ്യാനുള്ള സാധ്യത നിലനിൽക്കേയാണ് സ്വരാജിനു തിരിച്ചടി നേരിടേണ്ടിവന്നത്. പോലീസിന് നൽകിയ പരാതിയിൽ സ്ലിപ്പിൽ 'അയ്യപ്പന് ഒരു വോട്ട്' എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെന്നാണ് എഴുതിയിരുന്നത്. എന്നാൽ സ്ലിപ്പിൽ അച്ചടിച്ചിരുന്നത് നിങ്ങളുടെ വോട്ട് അയ്യപ്പന് എന്നായിരുന്നു. ഇതു പരാതി എഴുതിയപ്പോൾ സംഭവിച്ച തെറ്റായി കരുതാമെങ്കിൽ അയ്യപ്പന്റെ ചിത്രം അച്ചടിച്ചിട്ടുള്ളതിനെക്കുറിച്ച് പറയാത്തത് വീഴ്ചയായി കോടതി ചൂണ്ടിക്കാട്ടി.

25 വർഷം തുടർച്ചയായി കെ. ബാബു തൃപ്പൂണിത്തുറ എംഎൽഎയായി പ്രവർത്തിച്ചിട്ടുണ്ട്. ബാർകോഴ വിവാദം ആഞ്ഞടിച്ച 2016-ലെ തെരഞ്ഞെടുപ്പിൽ 4471 വോട്ടിനു ബാബുവിനെ തോൽപ്പിച്ച് ആദ്യമായി സ്വരാജ് തൃപ്പൂണിത്തുറയുടെ ജനപ്രതിനിധിയായി. സീറ്റ് നിലനിർത്താനിറങ്ങിയ സ്വരാജിനു പക്ഷേ അടുത്ത തെരഞ്ഞെടുപ്പിലെ ഇഞ്ചോടിഞ്ച് പോരാട്ടത്തിൽ കാലിടറി. ജനങ്ങൾ വീണ്ടും നൽകിയ വിജയം കോടതിയിലൂടെ ഉറപ്പിച്ചുകിട്ടിയ ആഹ്ലാദത്തിലാണ് ബാബു. കേസിലെ വിധിപോലെതന്നെ ബാബുവിന്റെയും സ്വരാജിന്റെയും തുടർന്നുള്ള പ്രതികരണങ്ങളും ശ്രദ്ധേയമാണ്. വിധി ചോദ്യം ചെയ്യപ്പെടേണ്ടതാണെന്ന നിലപാടാണ് സ്വരാജ് സ്വീകരിച്ചിരിക്കുന്നത്. നാളെ വിശ്വാസികൾക്കിടയിൽ അവർ ആരാധിക്കുന്ന ദൈവങ്ങളുടെ ചിത്രങ്ങളും ബിംബങ്ങളും സ്ലിപ്പിൽ അച്ചടിച്ച് വീടുവീടാന്തരം കയറി കൊടുത്താലും അതൊന്നും പ്രശ്നമല്ലെന്ന തോന്നലും സന്ദേശവും നൽകുന്ന വിധിയാണുണ്ടായതെന്ന് സ്വരാജ് ആരോപിച്ചു. കോടതി വിധിയുടെ പശ്ചാത്തലത്തിൽ ഇനിയെങ്കിലും എതിരാളികൾ ജനവിധി മാനിക്കണമെന്ന് ബാബു അഭിപ്രായപ്പെട്ടു. കെ. ബാബുവിന്റെ എംഎൽഎ സ്ഥാനത്തിന് ഇളക്കം ഉണ്ടായില്ലെങ്കിലും ജനപ്രാതിനിധ്യ നിയമത്തെ അട്ടിമറിക്കുന്നതും തെരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടം ലംഘിക്കുന്നതുമായ പ്രചാരണങ്ങൾ പാടില്ലെന്ന സന്ദേശം ഓർമിപ്പിക്കാൻ കോടതിവിധി തീർച്ചയായും ഇടവരുത്തും. ജനവിധിയെ കോടതിയിലൂടെ ചോദ്യംചെയ്ത് അട്ടിമറിക്കാൻ ശ്രമിക്കുന്നവർക്കുള്ള താക്കീതുമുണ്ട്. അത്തരം സമീപനങ്ങൾ പുലർത്തുന്ന സ്ഥാനാർത്ഥികൾക്ക് തങ്ങളുടെ സമ്മതിദാനാവകാശത്തിലൂടെ മറുപടി നൽകേണ്ടതു വോട്ടർമാരുടെ ഉത്തരവാദിത്വമാണ്. എങ്കിൽ മാത്രമേ നാടിന്റെ ജനാധിപത്യം സംരക്ഷിക്കപ്പെടുകയുള്ളൂ. തെറ്റായ ആരോപണങ്ങളിലൂടെ ജനവിധിയെ മാനിക്കാതിരിക്കുന്നത് അംഗീകരിക്കാനാകില്ല.

### നടിയെ പീഡിപ്പിച്ച കേസ്: സാക്ഷിമൊഴികളുടെ പകർപ്പ് അതിജീവിതയ്ക്കു നൽകാൻ ഉത്തരവ്

# പെൻഡ്രൈവ് പുറത്തുപോയത് ഗൗരവതരം

കൊച്ചി: നടിയെ ആക്രമിച്ച കേസിലെ മെമ്മറി കാർഡ് അനധികൃതമായി പരിശോധിച്ചതു സംബന്ധിച്ച അന്വേഷണത്തിലെ സാക്ഷിമൊഴികളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് അതിജീവിതയ്ക്കു നൽകാൻ ഹൈക്കോടതി ഉത്തരവ്. നടിയ ആക്രമിക്കുന്ന ദൃശ്യങ്ങളടങ്ങിയ മെമ്മറി കാർഡ് അനധികൃതമായി പരിശോധിച്ചതിൽ ഹൈക്കോടതിയുടെ മേൽനോട്ടത്തിൽ പ്രത്യേക പോലീസ് സംഘം അന്വേഷിക്കണമെന്നാവശ്യപ്പെട്ട് അതിജീവിത നൽകിയ ഹർജിയാണ് ജസ്റ്റിസ് കെ. ബാബു പരിഗണിച്ചത്.

സെഷൻസ് ജഡ്ജിയുടെ അന്വേഷണം ശരിയായ രീതിയിലല്ലെന്നും നടപടിക്രമങ്ങൾ പാലിച്ചല്ല അന്വേഷണം നടത്തിയതെന്നും അതിജീവിതയ്ക്കുവേണ്ടി ഹാജരായ സുപ്രീംകോടതി അഭിഭാഷകൻ അഡ്വ. ഗൗരവ് അഗർവാൾ കോടതിയെ അറിയിച്ചു. ഇൻകാമറ നടപടികളിലൂടെ അന്വേഷണം നടത്തിയെന്നും അന്വേഷണം വേണമെന്നത് മൗലികാവകാശമാണെന്നും അദ്ദേഹം വാദമുന്നയിച്ചു.

സാക്ഷിമൊഴികളുടെ പകർപ്പ് അതിജീവിതയ്ക്കു നൽകാതിരിക്കാനാകില്ലെന്നു വ്യക്തമാക്കിയ കോടതി, ഹർജി നിലനിൽക്കുമോയെന്ന കാര്യത്തിൽ പിന്നീട് വാദം കേൾക്കാമെന്നു വ്യക്തമാക്കി. ഹർജി വീണ്ടും മെയ് 30-ന് പരിഗണിക്കാൻ മാറ്റി.

മെമ്മറി കാർഡ് പരിശോധിച്ചതിൽ ജില്ലാ പ്രിൻസിപ്പൽ സെഷൻസ് കോടതി ജഡ്ജി ഹണി എം. വർഗീസ് നൽകിയിരിക്കുന്ന റിപ്പോർട്ട് പ്രതിഭാഗത്തിന് സഹായകരമാണ് എന്നതടക്കമുള്ള ആരോപണമുന്നയിച്ചാണ് ഹർജി. 2018 ജനുവരി ഒമ്പതിന് അങ്കമാലി മജിസ്ട്രേറ്റായിരുന്ന ലീന റഷീദാണു പരിശോധിച്ചത്. 2018 ഡിസംബർ 13-ന് ജില്ലാ സെഷൻസ് കോടതിയിലെ സീനിയർ ക്ലർക്ക് മഹേഷ് മോഹനാണു പരിശോധിച്ചത്. കോടതിയുടെ അനുമതിയോടെയായിരുന്നു ഇത്. അതിനാൽ ഈ രണ്ടു പരിശോധനകളിലും തെറ്റില്ലെന്നാണ് റിപ്പോർട്ട്. എന്നാൽ 2021 ജൂലൈ 19-ന് മെമ്മറി കാർഡ് പരിശോധിച്ചത് എറണാകുളം സിബിഐ പ്രത്യേക കോടതിയിലെ ശിരസ്തദാർ താജുദ്ദീനാണ്. വിവോ ഫോൺ ഉപയോഗിച്ചു നടത്തിയ ഈ പരിശോധന അനധികൃതമായിരുന്നുവെന്നും റിപ്പോർട്ടിലുണ്ട്. മാർച്ച് 15-ന് എട്ടാം പ്രതി ദിലീപിന്റെ സാന്നിധ്യത്തിൽ രണ്ട് അഭിഭാഷകർ കോടതി ചേംബറിൽവെച്ച് അങ്കമാലി മജിസ്ട്രേട്ടിന്റെ ലാപ്ടോപ്പിൽ പീഡനദൃശ്യങ്ങൾ കണ്ടു വിവരങ്ങൾ കുറിച്ചെടുത്തതായി അന്നത്തെ എപിപിയുടെ മൊഴിയുണ്ട്.

എന്നാൽ, നിലവിൽ തുടർനടപടികൾ ആവശ്യമില്ലെന്നും കേസിന്റെ വിചാരണ പൂർത്തിയായശേഷം തുടർനടപടികൾ മതിയെന്നുമാണ് റിപ്പോർട്ടിൽ പറയുന്നതെന്നുമാണ് ഹർജിയിലെ ആരോപണം.

## പ്രതിപക്ഷ നേതാക്കളുടെ അറസ്റ്റ് വ്യക്തമാകുന്നത് ബിജെപിയുടെ ഭയം: ഖാർഗെ

ന്യൂഡൽഹി: ഭൂരിപക്ഷം ലഭിക്കുമെന്ന് ബിജെപിക്ക് ആത്മവിശ്വാസമില്ല. ഉണ്ടായിരുന്നെങ്കിൽ അവർ പ്രതിപക്ഷ നേതാക്കളെ അറസ്റ്റ് ചെയ്യില്ലായിരുന്നു. ഹിമാചലിലും ബിഹാറിലുമുള്ള സർക്കാരുകളെ അസ്ഥിരപ്പെടുത്തില്ലായിരുന്നു - കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ പറഞ്ഞു. ഇത്തവണത്തെ ലോക്സഭാ തെരഞ്ഞെടുപ്പിലെ പോരാട്ടം പ്രധാനമന്ത്രി നരേന്ദ്ര മോദിയും ഇന്ത്യയിലെ സാധാരണ ജനങ്ങളും തമ്മിലാണ്.

ഇത്തവണ എൻഡിഎ 400 കടക്കുമെന്ന അവകാശവാദത്തോട് പ്രതികരിച്ച ഖാർഗെ ആർഎസ്എസ് നടത്തിയ സർവേ പ്രകാരം ബിജെപി 200 സീറ്റ് പോലും നേടില്ലെന്നും, 2004-ൽ ബിജെപി 'ഇന്ത്യ തിളങ്ങുന്നു'വെന്ന് അവകാശപ്പെട്ട് ഉയർത്തിയ മുദ്രാവാക്യത്തിന്റെ ഗതിയായിരിക്കും ഇത്തവണയും ഉണ്ടാകുകയെന്നും പറഞ്ഞു.

ബിഹാർ, യുപി അടക്കമുള്ള സംസ്ഥാനങ്ങളിൽ ശക്തമായ പോരാട്ടം കാഴ്ചവെച്ച് ഭൂരിഭാഗം സീറ്റുകൾ നേടി ഇന്ത്യാസഖ്യം അധികാരത്തിലെത്തും.

കഴിഞ്ഞ 10 വർഷത്തെ മോദി ഭരണം വലിയ ദുരന്തമായിരുന്നു. 2014-നു മുൻപ് 26 കോടി ജനങ്ങളെ യുപിഎ സർക്കാർ ദാരിദ്ര്യത്തിൽനിന്നു കരകയറ്റി. ഈ സർക്കാരിന്റെ കാലത്ത് ദാരിദ്ര്യം വർധിച്ചു. 80 കോടി ജനങ്ങൾ സൗജന്യ റേഷൻ മാത്രം ആശ്രയിച്ചു കഴിയുകയാണ്. ഇന്ത്യയിലെ തൊഴിൽരഹിതരിൽ 83 ശതമാനം പേർ 34 വയസ്സിൽ താഴെയുള്ളവരാണ്.

ഇലക്ടറൽ ബോണ്ടിലൂടെ 8000 കോടിയിലേറെ രൂപ നേടിയ ബിജെപിയാണ് യഥാർത്ഥ അഴിമതിപ്പാർട്ടി. അഴിമതിയുടെ പേരിലാണ് കർണാടകയിൽ ജനം ബിജെപിയെ ഭരണത്തിൽനിന്നു പുറത്താക്കിയത്. അഴിമതിക്കേസുകളിലുൾപ്പെട്ട 25 നേതാക്കൾ ബിജെപിയിൽ ചേർന്നതായി റിപ്പോർട്ടുണ്ടായിരുന്നു. അതിനു പിന്നാലെ അവർക്കെതിരായ കേസുകൾ മാഞ്ഞുപോയി. അഴിമതിയിലുൾപ്പെട്ടവരെ മോദിയുടെയും അമിത് ഷായുടെയും 'വാഷിങ് മെഷീൻ' കഴുകി വൃത്തിയാക്കുന്നു. അവർക്കെതിരെ ശബ്ദിക്കുന്നവരെ ജയിലിലടയ്ക്കുന്നു.

മോദി സർക്കാർ മുൻപ് നൽകിയ ഏതെങ്കിലും ഗാരന്റികൾ നടപ്പായിട്ടുണ്ടോ? ഗാരന്റി എന്ന വാക്കു പോലും കോൺഗ്രസിൽനിന്നു മോദി മോഷ്ടിച്ചതാണ്. എല്ലാവർഷവും രണ്ട് കോടിയാളുകൾക്കു ജോലി നൽകുമെന്നു പറഞ്ഞു. കർഷകരുടെ വരുമാനം ഇരട്ടിപ്പിക്കൽ, 100 സ്മാർട്ട് സിറ്റികൾ. അങ്ങനെ എന്തെല്ലാം. മോദിയുടെ ഗാരന്റി എന്നാൽ നുണകളാണ്.




# INDIA PENTECOSTAL ASSEMBLY

## 544 TIPTON RD
## IRVING TX 75060

### Youth Pastor Job Summary


We are seeking a committed, spirit-filled, Youth Pastor to provide leadership and care to our church's youth ministry. The Youth Pastor will be responsible for fostering spiritual growth, planning and leading activities, and providing guidance to young people in our church. The successful candidate is a committed Christian leader who is passionate about helping young people grow in their faith.


### Youth Pastor Requirements and Qualifications

- Bachelor's or master's degree in theology, ministry, or related field from a reputed Bible college
- Minimum 2 years of experience in youth ministry and ordination preferred.
- A deep knowledge of the Bible and Christian theology
- Teach the Word of God to the youth with conviction, compassion, and care.
- Able to effectively communicate with young people, adults, and families as well as work with the Senior pastor
- Exceptional organizational, leadership skills and Fluent in English and understand Malayalam
- A passion for helping young people grow in their faith.Youth Ministry in the US preferred
- Age Between 25-40 years and married.

**Email resume to:**

**pastorsearchipa@gmail.com**



# തെരഞ്ഞെടുപ്പ് ചൂടിൽ തലസ്ഥാനം

തിരുവനന്തപുരം: തിളച്ചു മറിയുന്ന തെരഞ്ഞെടുപ്പു ചൂടിനപ്പുറം അടിയൊഴുക്കുണ്ടോ? തലസ്ഥാനത്തെ വിധിയെഴുത്തിന്റെ ഫലം കാത്തിരുന്നുതന്നെ കാണണം. ശക്തമായ ത്രികോണ മത്സരത്തിനാണു തിരുവനന്തപുരം മണ്ഡലം സാക്ഷ്യം വഹിക്കുന്നത്.

ശശി തരൂർ തന്റെ വ്യക്തിപ്രഭാവം കൊണ്ടുകൂടി ഒന്നര പതിറ്റാണ്ടായി യുഡിഎഫ് കോട്ടയാക്കി സംരക്ഷിക്കുന്ന ഇവിടെ കഴിഞ്ഞ രണ്ട് തെരഞ്ഞെടുപ്പുകളിലും ബിജെപിയാണ് രണ്ടാം സ്ഥാനത്തെത്തിയത്. എൽഡിഎഫ് മൂന്നാം സ്ഥാനത്തേക്കു പിന്തള്ളപ്പെട്ടു. കേരളത്തിൽ മറ്റൊരു മണ്ഡലത്തിലും ഈ സാഹചര്യമില്ല.

തരൂർ നാലാമത്തെ വിജയത്തിനായി മത്സരിക്കുമ്പോൾ ഒ. രാജഗോപാലും കുമ്മനം രാജശേഖരനും നേടിയ രണ്ടാം സ്ഥാനം ഒന്നാം സ്ഥാനമാക്കി മാറ്റാൻ സർവ തന്ത്രങ്ങളും പയറ്റുന്നുണ്ട് കേന്ദ്രമന്ത്രി രാജീവ് ചന്ദ്രശേഖർ. തിരുവനന്തപുരത്ത് ഏറ്റവുമൊടുവിലത്തെ എൽഡിഎഫ് വിജയത്തിന്റെ അവകാശിയായ പന്ന്യൻ രവീന്ദ്രന് തന്റെ പാർട്ടിയെയും മുന്നണിയെയും മൂന്നാം സ്ഥാനത്തിന്റെ ക്ഷീണത്തിൽനിന്നു കരകയറ്റാൻ ജയം വേണം.

നയതന്ത്രത്തിന്റെ ഉദ്യോഗപർവം താണ്ടി രാഷ്ട്രീയത്തിലെത്തിയ പാലക്കാട്ടുകാരനായ തരൂരും ബിസിനസ് തന്ത്രങ്ങളും നന്നായറിയാവുന്ന തൃശൂർ സ്വദേശി രാജീവ് ചന്ദ്രശേഖറും അടിമുടി കലർപ്പില്ലാത്ത ഇടതുപക്ഷക്കാരനായ കണ്ണൂരുകാരൻ പന്ന്യനും പാർട്ടിക്കാരല്ലാത്ത വോട്ടർമാരെയും കയ്യിലെടുക്കാൻ അസാമാന്യ മിടുക്കുള്ളവർ തന്നെയാണ്.



ശശി തരൂർ — രാജീവ് ചന്ദ്രശേഖർ — പന്ന്യൻ രവീന്ദ്രൻ

വിശ്വപൗരനെന്ന് തരൂരിനെ അനുയായികൾ വാഴ്ത്തുമ്പോൾ വിശ്വസിക്കാവുന്ന പൗരനെന്ന് പന്ന്യനെ എൽഡിഎഫ് വിശേഷിപ്പിക്കുന്നു. രാജീവ് വിശ്വാസം കാക്കുമെന്നാണ് ബിജെപിയുടെ ഉറപ്പ്.

സർക്കാർ ഉദ്യോഗസ്ഥർ ഏറെയുള്ള മണ്ഡലത്തിൽ സംസ്ഥാന ഭരണവും വിവാദങ്ങളും ചർച്ചയാണ്. നഗരവികസന പദ്ധതികൾ മുതൽ തീരദേശത്തിന്റെ വറുതി വരെ ജനകീയ വിഷയങ്ങളും സ്വാധീനിക്കുന്നു. ഹൈവേ വികസനം, വിഴിഞ്ഞം തുറമുഖം, വിമാനത്താവള വികസനം, സ്മാർട് സിറ്റി പദ്ധതി, ടെക്നോപാർക്ക് അടങ്ങുന്ന ഐടി സിറ്റി വികസനം എന്നിവയെച്ചൊല്ലിയുള്ള അവകാശവാദങ്ങളും ആരോപണങ്ങളും മൂന്നു മുന്നണികളും ഉന്നയിക്കുന്നുണ്ട്.

വിഴിഞ്ഞം തുറമുഖം എല്ലാ മുന്നണികളെയും കുഴക്കുന്ന ഇരുതല വാളാണ്. വൻ സാധ്യത തുറക്കുന്ന തുറമുഖത്തെ പിന്തുണയ്ക്കുമ്പോൾ തന്നെ തീരവാസികൾ ഉയർത്തിയ പ്രതിഷേധവും അതിനെ നേരിട്ട രീതിയും തെരഞ്ഞെടുപ്പിനെ സ്വാധീനിക്കാം. 15 വർഷം തരൂർ ഒന്നും ചെയ്തില്ലെന്ന് എൽഡിഎഫും എൻഡിഎയും ആരോപിക്കുമ്പോൾ, ചെയ്ത കാര്യങ്ങളുടെയും നടത്തിയ ഇടപെടലുകളുടെയും കൈപ്പുസ്തകം ഇറക്കിയാണ് യുഡിഎഫ് മറുപടി നൽകുന്നത്.

മുന്നണി വോട്ടുകൾക്കപ്പുറം വ്യക്തിപരമായി വോട്ട് ആകർഷിക്കാനുള്ള മിടുക്കാണ് തരൂരിന്റെ കരുത്ത്. പ്രഫഷണലുകൾക്കും യുവതലമുറയിലും തരൂർ കുത്തകയാക്കിയ ആ വോട്ട് ബാങ്ക് പൊളിക്കാൻകൂടി ലക്ഷ്യമിട്ടാണ് കേന്ദ്ര ഐടി മന്ത്രിയായ രാജീവ് ചന്ദ്രശേഖറിനെ ബിജെപി രംഗത്തിറക്കിയത്. ജയിച്ചാൽ വീണ്ടും കേന്ദ്രമന്ത്രിസ്ഥാനം ഉറപ്പെന്ന ആത്മവിശ്വാസം പ്രകടിപ്പിക്കുന്ന രാജീവിന്റെ പ്രചാരണ വാക്യം 'ഇനി കാര്യം നടക്കും' എന്നാണ്. തെരഞ്ഞെടുപ്പിനില്ലെന്ന് പ്രഖ്യാപിച്ച പന്ന്യനെ സിപിഐ നിർബന്ധിച്ച് കളത്തിലിറക്കിയതും മുന്നണിക്കതീതമായി വോട്ടു നേടാനാണ്.

തരൂർ കഴിഞ്ഞവട്ടം 99,989 വോട്ടിന് മിന്നിച്ച മണ്ഡലത്തിൽ ഇത്തവണ വിധിയെഴുതാൻ 63,008 കന്നിവോട്ടർമാരുണ്ട്. ആ യുവ ശക്തി തന്നെയാകും ഇത്തവണയും ഫലം കുറിക്കുന്നതിൽ നിർണായകം.

# ആവേശപ്പോരിൽ ആറ്റിങ്ങൽ

ആറ്റിങ്ങൽ: മുപ്പതുവർഷം ഇടതുകോട്ടയായിരുന്ന മണ്ഡലമാണ് ആറ്റിങ്ങൽ. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ അടൂർ പ്രകാശിലൂടെ കോൺഗ്രസ് മണ്ഡലം പിടിച്ചെടുത്തു. മണ്ഡലം നിലനിർത്താൻ കോൺഗ്രസിനായി സിറ്റിംഗ് എംപി അടൂർ പ്രകാശ് ഇറങ്ങുമ്പോൾ, മണ്ഡലം തിരിച്ചുപിടിക്കാൻ സിപിഎം നിയോഗിച്ചിരിക്കുന്നത് തിരുവനന്തപുരം ജില്ലാ സെക്രട്ടറികൂടിയായ വി. ജോയി എംഎൽഎയെ.


താമര വിരിയിക്കാൻ കേന്ദ്ര ആഭ്യന്തര സഹമന്ത്രി വി. മുരളീധരൻ കച്ചമുറുക്കിയിരിക്കേ ആറ്റിങ്ങലിലെ പ്രചാരണത്തിൽ ആവേശ സുനാമികൾ ആഞ്ഞടിക്കും.

കഴിഞ്ഞ തെരഞ്ഞെടുപ്പിലെ തിരിച്ചടിക്കുശേഷം നടന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ മണ്ഡലത്തിൽ ഉൾപ്പെടുന്ന ഏഴു നിയമസഭാ മണ്ഡലങ്ങളിലും വ്യക്തമായ ഭൂരിപക്ഷത്തിൽ വിജയിക്കാൻ കഴിഞ്ഞത് ഇടതുപക്ഷത്തിന്റെ ആത്മവിശ്വാസം വർധിപ്പിക്കുന്നുണ്ട്.

അതേസമയം, ശോഭാ സുരേന്ദ്രൻ 25 ശതമാനം വോട്ട് നേടി കഴിഞ്ഞതവണ നടത്തിയ വൻ മുന്നേറ്റം ആറ്റിങ്ങലിനെ ബിജെപിയുടെ എ ക്ലാസ് മണ്ഡലമാക്കി. അവിടെ എ ക്ലാസ് സ്ഥാനാർത്ഥിയെത്തന്നെ രംഗത്തിറക്കി മണ്ഡലം പിടിക്കാനാണു ബിജെപിയുടെ ശ്രമം.

കഴിഞ്ഞ അഞ്ചു വർഷത്തെ പ്രവർത്തനത്തിലൂടെ മണ്ഡലത്തിലുണ്ടാക്കിയ ബന്ധങ്ങളാണ് അടൂർ പ്രകാശിന്റെ കരുത്ത്. വർക്കലയുടെ പ്രതിനിധിയായി വി. ജോയിയും മണ്ഡലത്തിൽ സുപരിചിതൻ. സിപിഎം ജില്ലാ സെക്രട്ടറി എന്ന നിലയിലും മണ്ഡലത്തിൽ നിറഞ്ഞുനിൽക്കുന്നയാൾ. ഇവിടെ സ്ഥാനാർത്ഥിത്വം ഉറപ്പായ കേന്ദ്രമന്ത്രി വി. മുരളീധരനാകട്ടെ തെരഞ്ഞെടുപ്പു ലക്ഷ്യമിട്ട് ഒരു വർഷത്തിലേറെയായി ആറ്റിങ്ങൽ കേന്ദ്രീകരിച്ചു പ്രവർത്തിച്ചു വരികയായിരുന്നു.

കേരള രാഷ്ട്രീയത്തിലെ അതികായനായിരുന്ന ആർ. ശങ്കറിനെ വീഴ്ത്തിയ ചരിത്രമുണ്ട് ആറ്റിങ്ങലിന്റെ പൂർവരൂപമായ ചിറയൻകീഴിന്. സിപിഎമ്മിലെ കെ. അനിരുദ്ധനായിരുന്നു 1967-ലെ ലോക്സഭാ തെരഞ്ഞെടുപ്പിലെ ആ 'ജയന്റ് കില്ലർ'.



വി. ജോയി — അടൂർ പ്രകാശ് — വി. മുരളീധരൻ

വയലാർ രവിയും എ.എ. റഹീമും തലേക്കുന്നിൽ ബഷീറുമൊക്കെ പ്രതിനിധീകരിച്ച മണ്ഡലം 1989-ൽ സുശീല ഗോപാലനാണ് തലേക്കുന്നിൽ ബഷീറിൽനിന്നു പിടിച്ചെടുത്ത് ഇടതുപക്ഷത്തിന് എത്തിച്ചത്.

1996-ൽ അനിരുദ്ധന്റെ മകൻ അഡ്വ. എ. സമ്പത്ത് ചിറയൻകീഴിൽ ജനവിധി തേടിയെത്തിയപ്പോൾ മണ്ഡലം ഇരുകൈയും നീട്ടി സ്വീകരിച്ചു. തുടർന്നു മൂന്നു ടേമിൽ വർക്കല രാധാകൃഷ്ണൻ സിപിഎമ്മിനായി മണ്ഡലം കാത്തു. പിന്നീട് രണ്ടു തവണകൂടി സമ്പത്ത് ഇടതുപക്ഷത്തിനായി മണ്ഡലം പിടിച്ചു.

പക്ഷേ, കഴിഞ്ഞതവണ സമ്പത്തിനു കാലിടറി. 1989-നുശേഷം ആദ്യമായി ആറ്റിങ്ങൽ മണ്ഡലത്തിൽനിന്ന ഒരു കോൺഗ്രസ് പ്രതിനിധി വിജയിച്ചു.

ഇടതുപക്ഷത്തിന്റെ 30 വർഷം നീണ്ട തുടർവിജയങ്ങൾക്കു വിരാമമിട്ട അടൂർ പ്രകാശിന് ഇത്തവണയും മണ്ഡലം കോൺഗ്രസ് പക്ഷത്തു നിലനിർത്താൻ കഴിയുമോ എന്നാണു കണ്ടറിയേണ്ടത്. കഴിഞ്ഞ തവണ ശബരിമല വിഷയം ആറ്റിങ്ങലിൽ സ്വാധീനം ചെലുത്തിയിരുന്നു. ഇത്തവണ അത്തരം പ്രത്യേക വിഷയങ്ങളൊന്നുമില്ല. പൊതു രാഷ്ട്രീയവിഷയങ്ങൾ തന്നെയാകും ആറ്റിങ്ങലിലും പ്രചാരണ വേദിയിൽ നിറഞ്ഞു നിൽക്കുക.






# പതിനായിരങ്ങൾ ഒഴുകിയെത്തി; കെ.എം. മാണി സ്മൃതിസംഗമം ഓർമ്മകളുടെ ഒത്തുചേരലായി

കോട്ടയം: കെ.എം. മാണിയുടെ മായാത്ത ഓർമ്മകൾ ഹൃദയത്തിലേന്തിയ പതിനായിരങ്ങൾ അണമുറിയാതെ ഒഴുകിയെത്തിയപ്പോൾ കേരളാ കോൺഗ്രസ് പിറവിയെടുത്ത കോട്ടയം തിരുനക്കര മൈതാനം ഓർമ്മകളുടെ ഒത്തുചേരലായി. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ സ്ത്രീകളും കുട്ടികളും അടങ്ങുന്ന ആയിരക്കണക്കിനാളുകളാണ് കെ.എം. മാണിയുടെ പൂർണകായ ചിത്രത്തിനു മുന്നിൽ പുഷ്പങ്ങൾ അർപ്പിച്ച് ആ സ്മരണ പുതുക്കിയത്.

സാധാരണ നടക്കാറുള്ള അനുസ്മരണ യോഗങ്ങളിൽ നിന്ന് വ്യത്യസ്തമായിട്ടായിരുന്നു കെ.എം. മാണിയുടെ അഞ്ചാം ചരമവാർഷികത്തോടനുബന്ധിച്ച് സ്മൃതി പ്രോഗ്രാം സംഘടിപ്പിച്ചത്. നേതൃത്വത്തിന്റെ നിർദേശങ്ങൾ അക്ഷരംപ്രതി നടപ്പാക്കി പ്രവർത്തകർ സ്മൃതി സംഗമത്തിന്റെ ഭാഗമായപ്പോൾ അത് കേരള കോൺഗ്രസ് (എം) രാഷ്ട്രീയത്തിൽ പുതുചരിത്രമായി. കേരളാ കോൺഗ്രസിന്റെ ചരിത്രത്തിലും കെ.എം. മാണിയുടെ ജീവിതത്തിലും സവിശേഷതയുള്ള കോട്ടയം തിരുനക്കര മൈതാനിയിൽ സംഘടിപ്പിക്കപ്പെട്ട കെ.എം. മാണി സ്മൃതി സംഗമത്തിലേക്ക് തുടക്കം മുതൽ ഒടുക്കം വരെയും അണമുറിയാതെ ആയിരങ്ങളാണ് ഒഴുകിയെത്തിയത്.

പാർട്ടി പിറവിയെടുത്ത കോട്ടയം തിരുനക്കര മൈതാനത്ത് പ്രത്യേകം തയ്യാറാക്കിയ വേദിയിൽ പാർട്ടി ചെയർമാൻ ജോസ് കെ. മാണി രാവിലെ 9.30-ന് കെ.എം. മാണിയുടെ ചിത്രത്തിനു മുന്നിൽ പുഷ്പാർച്ചന നടത്തിയതോടെ സ്മൃതി സംഗമത്തിനു തുടക്കമായി. തുടർന്ന് പാർട്ടി പാർലമെന്ററി ലീഡർ മന്ത്രി റോഷി അഗസ്റ്റിൻ കെ.എം. മാണിയുടെ ചിത്രത്തിൽ പുഷ്പം അർപ്പിച്ചു. വൈസ് ചെയർമാന്മാരായ തോമസ് ചാഴികാടൻ എംപി, ചീഫ് വിപ്പ് ഡോ. എൻ. ജയരാജ്, ജനറൽ സെക്രട്ടറി സ്റ്റീഫൻ ജോർജ്, എംഎൽഎമാരായ അഡ്വ. ജോബി മൈക്കിൾ, പ്രമോദ് നാരായണൻ, അഡ്വ. സെബാസ്റ്റ്യൻ കുളത്തുങ്കൽ, സണ്ണി തെക്കേടം, ജെന്നിംഗ്സ് ജേക്കബ്, കോട്ടയം ജില്ലാ പ്രസിഡണ്ട് പ്രഫ. ലോപ്പസ് മാത്യു തുടങ്ങിയവർ പുഷ്പാർച്ചന നടത്തി.

തുടർന്ന് മന്ത്രി വി.എൻ. വാസവൻ, സിപിഐ ജില്ലാ സെക്രട്ടറി വി.ബി. ബിനു, സിപിഎം ജില്ലാ സെക്രട്ടറി എ.വി. റസൽ, ഇടതുമുന്നണി നേതാക്കളായ അഡ്വ. കെ. അനിൽകുമാർ, സണ്ണി തോമസ്, സാബു മുരിക്കവേലി, ബെന്നി മൈലാടൂർ തുടങ്ങിയവർ പുഷ്പാർച്ചന നടത്തി. അതിനുശേഷം കേരളാ കോൺഗ്രസ് (എം) സംസ്ഥാന സ്റ്റിയറിങ് കമ്മിറ്റി അംഗങ്ങളും സംസ്ഥാന സെക്രട്ടേറിയറ്റ് അംഗങ്ങളും പുഷ്പാർച്ചന നടത്തി. വിവിധ രാഷ്ട്രീയ സാമൂഹിക സാംസ്കാരിക ആത്മീയരംഗത്തെ പ്രമുഖരാണ് ആദരം അർപ്പിക്കാൻ എത്തിയത്.

ജനഹൃദയങ്ങളിൽ ചിരസ്മരണയായി കെ.എം. മാണി നിലകൊള്ളുന്നതിന്റെ നേർസാക്ഷ്യങ്ങളായ നിരവധി വൈകാരിക മുഹൂർത്തങ്ങളാണ് ചടങ്ങിൽ ഉടനീളം കണ്ടത്. കെ.എം. മാണിയുടെ അന്ത്യയാത്രയുടെയും പ്രസംഗങ്ങളുടെയും ജീവിതമുഹൂർത്തങ്ങളുടെയും ദൃശ്യങ്ങൾ വേദിയിൽ തെളിഞ്ഞപ്പോൾ പലരും കണ്ണീരണിഞ്ഞു.

പൂക്കളും കെ.എം. മാണിയുടെ ഓർമ്മകളുണർത്തുന്ന ചിത്രങ്ങളുമായാണ് പലരുമെത്തിയത്. കെ.എം. മാണിയുടെ ഭൗതികശരീരം വഹിച്ചുകൊണ്ടുള്ള വിലാപയാത്രയെ ഓർമ്മിപ്പിക്കുന്ന തരത്തിൽ നിരവധി സ്ത്രീകളും കുട്ടികളുമടക്കം ജനസഹസ്രങ്ങളാണ് സ്മൃതിസംഗമത്തിൽ പങ്കെടുത്തത്. കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള പ്രവർത്തകർ പ്രിയപ്പെട്ട നേതാവിന് അന്ത്യാഞ്ജലി അർപ്പിക്കാൻ എത്തിയിരുന്നു.

രാവിലെ പാലാ കത്തീഡ്രൽ ദേവാലയത്തിൽ കെ.എം. മാണിയുടെ കബറിടത്തിൽ പാർട്ടി ചെയർമാൻ ജോസ് കെ. മാണിയുടെയും മന്ത്രി റോഷി അഗസ്റ്റിന്റെയും നേതൃത്വത്തിൽ പാർട്ടി പ്രവർത്തകരും കുടുംബാംഗങ്ങളും പ്രാർത്ഥന നടത്തിയ ശേഷമാണ് കോട്ടയത്തേക്ക് എത്തിയത്.















# കേരളത്തിൽനിന്ന് ലോക്സഭയിലേക്കെത്തിയത് ഒൻപത് വനിതകൾ മാത്രം


തിരുവനന്തപുരം: ലോക്സഭാ തെരഞ്ഞെടുപ്പിൽ വനിതാസംവരണം നടപ്പാക്കിയാൽ കേരളത്തിൽ നീക്കിവെക്കേണ്ടി വരുന്നത് ഏഴു സീറ്റുകൾ. ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിനു സമാനമായി മൂന്നിലൊന്നു സീറ്റുകൾ സംവരണം ചെയ്യുമ്പോഴാണിത്. അധികം വൈകാതെ ഇതിനുള്ള നടപടികൾ ആരംഭിച്ചേക്കും. ആദ്യ ലോക്സഭ മുതൽ ഇതുവരെ കേരളത്തിൽനിന്ന് ആകെ ജയിച്ചിട്ടുള്ള വനിതകൾ ഒൻപതാണ്. സ്വതന്ത്ര സ്ഥാനാർത്ഥിയായി തിരുവനന്തപുരത്തുനിന്നും ജയിച്ച ആനി മസ്ക്രീനിൽ തുടങ്ങി 2019-ൽ ആലത്തൂർ സംവരണ മണ്ഡലത്തിൽ നിന്നു ജയിച്ച രമ്യ ഹരിദാസിൽ എത്തിനിൽക്കുന്നു ആ ചരിത്രം. ഏറ്റവും കൂടുതൽ വനിതകളെ മത്സരിപ്പിച്ചതും ലോക്സഭയിലയച്ചതും സിപിഎമ്മാണ്. കോൺഗ്രസും സിപിഐയും പിന്നാലെയുണ്ട്. എന്നാൽ കേരളത്തിലെ ഇതര പ്രാദേശിക പാർട്ടികളൊന്നും ഇതിനു തുനിഞ്ഞിട്ടില്ല. രണ്ടും മൂന്നും ലോക്സഭകളിൽ കേരളത്തിൽനിന്ന് വനിതാ പ്രാതിനിധ്യം ഉണ്ടായിരുന്നില്ല. ഇവിടെനിന്ന് ഏറ്റവുമധികം തവണ പാർലമെന്റിലെത്തിയ വനിത സുശീല ഗോപാലനാണ്. അമ്പലപ്പുഴയിൽനിന്ന് 1967-ൽ ആദ്യമായി വിജയിച്ച അവർ ഏഴും പത്തും ലോക്സഭകളിൽ പിന്നീട് ആലപ്പുഴ, ചിറയൻകീഴ് മണ്ഡലങ്ങളെ പ്രതിനിധീകരിച്ചു. ആദ്യ അവിഭക്ത കമ്യൂണിസ്റ്റ് പാർട്ടിയിൽനിന്നും പിന്നീട് സിപിഎമ്മിൽ നിന്നുമാണ് അവർ മത്സരിച്ചത്. അടൂരിൽനിന്ന് സിപിഐ സ്ഥാനാർത്ഥിയായി വിജയിച്ച ഭാർഗവി തങ്കപ്പൻ അഞ്ചാം ലോക്സഭയിൽ കേരളത്തെ പ്രതിനിധീകരിച്ചു. ഒൻപത്, പത്ത് സഭകളിൽ മുകുന്ദപുരത്തുനിന്നുള്ള പ്രഫ. സാവിത്രി ലക്ഷ്മണൻ കോൺഗ്രസ് അംഗമായിരുന്നു. സിപിഎം വടകരയിൽനിന്നു മത്സരിപ്പിച്ച എ.കെ. പ്രേമജം 12, 13 ലോക്സഭകളിൽ അംഗമായി. 14-ാം സഭയിൽ പി. സതീദേവിയും മാവേലിക്കര പാർലമെന്റ് മണ്ഡലത്തിൽനിന്ന് സി.എസ്. സുജാതയും സിപിഎമ്മിനെ പ്രതിനിധീകരിച്ചു. കണ്ണൂർ മണ്ഡലത്തിൽനിന്ന് 2014-ൽ പി. കെ. ശ്രീമതിയും സിപിഎം അംഗമായി സഭയിലെത്തി.

നിലവിൽ സഭയിലുള്ള രമ്യ ഹരിദാസ് ഇത്തവണയും ആലത്തൂരിൽ കോൺഗ്രസിനായി മത്സരിക്കുന്നു. കേരളത്തെ പ്രതിനിധീകരിച്ച മറ്റു വനിതകളൊന്നും വീണ്ടും രംഗത്തില്ല. നാലു ലോക്സഭകളിൽ കേരളത്തിൽനിന്നും വനിതാ പ്രാതിനിധ്യമുണ്ടായിരുന്നില്ല എന്നതും ശ്രദ്ധേയമാണ്. വടകരയിൽനിന്ന് കെ.കെ. ശൈലജയും എറണാകുളത്തുനിന്ന് കെ.ജെ. ഷൈനും ഇടതുമുന്നണിയിൽ സിപിഎം സ്ഥാനാർത്ഥികളാകുമ്പോൾ വയനാട്ടിൽ ദേശീയ നേതാവ് ആനിരാജ സിപിഐ ചിഹ്നത്തിൽ മത്സരിക്കുന്നു.

എൻഡിഎയിൽ ബിജെപി സ്ഥാനാർത്ഥിയായി കാസർഗോട്ട് അശ്വനിയും ആലപ്പുഴയിൽ ശോഭ സുരേന്ദ്രനും പൊന്നാനിയിൽ നിവേദിത സുബ്രഹ്മണ്യനും രംഗത്തുണ്ട്. ഇടുക്കി മണ്ഡലത്തിൽനിന്ന് ബിഡിജെഎസ് സ്ഥാനാർത്ഥി സംഗീത വിശ്വനാഥനും മാറ്റുരയ്ക്കും. ഇങ്ങനെ പ്രധാന മുന്നണികൾക്കായി എട്ടുപേരാണു മത്സര രംഗത്തുള്ളത്.

# പത്തനംതിട്ടയിൽ ആന്റോ ആന്റണി ജയിക്കും: എ.കെ. ആന്റണി

തിരുവനന്തപുരം: പത്തനംതിട്ടയിൽ ബിജെപി സ്ഥാനാർത്ഥിയായി മത്സരിക്കുന്ന മകൻ അനിൽ ആന്റണി തോൽക്കണമെന്ന് കോൺഗ്രസ് പ്രവർത്തകസമിതി അംഗം എ.കെ. ആന്റണി. യുഡിഎഫ് സ്ഥാനാർത്ഥി ആന്റോ ആന്റണി പത്തനംതിട്ടയിൽ ജയിക്കുമെന്നും എ.കെ. ആന്റണി പറഞ്ഞു.




"എന്റെ മതം കോൺഗ്രസാണ്. കെഎസ്‌യു കാലം മുതൽ കുടുംബം വേറെ രാഷ്ട്രീയം വേറെ എന്നതായിരുന്നു എന്റെ നിലപാട്. കുടുംബത്തിൽ രാഷ്ട്രീയം പറയാറില്ല. ആന്റോ ആന്റണി നല്ല ഭൂരിപക്ഷത്തിൽ ജയിക്കും. ശാരീരിക പ്രശ്നങ്ങളെത്തുടർന്നാണ് ഞാൻ പ്രചാരണത്തിനു പോകാത്തത്. 2019-ൽ കിട്ടിയത്ര വോട്ട് ബിജെപിക്ക് ഇത്തവണ കേരളത്തിൽ ഒരിടത്തും ലഭിക്കില്ല. കട്ടായം വേണമെങ്കിൽ എഴുതിവെച്ചോ. ബിജെപിയുടെ സുവർണകാലം കഴിഞ്ഞു." - ആന്റണി പറഞ്ഞു.

എ.കെ. ആന്റണിയുടെ മകനെക്കൂടാതെ ലീഡർ കെ. കരുണാകരന്റെ മകളും ബിജെപിയുടെ ഭാഗമായല്ലോ എന്ന ചോദ്യത്തിന്, മക്കളെക്കുറിച്ച് എന്നെക്കൊണ്ട് അധികം പറയിക്കരുത്, അത്തരം ഭാഷ എന്റെ സംസ്കാരത്തിന്റെ ഭാഗമല്ല. കോൺഗ്രസ് ഒരു മഹാ പ്രസ്ഥാനമാണ്, മഹാനദിയാണ്. ആരൊക്കെ തകർക്കാൻ ശ്രമിച്ചാലും പുതിയ നീർച്ചാലുകൾ പൊട്ടിയൊഴുകിക്കൊണ്ടിരിക്കും. നീർച്ചാലുകൾ ചേർന്ന് മഹാനദിയായി മാറുമെന്നും എ.കെ. ആന്റണി പറഞ്ഞു.

അനിലിനെ വിജയിപ്പിച്ചാൽ കേന്ദ്രമന്ത്രിസഭയിൽ ഉൾപ്പെടുത്തുന്നതിനെക്കുറിച്ചു ചോദിച്ചപ്പോൾ, ഇത്രയൊക്കെ മതിയെന്നായിരുന്നു എ.കെ. ആന്റണിയുടെ പ്രതികരണം.

# ഗാന്ധിമതി ബാലൻ അന്തരിച്ചു

തിരുവനന്തപുരം: കലാമേന്മയുള്ള ഒട്ടേറെ ശ്രദ്ധേയ സിനിമകളുടെ നിർമാതാവും വിതരണക്കാരനും ചലച്ചിത്ര അക്കാദമി മുൻ വൈസ് ചെയർമാനുമായ ഗാന്ധിമതി ബാലൻ (കെ.പി.ബി. നായർ-66) അന്തരിച്ചു. കാൻസർ ബാധിതനായി ചികിത്സയിലായിരുന്നു. രാഷ്ട്രീയ ആക്ഷേപ ഹാസ്യചിത്രമായ പഞ്ചവടിപ്പാലത്തിന്റെ നിർമാതാവെന്ന നിലയിൽ ശ്രദ്ധേയനായ അദ്ദേഹം ഇത്തിരിനേരം ഒത്തിരി കാര്യം, നൊമ്പരത്തിപ്പൂവ്, മൂന്നാംപക്കം, സുഖമോ ദേവി, ഈ




തണുത്ത വെളുപ്പാൻകാലത്ത്, പത്താമുദയം തുടങ്ങിയ സിനിമകളും നിർമിച്ചു. തൂവാനത്തുമ്പികൾ, മാളൂട്ടി തുടങ്ങിയ സിനിമകളുടെ സഹ നിർമാതാവുമാണ്.

സിനിമാ നിർമാണ രംഗത്തുനിന്നു പിൻമാറിയ ശേഷം സൈബർ ഫൊറൻസിക് സ്ഥാപനമായ ആലിബൈയുടെയും ഗാന്ധിമതി ഇവന്റ്സിന്റെയും മേധാവിയായി പ്രവർത്തിച്ചുവരികയായിരുന്നു. പത്തനംതിട്ട ഇലന്തൂർ സ്വദേശിയാണ്. ബിസിനസിന്റെ ഭാഗമായി തിരുവനന്തപുരത്തെ ധന്യ-രമ്യ തിയറ്റർ സമുച്ചയം വാങ്ങിയതോടെയാണ് സിനിമാ രംഗവുമായി ബന്ധപ്പെടുന്നത്. അമ്മ ഗാന്ധിമതി ദേവിയുടെ പേരിൽ സിനിമാ നിർമാണ കമ്പനിയായ ഗാന്ധിമതി പ്രൊഡക്ഷൻ ആരംഭിച്ചതോടെ ഗാന്ധിമതി ബാലനായി. അനിതയാണു ഭാര്യ. മക്കൾ: സൗമ്യ (ഫൗണ്ടർ ഡയറക്ടർ, ആലിബൈ), അനന്തപത്മനാഭൻ (മാനേജിങ് പാർട്നർ-മെഡ് റൈഡ്, ഡയറക്ടർ-'ലോക' മെഡിസിറ്റി). മരുമക്കൾ: കെ.എം. ശ്യാം (ഡയറക്ടർ-ആലിബൈ, ഗാന്ധിമതി ട്രേഡിങ് ആൻഡ് എക്സ്പോർട്സ്), അൽക നാരായൺ (ഗ്രാഫിക് ഡിസൈനർ).

# ബാബാ രാംദേവിന്റെ മാപ്പപേക്ഷ വീണ്ടും തള്ളി

ന്യൂഡൽഹി: തെറ്റിദ്ധരിപ്പിക്കുന്ന പരസ്യം നല്കിയതു സംബന്ധിച്ച വിവാദത്തിൽ പതഞ്ജലി സഹസ്ഥാപകൻ ബാബാ രാംദേവും മാനേജിങ് ഡയറക്ടർ ആചാര്യ ബാലകൃഷ്ണയും സമർപ്പിച്ച മാപ്പപേക്ഷ സുപ്രീംകോടതി വീണ്ടും തള്ളി. വിഷയത്തിൽ കേന്ദ്ര സർക്കാരിന്റെ മറുപടിയിൽ അതൃപ്തി പ്രകടിപ്പിച്ച കോടതി, കേസിൽ ഉദാരത കാണിക്കാൻ ആഗ്രഹിക്കുന്നില്ലെന്നും പറഞ്ഞു. പതഞ്ജലിയുടെ മാപ്പപേക്ഷ കടലാസിൽ മാത്രമാണെന്നും ഇത് അംഗീകരിക്കാൻ തയ്യാറല്ലെന്നും ജസ്റ്റിസുമാരായ ഹിമ കോഹ്ലി, എ. അമാനുള്ള എന്നിവരുൾപ്പെട്ട ബെഞ്ച് വ്യക്തമാക്കി. ക്ഷമാപണം ആദ്യം മാധ്യമങ്ങൾക്ക് അയച്ചുകൊടുത്ത ബാബാ രാംദേവിന്റെ നടപടിയെ കോടതി കടുത്ത ഭാഷയിൽ വിമർശിച്ചു.

പതഞ്ജലിക്കെതിരെ നടപടി സ്വീകരിക്കാതിരുന്ന ഉത്തരാഖണ്ഡ് സംസ്ഥാന ലൈസൻസിങ് അധികൃതരെ കോടതി കടുത്ത ഭാഷയിൽ വിമർശിച്ചു. തെറ്റിദ്ധരിപ്പിക്കുന്ന രീതിയിലുള്ള പരസ്യങ്ങൾ പ്രചരിപ്പിക്കരുതെന്ന് പതഞ്ജലിക്ക് മുന്നറിയിപ്പ് നല്കിയിരുന്ന



തായി കേന്ദ്രസർക്കാർ കോടതിയിൽ സമർപ്പിച്ച സത്യവാങ്മൂലത്തിൽ അറിയിച്ചു. ആയുഷ് മന്ത്രാലയം പരിശോധിച്ച് ഉറപ്പുവരുത്തുന്നതിനു മുമ്പേയാണ് കോവിഡ് പ്രതിരോധ മരുന്ന് എന്ന പേരിൽ കോവിഡ്കാലത്ത് പതഞ്ജലി ഉല്പന്നങ്ങൾ പ്രചരിപ്പിച്ചതെന്ന് കേന്ദ്രം കോടതിയിൽ പറഞ്ഞു. കേസുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാരിന്റെ നിലപാടറിയിക്കാൻ കോടതി ആവശ്യപ്പെട്ടിരുന്നു, എന്നാൽ, കേന്ദ്രത്തിന്റെ മറുപടിയിൽ കോടതി അതൃപ്തി പ്രകടിപ്പിച്ചു.

തെറ്റിദ്ധരിപ്പിക്കുന്ന രീതിയിലുള്ള പരസ്യപ്രചാരണം നടത്തിയതിൽ ഇന്ത്യൻ മെഡിക്കൽ അസോസിയേഷനാണ് പതഞ്ജലിക്കെതിരെ കോടതിയെ സമീപിച്ചത്. വിശദീകരണം ആവശ്യപ്പെട്ട് കോടതി അയച്ച നോട്ടീസിന് മറുപടി നല്കാതിരുന്നതോടെ ബാബാ രാംദേവിനും ആചാര്യ ബാലകൃഷ്ണയ്ക്കുമെതിരെ കോടതിയലക്ഷ്യത്തിന് നടപടി സ്വീകരിക്കുകയായിരുന്നു. കോടതിയിൽ രണ്ടുതവണ മാപ്പപേക്ഷ നടത്തിയെങ്കിലും സ്വീകരിക്കാതിരുന്ന കോടതി പതഞ്ജലിയ്ക്കെതിരെ രൂക്ഷവിമർശനവും നടത്തിയിരുന്നു.






# കെ. ബാബുവിന്റെ തെരഞ്ഞെടുപ്പ് റദ്ദാക്കണമെന്ന ഹർജി ഹൈക്കോടതി തള്ളി

കൊച്ചി: തൃപ്പൂണിത്തുറ നിയമസഭാ മണ്ഡലത്തിൽ കെ. ബാബുവിന്റെ തെരഞ്ഞെടുപ്പ് വിജയം ചോദ്യം ചെയ്തു എതിർസ്ഥാനാർത്ഥിയായിരുന്ന എം. സ്വരാജ് ഫയൽ ചെയ്ത തെരഞ്ഞെടുപ്പ് ഹർജി ഹൈക്കോടതി തള്ളി. അയ്യപ്പന്റെ ചിത്രം പതിച്ച സ്ലിപ്പുകൾ വോട്ടർമാർക്കു വിതരണം ചെയ്തതിനാൽ ബാബുവിനെ എംഎൽഎയായി തെരഞ്ഞെടുക്കുന്നത് റദ്ദാക്കണമെന്നായിരുന്നു ആവശ്യം. എന്നാൽ സ്വരാജിന്റെ വാദം സംശയാതീതമായി തെളിയിക്കാൻ പര്യാപ്തമായ തെളിവില്ലെന്നു വിലയിരുത്തിയാണ് ജസ്റ്റിസ് പി.ജി. അജിത് കുമാർ ഹർജി തള്ളിയത്.



കെ. ബാബു എംഎൽഎയ്ക്ക് കോൺഗ്രസ് പ്രവർത്തകർ മധുരം നൽകുന്നു

സാക്ഷിമൊഴികൾ മാത്രമാണുള്ളത്. ഇതു തെളിയിക്കാൻ പര്യാപ്തമല്ലെന്നും കോടതി അഭിപ്രായപ്പെട്ടു. വോട്ടർമാർക്കു വിതരണം ചെയ്ത സ്ലിപ്പിൽ അയ്യപ്പന്റെ ചിത്രം അച്ചടിച്ചത് ജനപ്രാതിനിധ്യ നിയമപ്രകാരം തെറ്റാണ്.

എന്നാൽ വിതരണം ചെയ്ത സ്ലിപ്പ് അച്ചടിച്ചത് കെ. ബാബുവോ ബാബുവിനുവേണ്ടിയോ ആണെന്നതിനു തെളിവില്ല. അയ്യപ്പന്റെ ചിത്രം പതിച്ച സ്ലിപ്പ് വിതരണം ചെയ്തതു സംബന്ധിച്ച് സ്വരാജിന് നേരിട്ടുള്ള അറിവും ഉണ്ടായിരുന്നില്ല. അയൽവാസികൾക്കും സമാനമായ സ്ലിപ്പ് വിതരണം ചെയ്തിട്ടുണ്ടെന്ന സാക്ഷികളുടെ മൊഴി കേട്ടുകേൾവിയുടെ അടിസ്ഥാനത്തിലാണ്. തൃപ്പൂണിത്തുറ പോലീസ് സ്റ്റേഷനിൽ നൽകിയിരിക്കുന്ന പരാതിയിൽ സ്ലിപ്പിൽ അയ്യപ്പന്റെ ചിത്രം അച്ചടിച്ചിരുന്നുവെന്നു രേഖപ്പെടുത്തിയിരുന്നുമില്ല. ഇത്തരമൊരു സ്ലിപ്പ് വിതരണം ചെയ്തതിനെക്കുറിച്ച് തെരഞ്ഞെടുപ്പ് കമ്മീഷനും പരാതി നൽകിയിട്ടില്ലെന്നും കോടതി ചൂണ്ടിക്കാട്ടി.

കെ. ബാബുവിന് വോട്ട് ചെയ്തില്ലെങ്കിൽ ദൈവദോഷം ഉണ്ടാകുമെന്ന് സ്ലിപ്പ് വിതരണത്തിനെത്തിയവർ വോട്ടർമാരോടും പറഞ്ഞുവെന്നും മണ്ഡലത്തിലെ ഭൂരിഭാഗം വോട്ടർമാരും ശബരിമല അയ്യപ്പന്റെ വിശ്വാസികളായതിനാൽ തന്നെ പ്രതികൂലമായി ബാധിച്ചെന്നുമായിരുന്നു സ്വരാജിന്റെ വാദം.

കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിനു തലേന്ന് തൃപ്പൂണിത്തുറ മണ്ഡലത്തിൽ കോൺഗ്രസ് പ്രവർത്തകർ വിവാദ സ്ലിപ്പുകൾ വിതരണം ചെയ്തെന്നായിരുന്നു സ്വരാജിന്റെ പരാതി. സ്ലിപ്പിൽ അയ്യപ്പന്റെ ഫോട്ടോയും കൈപ്പത്തി ചിഹ്നവും ഉണ്ടായിരുന്നു. കോൺഗ്രസ് പ്രവർത്തകർ ചേർന്നാണ് ഏപ്രിൽ നാലിന് വിതരണം നടത്തിയത്. ഏപ്രിൽ അഞ്ചിന് സ്ലിപ്പ് സംബന്ധിച്ച് തൃപ്പൂണിത്തുറ എസ്ഐക്ക് പരാതി നൽകിയെന്നും സ്വരാജ് വ്യക്തമാക്കിയിരുന്നു.

ഹൈക്കോടതി നേരത്തേ ഈ കേസ് ഫയലിൽ സ്വീകരിക്കണമോയെന്ന കാര്യത്തിൽ വാദം നടത്തി. പിന്നീട് ഫയലിൽ സ്വീകരിക്കാൻ തീരുമാനിച്ചെങ്കിലും കെ. ബാബു ഇതിനെതിരെ സുപ്രീംകോടതിയെ സമീപിച്ചു. സുപ്രീംകോടതി ഹർജി തള്ളി ഹൈക്കോടതിയോടു വാദം കേൾക്കാൻ നിർദേശിച്ചു.

പിന്നീട് ഹൈക്കോടതി സ്വരാജ് സാക്ഷിയായി ചൂണ്ടിക്കാട്ടിയ മണ്ഡലത്തിലെ ആറു വോട്ടർമാരെയും തൃപ്പൂണിത്തുറ എസ്ഐയെയും സ്ലിപ്പ് വിതരണം നടത്തിയ കോൺഗ്രസ് പ്രവർത്തകരെയും വിസ്തരിച്ചു. എന്നാൽ കോൺഗ്രസ് പ്രവർത്തകർ ആരോപണം നിഷേധിച്ചിരുന്നു.

## കാഴ്ചപരിമിതർക്ക് ഡമ്മി ബ്രെയിലി ബാലറ്റ്

തിരുവനന്തപുരം: കാഴ്ചപരിമിതർക്ക് പരസഹായമില്ലാതെ വോട്ട് രേഖപ്പെടുത്താൻ ഡമ്മി ബ്രെയിലി ബാലറ്റ്. സ്ഥാനാർത്ഥികളും പേരും ചിഹ്നങ്ങളും ബ്രെയിലി ലിപിയിൽ രേഖപ്പെടുത്തിയാണ് ഡമ്മി ബാലറ്റ് തയ്യാറാക്കുന്നത്. കേരളത്തിലെ ഏഴായിരത്തോളം കാഴ്ചപരിമിതർക്ക് ഇതിലൂടെ സ്വയംപര്യാപ്തരായി വോട്ടുചെയ്യാം.

ബാലറ്റിന്റെ പ്രിന്റിങ് ജോലികൾ തിരുവനന്തപുരത്തുള്ള ബ്രെയ്‌ലി പ്രസിൽ പുരോഗമിക്കുകയാണ്. കേരള ഫെഡറേഷൻ ഓഫ് ബ്ലൈൻഡിന്റെ കീഴിലുള്ളതാണ് ഈ പ്രിന്റിങ് പ്രസ്. ഇലക്ട്രോണിക് വോട്ടിങ് യന്ത്രത്തിൽ സ്ഥാനാർത്ഥികളുടെ ക്രമമനുസരിച്ചാണ് ഡമ്മി ബാലറ്റിലും പേരുകളും ചിഹ്നങ്ങളുമുണ്ടാകുക. പോളിങ് ബൂത്തിലെ പ്രിസൈഡിങ് ഓഫീസറോട് ആവശ്യപ്പെട്ടാൽ ഡമ്മി ബ്രെയ്‌ലി ബാലറ്റ് നൽകും. ഇതിൽനിന്ന് സ്ഥാനാർത്ഥികളുടെ ക്രമം മനസ്സിലാക്കി വോട്ടുചെയ്യാം.

## മുഖ്യ തെരഞ്ഞെടുപ്പു കമ്മീഷണർക്ക് സെഡ് കാറ്റഗറി സുരക്ഷ

ന്യൂഡൽഹി: മുഖ്യ തെരഞ്ഞെടുപ്പു കമ്മീഷണർ രാജീവ് കുമാറിന് സായുധ കമാൻഡോകളുടെ സെഡ് കാറ്റഗറി വിഐപി സുരക്ഷയേർപ്പെടുത്തി. കേന്ദ്ര റിസർവ് പോലീസ് സേനയുടെ (സിആർപിഎഫ്) സായുധരായ 40-45 അംഗ സംഘത്തിന്റെ സുരക്ഷയിലാകും രാജീവ് കുമാർ ഇനി സഞ്ചരിക്കുക. മൂന്ന് തെരഞ്ഞെടുപ്പു കമ്മീഷണർമാർക്കും ഡൽഹി പോലീസിന്റെ സായുധസുരക്ഷാ സംഘമാണു നിലവിൽ കാവലുള്ളത്. മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ രാജീവ് കുമാറിനെതിരെയുള്ള അന്താരാഷ്ട്ര ഭീഷണികൾ കൂടി കണക്കിലെടുത്താണു സെഡ് കാറ്റഗറി വിഐപി സുരക്ഷ നൽകിയതെന്നു കേന്ദ്രസർക്കാർ അറിയിച്ചു.

രാജീവിന്റെ വസതിയിൽ സ്ഥിരമായുള്ള പത്തു സുരക്ഷാസൈനികർക്കു പുറമെ ആറു വ്യക്തിഗത സുരക്ഷാ ഉദ്യോഗസ്ഥർ മുഴുവൻ സമയവും അദ്ദേഹത്തിന് അകമ്പടിയായി ഉണ്ടായിരിക്കും. മൂന്നു ഷിഫ്റ്റുകളിലായി പ്രവർത്തിക്കുന്ന 12 സായുധ കമാൻഡോകളും ഉണ്ടാകും. പ്രത്യേക പരിശീലനം ലഭിച്ച മൂന്ന് ഡ്രൈവർമാരും സദാസമയവും സജ്ജരായ രണ്ട് വാച്ചർമാരും രാജീവിന് ലഭ്യമാകും. ബിജെപി അധികാരത്തിലെത്തിയശേഷം ഗൗരവമായ സുരക്ഷാഭീഷണിയുള്ള സോണിയാ ഗാന്ധി, രാഹുൽ ഗാന്ധി എന്നിവരുടെ എസ്പിജി സുരക്ഷ റദ്ദാക്കിയിരുന്നു. ഡൽഹിയിലെ ഓഫീസിലും വീട്ടിലും ഇന്ത്യയിലെവിടെയും സഞ്ചരിക്കുമ്പോഴും രാജീവിന് സെഡ് സുരക്ഷയുണ്ടാകും. 1984 ബാച്ചിലെ വിരമിച്ച ഐഎഎസ് ഉദ്യോഗസ്ഥനായ രാജീവ് കുമാർ, 2022 മേയ് 15-നാണ് ഇന്ത്യയുടെ 25-ാമത് മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണറായി ചുമതലയേറ്റത്. ചരിത്രത്തിൽ ആദ്യമായാണ് മുഖ്യ തെരഞ്ഞെടുപ്പു കമ്മീഷണർക്ക് വിഐപികൾക്കുള്ള സെഡ് സുരക്ഷ നൽകുന്നത്. മുഖ്യ തെരഞ്ഞെടുപ്പു കമ്മീഷണറായിരിക്കെ ടി.എൻ. ശേഷന് ഇടക്കാലത്ത് കേന്ദ്രം സുരക്ഷാകവചം ഏർപ്പെടുത്തിയിരുന്നെങ്കിലും ആർക്കും സെഡ് കാറ്റഗറി സുരക്ഷാ സംവിധാനം ഉണ്ടായിരുന്നില്ല.

## സുപ്രീംകോടതി ഇടപെട്ടിട്ടും ഡോ. സിസയ്ക്ക് പെൻഷൻ അനുവദിച്ചില്ല

തിരുവനന്തപുരം: സുപ്രീംകോടതി ഇടപെട്ടിട്ടും വൈസ് ചാൻസലറിന്റെ പേരിൽ അച്ചടക്ക ലംഘനം ആരോപിച്ച് ഡോ. സിസ തോമസിന് സർക്കാർ തടഞ്ഞുവെച്ച പെൻഷൻ ഇനിയും അനുവദിച്ചില്ല. വൈസ് ചാൻസലർ പദവി സംബന്ധിച്ച് ഗവർണറും സർക്കാരും തമ്മിലെ പോരിന്റെ ഇരയാണ് സാങ്കേതിക സർവകലാശാലാ വൈസ് ചാൻസലറും ബാർട്ടൺഹിൽ ഗവ. എഞ്ചിനീയറിങ് കോളജ് പ്രിൻസിപ്പലുമായി വിരമിച്ച ഡോ, സിസാ തോമസ്. 2023 മാർച്ച് 31-ന് വിരമിച്ച സിസ തോമസിന് ഒരു വർഷമായിട്ടും പെൻഷൻ ലഭിച്ചു തുടങ്ങിയില്ല. സർക്കാരിന്റെ അനുമതി കൂടാതെ വിസി പദവി ഏറ്റെടുത്ത സിസ തോമസിനെതിരെ അച്ചടക്ക നടപടിയെടുക്കുന്നതിനു മുന്നോടിയായി കാരണം കാണിക്കൽ നോട്ടീസ് അയച്ചെങ്കിലും ഈ നീക്കം ഹൈക്കോടതി റദ്ദാക്കുകയായിരുന്നു. ഇതിനെതിരെ സംസ്ഥാന സർക്കാർ സുപ്രീംകോടതിയെ സമീപിച്ചെങ്കിലും കഴിഞ്ഞമാസം 5-ന് ഹർജി ഫയലിൽ സ്വീകരിക്കാതെ തള്ളി. ഗവർണർ സർക്കാർ പോരിൽ സർക്കാർ ജീവനക്കാരെ ബലിയാടാക്കരുതെന്നു താക്കീതും നല്കി. അതുകഴിഞ്ഞ് ഒരുമാസം പിന്നിട്ടിട്ടും പെൻഷൻ സംബന്ധിച്ച ഒരറിയിപ്പും ഡോ. സിസയ്ക്കു ലഭിച്ചിട്ടില്ല. സമാന അനുഭവമാണ് കാസർഗോഡ് ഗവ. കോളജ് പ്രിൻസിപ്പലിന്റെ ചുമതല വഹിച്ചിരുന്ന ഡോ. എം. രമയ്ക്കും ഉണ്ടായത്. കോളജിലെ എസ്എഫ്ഐ അക്രമങ്ങൾക്കെതിരെ സംസാരിച്ചതിനാണ് രമയെ സർക്കാർ വേട്ടയാടി അച്ചടക്ക നടപടി പ്രഖ്യാപിച്ചത്. ഈ നടപടി അടുത്തിടെ ഹൈക്കോടതി റദ്ദാക്കിയിരുന്നു.





## ബിജെപിക്ക് തെരഞ്ഞെടുപ്പ് ബോണ്ട് നൽകിയ കമ്പനിയുടെ പേരിൽ അഴിമതിക്കേസ്

ന്യൂഡൽഹി: ബിജെപിക്ക് ഏറ്റവും കൂടുതൽ തെരഞ്ഞെടുപ്പ് ബോണ്ട് നൽകിയ മേഘ എഞ്ചിനീയറിങ് ആൻഡ് ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് കമ്പനിയുടെ പേരിൽ അഴിമതിക്കേസെടുത്ത് സിബിഐ. ഛത്തീസ്ഗഢിലെ ജഗ്ദൽപുരിൽ 315 കോടി രൂപയുടെ സ്റ്റീൽ പ്ലാന്റ് നിർമാണ പദ്ധതിയിലാണ് അഴിമതി. 174 കോടിയുടെ ബിൽ പാസാക്കിയെടുക്കാൻ 78 ലക്ഷത്തോളം രൂപ കമ്പനി കൈക്കൂലി നൽകിയെന്ന് സിബിഐ പറയുന്നു. 2023 ഓഗസ്റ്റ് പത്തിനെടുത്ത കേസിന്റെ വിശദാംശങ്ങൾ ഏപ്രിൽ 13-നാണ് പുറത്തുവന്നത്. കേന്ദ്ര സ്റ്റീൽ മന്ത്രാലയത്തിലെ എട്ട് ഉദ്യോഗസ്ഥരും മേഘ കമ്പനിയിലെ രണ്ട് ജീവനക്കാരും പ്രതികളാണ്. തെരഞ്ഞെടുപ്പ് കമ്മീഷൻ പുറത്തുവിട്ട കണക്കുകൾ പ്രകാരം, ഹൈദരാബാദ് ആസ്ഥാനമായ മേഘ എഞ്ചിനീയറിങ് 966 കോടി രൂപയുടെ തെരഞ്ഞെടുപ്പ് ബോണ്ട് വാങ്ങിയിരുന്നു. അതിൽ 584 കോടിയും ബിജെപിക്കാണ് സംഭാവന ചെയ്തത്.

# തെരഞ്ഞെടുപ്പ്: ബിജെപിക്ക് തിരിച്ചടി നേരിടുമെന്ന് സർവേ റിപ്പോർട്ട്

ന്യൂഡൽഹി: രാമക്ഷേത്രവും ജമ്മു-കാശ്മീരിന്റെ പ്രത്യേക പദവി റദ്ദാക്കിയതും വേണ്ടരീതിയിൽ ഉത്തരേന്ത്യയിൽ ബിജെപി പ്രചാരണത്തിനു ഫലം ചെയ്യില്ലെന്ന് സർവേ റിപ്പോർട്ടുകൾ. രാമക്ഷേത്രം നിർമാണം മധ്യപ്രദേശിൽ ബിജെപിക്ക് മേൽക്കൈ നൽകുമെങ്കിലും വിലക്കയറ്റവും തൊഴിലില്ലായ്മയും തിരിച്ചടി നൽകിയേക്കും. 2019 ലോക്സഭാ തെരഞ്ഞെടുപ്പിൽ മുഴുവൻ സീറ്റുകളും ലഭിച്ച ഈ സംസ്ഥാനങ്ങളിൽനിന്ന് മൊത്തം 11 സീറ്റ് നഷ്ടപ്പെടാൻ സാധ്യതയുണ്ടെന്നാണ് പാർട്ടിയുടെ വിലയിരുത്തൽ. ഹരിയാനയിലെ അഞ്ചു സീറ്റിലും രാജസ്ഥാനിലെ ആറു സീറ്റിലും കനത്ത മത്സരമാണു നടക്കുന്നത്. ഹരിയാനയിലെ പത്തു സീറ്റിൽ റോഹ്തക്, സോനിപത്, സിർസ, ഹിസാർ, കർണാൽ മണ്ഡലങ്ങളിലും രാജസ്ഥാനിലെ 25 സീറ്റിൽ ബാർമർ, ചുരു, നാഗൗർ, ദൗസ, ടോങ്ക്, കരൗലി മണ്ഡലങ്ങളിലുമാണ് ബിജെപി തോൽവി ഭയക്കുന്നത്.

പ്രധാനമന്ത്രി നരേന്ദ്ര മോദിയെ ഇറക്കി ഈ മണ്ഡലങ്ങൾ നിലനിർത്താനാണ് ബിജെപി ശ്രമിക്കുന്നത്. രാജസ്ഥാനിലെ ബാമറിൽ ഈയിടെ നരേന്ദ്ര മോദി തെരഞ്ഞെടുപ്പു റാലി നടത്തിയിരുന്നു. ബി.ആർ. അംബേദ്കർ വിചാരിച്ചാൽപോലും ഇന്ത്യൻ ഭരണഘടന മാറ്റിയെഴുതാൻ സാധിക്കില്ലെന്ന് മോദി റാലിയിൽ പ്രഖ്യാപിച്ചു.

ബിജെപി വീണ്ടും അധികാരത്തിലെത്തിയാൽ ഇന്ത്യയുടെ ഭരണഘടന മാറ്റിയെഴുതുമെന്ന പ്രചാരണത്തെ മറികടക്കാനായിരുന്നു ഈ പ്രതികരണം. ഇതിനെ സാധൂകരിക്കുംവിധം ആർഎസ്എസ് നേതാവ് രാംമാധവ് അംബേദ്കറെ പുകഴ്ത്തി ലേഖനം എഴുതുകയും ചെയ്തു.

ഹിന്ദു വ്യക്തിനിയമങ്ങൾക്കായി അംബേദ്കർ നൽകിയ നിർദേശത്തെ ലേഖനത്തിൽ പുകഴ്ത്താനും രാം മാധവ് മറന്നില്ല. ദളിത്, ഒബിസി വോട്ടുകൾ തങ്ങൾക്കൊപ്പം ഏതുവിധേനയും നിലനിർത്തുക എന്ന തന്ത്രമാണ് ബിജെപി ഇപ്പോൾ പയറ്റുന്നത്. ബാമറിലെ ബിജെപി സ്ഥാനാർത്ഥി കൈലാഷ് ചൗധരിയോട് പ്രവർത്തകർക്ക് വലിയ എതിർപ്പുണ്ടെന്നാണ് റിപ്പോർട്ടുകൾ. രജപുത്ര വിഭാഗക്കാർക്ക് മുൻതൂക്കമുള്ള മേഖലയാണ് ഇവിടം. ജാട്ട് വിഭാഗത്തിന്റെ പിന്തുണയുള്ള ഹനുമാൻ ബേനിവാളിന്റെ രാഷ്ട്രീയ ലോക്താന്ത്രിക് പാർട്ടി ഇത്തവണ ഇന്ത്യ സഖ്യത്തിനൊപ്പമാണ്. ഇതും ബിജെപിയുടെ ചങ്കിടിപ്പ് കൂട്ടുന്നു.

കോൺഗ്രസ് വിട്ട് ബിജെപിക്കൊപ്പം ചേർന്നവർക്ക് സീറ്റ് നൽകിയതിൽ പ്രാദേശിക നേതൃത്വത്തിൽ കടുത്ത എതിർപ്പുണ്ട്. ജാതിയും മതവുമൊന്നുമല്ല ജീവിതപ്രശ്നങ്ങളാണു തെരഞ്ഞെടുപ്പിൽ മുഖ്യ വിഷയങ്ങളായി ഭൂരിഭാഗം ജനങ്ങളും ചൂണ്ടിക്കാട്ടുന്നതെന്ന് ഈയിടെ പുറത്തുവന്ന ദ ഹിന്ദു-സിഡിഎസ് സർവേയിൽ വ്യക്തമാക്കുന്നു.

## കേരളം കൈകോർത്തു; സൗദിയിൽ മലയാളിയുടെ വധശിക്ഷ ഒഴിവാകുന്നു

കോഴിക്കോട്: വധശിക്ഷ ഒഴിവാക്കാൻ 34 കോടി രൂപ ദയാധനം. അസാധ്യമെന്നു കരുതിയ ലക്ഷ്യത്തിനായി മലയാളികൾ കൈകോർത്തപ്പോൾ പിറന്നത് 'റിയൽ കേരള സ്റ്റോറി'. സൗദി അറേബ്യയിൽ വധശിക്ഷയ്ക്കു വിധിക്കപ്പെട്ട കോഴിക്കോട് ഫറോക്ക് സ്വദേശി അബ്ദുൽ റഹീമിന്റെ (42) മോചനത്തിനുള്ള ധനസമാഹരണ ദൗത്യം നിശ്ചയിച്ചതിനും രണ്ട് ദിവസം മുൻപേ ലക്ഷ്യത്തിലെത്തി. കഴിയുന്ന സംഭാവന നൽകിയ വ്യക്തികളും സന്നദ്ധ സംഘടനകളും, ബിരിയാണി ചാലഞ്ച് നടത്തിയവർ, കാരുണ്യയാത്ര നടത്തി ചില്ലറത്തുട്ടുകൾ സ്വരൂപിച്ച ബസ് സർവീസുകാർ, പെരുന്നാൾ-വിഷു കച്ചവടത്തിന്റെ ലാഭവിഹിതം കൈമാറിയ വ്യാപാരസ്ഥാപനങ്ങൾ-എല്ലാവരുമൊത്ത് കൂട്ടായ്മയുടെ പുതിയ സ്നേഹ പാഠം രചിച്ചു.




സൗദി അറേബ്യയിലെ ജയിലിൽ വധശിക്ഷയ്ക്കു വിധിക്കപ്പെട്ട് കഴിയുന്ന ഫറോക്ക് സ്വദേശി അബ്ദുൾ റഹീമിന്റെ ഉമ്മ ഫാത്തിമയെ കോടമ്പുഴയിലെ വീട്ടിൽ മന്ത്രി പി.എ. മുഹമ്മദ് റിയാസ് സന്ദർശിച്ചപ്പോൾ.

അബ്ദുൽ റഹീം 2006-ൽ സൗദിയിൽ വീട്ടു ഡ്രൈവറായി ജോലി നോക്കുന്നതിനിടെയുള്ള അബദ്ധം മൂലം വീട്ടുടമയുടെ രോഗിയായ മകൻ മരിച്ചതാണു കേസ്. വധശിക്ഷ ഒഴിവാക്കാൻ 1.5 കോടി റിയാലാണ് (34 കോടി രൂപ) കുടുംബം നഷ്ടപരിഹാരം ആവശ്യപ്പെട്ടത്. 18 വർഷമായി ജയിലിൽ കഴിയുന്ന റഹീമിനെ തിരിച്ചു നാട്ടിലെത്തിക്കാൻ നാട്ടുകാർ ചേർന്നു നിയമസഹായ സമിതി രൂപീകരിച്ച് കഴിഞ്ഞ മാസം തുടങ്ങിയ ചെറിയ ശ്രമം ലോകമെങ്ങുമുള്ള മലയാളികൾ ഏറ്റെടുത്തു. 'ഈ ഉമ്മയുടെ കണ്ണീരൊപ്പാൻ കൈകോർക്കുക' എന്ന പേരിൽ സേവ് അബ്ദുൽ റഹീം നിയമസഹായ കമ്മിറ്റി തുടങ്ങിയ മൊബൈൽ ആപ്ലിക്കേഷനിലൂടെ ഇതുവരെ അക്കൗണ്ടിലെത്തിയത് 34.45 കോടി രൂപ. ഇതോടെ ആപ്പിന്റെ പ്രവർത്തനം നിർത്തിവെച്ചു. ഏപ്രിൽ 12-ന് ഒൻപത് മിനിറ്റിനിടെ ഒരു കോടി രൂപയെത്തി. വിദേശത്തുനിന്നു പിരിച്ച തുക കൂടി അക്കൗണ്ടിലെത്താനുണ്ട്.

കഴിഞ്ഞ 10 ദിവസമാണ് ധനസമാഹരണം ഊർജിതമായത്. മലപ്പുറം ജില്ലയിൽ നിന്നു മാത്രം ഒൻപത് കോടിയിലേറെ രൂപ ലഭിച്ചു. വ്യവസായി ബോബി ചെമ്മണ്ണൂരിന്റെ നേതൃത്വത്തിൽ അബ്ദുൽ റഹീമിനായി പ്രത്യേക യാത്ര നടത്തി. ബോബി ചെമ്മണ്ണൂരിന്റെ സംഭാവനയായി ഒരു കോടി രൂപ 12-ന് പാണക്കാട് സാദിഖലി ശിഹാബ് തങ്ങൾക്കു കൈമാറി.

നേരത്തെ കണ്ണൂർ പഴയങ്ങാടിയിൽ അപൂർവ രോഗം ബാധിച്ച കുഞ്ഞിന്റെ ചികിത്സയ്ക്കായി 18 കോടി രൂപ സമാഹരിച്ച് കേരളം ഇതുപോലെ ചരിത്രം സൃഷ്ടിച്ചിരുന്നു.

## സണ്ണി ചെരുവിൽ അന്തരിച്ചു



സാൻ അന്റോണിയോ: റിട്ടയേർഡ് പോലീസ് ഓഫീസർ മറ്റക്കര സ്വദേശി സണ്ണി ചെരുവിൽ (65) അന്തരിച്ചു. ഭാര്യ മോളി കിടങ്ങൂർ അടയാന്നൂർ കുടുംബാംഗമാണ്. മക്കൾ: അലക്സ് സണ്ണി ചെരുവിൽ (ഓസ്ട്രേലിയ), അഖിൽ സണ്ണി ചെരുവിൽ (സാൻ അന്റോണിയോ). മരുമക്കൾ: സ്റ്റീമി അലക്സ് അക്കരപറമ്പിൽ, ബ്ലെസ്സി അഖിൽ അരയത്ത്.

സഹോദരങ്ങൾ: ജോർജ് ചെരുവിൽ (ഹൂസ്റ്റൺ), ഫാ. ജെയിംസ് ചെരുവിൽ, ജോസ് ചെരുവിൽ (മറ്റക്കര), ബോബി ചെരുവിൽ (ന്യൂജേഴ്സി), സെബി ചെരുവിൽ (സാൻ അന്റോണിയോ), റിൻസി പട്ടിയാലിൽ (ന്യൂയോർക്ക്).

FAMILY DENTAL Practice
9709 N. Milwaukee Ave, Glenview, Il-60025, (Northwest Corner of Milwaukee & Greenwood
Office: (847) 581-1418,
Fax: (847) 581-1445



GENERAL DENTIST, IMPLANT, ORTHODONTIC TREATMENT, GUM SURGERY, WISDOM TOOTH EXTRACTIONS

- WHITENING, VENEERS, BONDING, ROOT CANALS, GUM DISEASE, CLEANING, WHITE FILLINGS, DEN TURES/PARTIALS, RELINE, CROWNS, BRIDGES, INTRA-ORAL CAMERA DIGITAL IMAGE, STATE OF THE ART STERILIZATION SYSTEM
- ORTHODONTICS (BRACES & INVISALIGN) for Children and Adult
- DISCOUNTS AVAILABLE



Dr. Susan Edukutharayil
B.D.S, D.D.S
(University of Illinois Graduate)
Practicing Dentistry in Chicago land area for the past 25 years!!

www.MyDentistToday.com

ACHIEVE REAL ESTATE GROUP, INC.
For All Your Real Estate Needs
Please Call ...

THOMAS KURUVILLA KARIKULAM
Real Estate Broker
1-847-219-6050
834 Rand Rd Mount Prospect IL 60056



FULL TIME REALTOR

# സോഷ്യൽ ക്ലബിന്റെ നേതൃത്വത്തിൽ ഇന്റർനാഷണൽ വടംവലി മത്സരം റോക്‌ലാൻഡിൽ

**സിജു ചെരുവൻകാലായിൽ**

ന്യൂയോർക്ക്: കാൽക്കരുത്തിന്റെ മാന്ത്രികബലവും കൈക്കരുത്തിന്റെ മാന്ത്രികശക്തിയും മെയ്‌വഴക്കത്തിന്റെ മനോഹാരിതയുമായി ന്യൂയോർക്ക് സോഷ്യൽ ക്ലബിന്റെ ആഭിമുഖ്യത്തിൽ ഒന്നാമത് ഇന്റർനാഷണൽ വടംവലി മത്സരം 2024 ഓഗസ്റ്റ് 17-ന് ശനിയാഴ്ച ന്യൂയോർക്ക് റോക്‌ലാൻഡ് ക്നാനായ കമ്യൂണിറ്റി സെന്ററിൽ വെച്ച് നടത്തപ്പെടുന്നു. സാജൻ കുഴിപ്പറമ്പിൽ ചെയർമാനും പോൾ കറുകപ്പിള്ളിൽ ജനറൽ കൺവീനറായും തെരഞ്ഞെടുക്കപ്പെട്ടു. മത്സരത്തിന്റെ സുഗമമായ നടത്തിപ്പിനായി വിവിധ സബ് കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ ആരംഭിച്ചു.




പ്രായഭേദമെന്യേ ഏവർക്കും കലാ-കായിക പ്രവർത്തനങ്ങളിൽ പങ്കെടുക്കാൻ അവസരമൊരുക്കുന്നതിനായി രൂപീകരിച്ച ന്യൂയോർക്ക് സോഷ്യൽ ക്ലബിന്റെ പ്രവർത്തനങ്ങൾ തികച്ചും ശ്രദ്ധേയമാകുന്നു. ആധുനിക ജീവിതത്തിലെ തിരക്കിനിടയിൽ കായിക, കലാ മേഖലയുടെ പ്രാധാന്യം തിരിച്ചറിയുന്നതിനും ഏവർക്കും സുരക്ഷിതവും ആത്മവിശ്വാസം പകരുന്നതുമായ അന്തരീക്ഷം പ്രദാനം ചെയ്യുക എന്നതുമാണ് ക്ലബിന്റെ പ്രധാനലക്ഷ്യം. ന്യൂയോർക്കിൽ ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന സംഘടനാ നിയമങ്ങൾക്കു കീഴിലാണ് ക്ലബ് പ്രവർത്തനങ്ങൾ.

അംഗങ്ങൾക്കാവശ്യമായ ഗുണനിലവാരമുള്ള പ്രോഗ്രാമുകൾ ഒരുക്കുന്നതിൽ ക്ലബ് മുൻനിരയിലുണ്ട്. പരസ്പരമുള്ള കൂട്ടായ്മ നിലനിർത്തുക, അതിലെ അംഗങ്ങൾക്കിടയിൽ സൗഹൃദം വളർത്തുക, ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും മറ്റു സാമൂഹിക പ്രവർത്തനങ്ങൾക്കും ആവശ്യമായ സംഭാവന നല്കുക, എല്ലാ പ്രായത്തിലുമുള്ള ആളുകളെ ഉൾപ്പെടുത്തി ഗുണനിലവാരമുള്ള കായിക-കലാ പരിപാടികൾ ഒരുക്കുക, പഠനത്തോടൊപ്പം സ്വയം വളരാനും മുന്നോട്ടു പോകുന്നതിനും പ്രോത്സാഹിപ്പിക്കുക, കമ്യൂണിറ്റിയിലെ മറ്റ് ഓർഗനൈസേഷനുകളുമായുള്ള പങ്കാളിത്തത്തോടെ മാർക്കറ്റിങ്ങിലും ഔട്ട്റീച്ചിലുമുള്ള പ്രോഗ്രാമുകൾക്ക് നേതൃത്വം നല്കുക എന്നിവയും ക്ലബിന്റെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു.

റോയ് മറ്റപ്പിള്ളിൽ (പ്രസിഡണ്ട്), സാജൻ കുഴിപ്പറമ്പിൽ (വൈസ് പ്രസിഡണ്ട്), ജിമ്മി പൂഴിക്കുന്നേൽ (സെക്രട്ടറി), ഷിബു ഏബ്രഹാം (ജോ.സെക്രട്ടറി), ജോസുകുട്ടി പൊറ്റംകുഴി (ട്രഷറർ), സിജു ചെരുവൻകാല (പിആർഒ), നിബു ജേക്കബ്, ബിജു മുപ്രപള്ളിൽ, ജോയൽ വിശാഖൻതറ, മനു അരയന്താനത്ത് എന്നിവർ ന്യൂയോർക്ക് സോഷ്യൽ ക്ലബിന്റെ ബോർഡ് അംഗങ്ങളുമാണ്.





അന്താരാഷ്ട്ര തലത്തിൽ നടത്തപ്പെടുന്ന പ്രസ്തുത കായിക മാമാങ്കത്തിൽ പ്രൈസ് നിശ്ചയിച്ചിരിക്കുന്നത് ഇപ്രകാരമാണ്: ഫസ്റ്റ് പ്രൈസ് 5000 ഡോളറും ട്രോഫിയും, സെക്കൻഡ് പ്രൈസ് 3000 ഡോളറും ട്രോഫിയും, തേർഡ് പ്രൈസ് 2000 ഡോളറും ട്രോഫിയും, ഫോർത്ത് പ്രൈസ് 1000 ഡോളറും ട്രോഫിയുമാണ്.

കാനഡ, യുകെ, ഇറ്റലി, മാൾട്ട, കുവൈറ്റ്, ഖത്തർ, ഇന്ത്യ തുടങ്ങി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും അമേരിക്കയിലെ വിവിധ സ്റ്റേറ്റുകളിൽ നിന്നുമുള്ള മികവുറ്റ ടീമുകൾ പങ്കെടുക്കുന്ന ഈ കായികമേളയിൽ പങ്കെടുത്ത് വിജയിപ്പിക്കുക.

# തിരുഹൃദയ ഫൊറോന ദേവാലയത്തിൽ സെമിനാർ സംഘടിപ്പിച്ചു

**ലിൻസ് താന്നിച്ചുവട്ടിൽ**

ചിക്കാഗോ: ബെൻസൻവിൽ തിരുഹൃദയ ക്നാനായ കത്തോലിക്കാ ഇടവകയിലെ ഹൈസ്കൂൾ വിദ്യാർത്ഥികളുടെ ആത്മീയ വളർച്ചയ്ക്കുതകുന്ന ഒരു സെമിനാർ ഇടവകയിലെ മതബോധന സ്കൂളിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചു. ബ്ര. ബിനിൽ ചാക്കോ എഫ്എസ്എസ്പി സെമിനാറിനു നേതൃത്വം നല്കി. ഏപ്രിൽ 7-നു ഞായറാഴ്ചയായിരുന്നു സെമിനാർ നടന്നത്. കൗമാര കാലഘട്ടത്തിൽ വിശ്വാസജീവിതത്തിനു പ്രാമുഖ്യം നൽകി സുകൃതങ്ങളാൽ ജീവിതത്തെ ബലപ്പെടുത്താനും ആത്മീയ ഉണർവിന്റെ അനുഭവങ്ങൾ സ്വന്തമാക്കാനും ഈ സെമിനാർ സഹായിച്ചതായി ഇടവകയിലെ വിശ്വാസ പരിശീലനത്തിന്റെ ചുമതല വഹിക്കുന്ന ഡിആർഇ സക്കറിയ ചേലയ്ക്കൽ അഭിപ്രായപ്പെട്ടു. വികാരി ഫാ. തോമസ് മുളവനാൽ, അസി. വികാരി ഫാ. ബിൻസ് ചേത്തലിൽ, മതബോധനാദ്ധ്യാപകർ, അസി.ഡിആർഇമാരായ ജോബി ഇത്തിത്തറ, കൊളീൻ കീഴങ്ങാട്ട് എന്നിവർ ഈ സെമിനാറിന്റെ ക്രമീകരണങ്ങൾക്ക് നേതൃത്വം നല്കി.





# മാനിറ്റോബ ഹിന്ദു മലയാളി കമ്യൂണിറ്റിയുടെ വിഷു ആഘോഷം ഗംഭീരമായി



മാനിറ്റോബ: മാനിറ്റോബ ഹിന്ദു മലയാളി കമ്യൂണിറ്റി വിന്നിപെഗിൽ വിഷു ആഘോഷപരിപാടികൾ സംഘടിപ്പിച്ചു.

എംപി ടെറി ഡുഗൈഡ്, കൾച്ചറൽ ഹെറിറ്റേജ് സ്പോർട്സ് ആൻഡ് ടൂറിസം മിനിസ്റ്റർ ഗ്ലെൻ സിമാർഡ്,

**ജോസഫ് ജോൺ, കാൽഗറി**

എംഎൽഎ ടൈലർ ബ്ലാഷ്കോ, ഇമ്മിഗ്രേഷൻ ലോയെർ സിന്ധുമോൾ ജോൺ, മലയാളി അസോസിയേഷൻ ഓഫ് മാനിറ്റോബ പ്രസിഡണ്ട് സന്തോഷ് തോമസ് എന്നിവർ ചടങ്ങിൽ മുഖ്യാതിഥികളായി പങ്കെടുത്തു.

സംഘടനയെ നയിക്കുന്നവർ ജയകൃഷ്ണൻ ജയചന്ദ്രൻ (പ്രസിഡണ്ട്), മനോജ് എം. നായർ (സെക്രട്ടറി), ജയശ്രീ സുരേഷ്, അശോകൻ മാടസ്വാമി വൈദ്യർ, രാഹുൽരാജ്, രാജേഷ് ഭാസ്കരൻ, അരവിന്ദ് പാമ്പക്കൽ, സതീഷ് ഭാസ്കരൻ, ഷാനി സതീഷ്, ഗിരിജ അശോകൻ, സ്വാതി ജയകൃഷ്ണൻ, മിഥുൻ മംഗലത്ത്, വിഷ്ണു വിജയൻ, അശ്വതി അനിൽ, സാജൻ സനകൻ, കാവേരി സാജൻ, ബിബിൻ കല്ലുങ്കൽ, വൈശാഖ് രഘുനാഥൻ നായർ, അനിൽ കുറുപ്പ്, ലീന അനിൽ, രഞ്ജിത് ചന്ദ്രൻ, രശ്മി രഞ്ജിത്ത്, വിജിത് വിശ്വംഭരൻ, സുനീഷ മുകുന്ദൻ എന്നിവരാണ്.

# സി.എം.എ. കലാമേള ഏപ്രിൽ 20-ന്

**ആൽവിൻ ഷിക്കോർ**

ചിക്കാഗോ: ചിക്കാഗോ മലയാളി അസോസിയേഷൻ കലാമേള ഏപ്രിൽ 20-ന് ശനിയാഴ്ച രാവിലെ 7.30 മുതൽ ബെൽവുഡ് സെ.തോമസ് സീറോ മലബാർ ഇടവകയുടെ ഹാളിൽ വെച്ച് നടത്തപ്പെടുന്നതാണ്. നാല് വേദികളിലായി 24 ഇനങ്ങളിൽ സബ് ജൂണിയർ, ജൂണിയർ, സീനിയർ, മാസ്റ്റേഴ്സ് എന്നീ വിഭാഗങ്ങളിൽ ആയിട്ടാണ് മത്സരങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. മലയാളി സമൂഹത്തിലെ വളർന്നുവരുന്ന കലാകാരന്മാർക്ക്, തങ്ങളുടെ സർഗ്ഗവാസനകൾ പരിപോഷിപ്പിക്കാൻ ആവശ്യമായ വേദിയൊരുക്കുക എന്നതാണ്


സജി മാലിത്തുരുത്തേൽ


സന്തോഷ് വി. ജോർജ്


സാറാ അനിൽ

ചിക്കാഗോ മലയാളി അസോസിയേഷൻ ഈ മേള സംഘടിപ്പിക്കുന്നതിലൂടെ ലക്ഷ്യം വെക്കുന്നത്.

കലാമേളയുടെ സുഗമമായ നടത്തിപ്പിനായി സജി മാലിത്തുരുത്തേൽ ചെയർമാനായും ശ്രീമതി സാറാ അനിൽ, സന്തോഷ് വി. ജോർജ് എന്നിവർ കോ-ഓർഡിനേറ്റേഴ്സുമായി പ്രവർത്തിക്കുന്നു. കലാമേളയുടെ വിശദമായ വിവരങ്ങൾ, രജിസ്ട്രേഷൻ, നിയമങ്ങൾ എന്നിവ ചിക്കാഗോ മലയാളി അസോസിയേഷൻ വെബ്സൈറ്റിൽ ലഭ്യമാണ്.

നമ്മുടെ ഭാവി വാഗ്ദാനങ്ങളുടെ സർഗ്ഗാത്മകത ദർശിക്കാൻ നമുക്ക് ലഭിക്കുന്ന അവസരമായി ഈ കലാമേളയെ പരിഗണിച്ച് ഇതിന് എല്ലാ പിന്തുണയും സഹായവും നല്കി ചരിത്രത്തിൽ സ്ഥാനം പിടിക്കുന്ന ഒരു കലാമേളയായി മാറ്റുവാൻ ഉള്ള ശ്രമത്തിലാണ് തങ്ങളെന്ന് മലയാളി അസോസിയേഷൻ പ്രസിഡണ്ട് ജെസ്സി റിൻസി, സെക്രട്ടറി ആൽവിൻ ഷിക്കോർ, ട്രഷറർ മനോജ് അച്ചേട്ട്, വൈസ് പ്രസിഡണ്ട് ഫിലിപ്പ് ലൂക്കോസ്, ജോ. സെക്രട്ടറി വിവീഷ് ജേക്കബ്, ജോ. ട്രഷറർ സിബിൾ ഫിലിപ്പ് എന്നിവർ അറിയിച്ചു.

# പുതിയ ദൗത്യവുമായി ഫാ. ജോസഫ് വർഗീസ് പാക്കിസ്ഥാനിൽ

**ജോർജ് തുമ്പയിൽ**

ചിക്കാഗോ: മതാന്തര സംവാദങ്ങളിലൂടെയും സമാധാന യാത്രകളിലൂടെയും ശ്രദ്ധിക്കപ്പെട്ട ഫാ. ജോസഫ് വർഗീസിന്റെ ഏറ്റവും പുതിയ ദൗത്യം സവിശേഷ ശ്രദ്ധ നേടുന്നു. ഇതാദ്യമാണ് സിറിയൻ ഓർത്തഡോക്സ് സഭയുടെ ലിറ്റർജി പാക്കിസ്ഥാനിൽ എത്തിയത്.

പാക്കിസ്ഥാനിലെ ഹൈദരാബാദിലും സിന്ധിലും 40 കുടുംബങ്ങളെയും പഞ്ചാബിലെ ഫൈസലാബാദിൽ 30 കുടുംബങ്ങളെയും മാമ്മോദീസ മുക്കുവാൻ അച്ചനും സംഘാംഗങ്ങളും പ്ലാൻ ചെയ്യുന്നു. സിറിയയിൽ നിന്നുള്ള അഭിവന്ദ്യ ഇഗ്നാത്തിയോസ് അപ്രേം രണ്ടാമൻ പാത്രിയർക്കീസിന്റെ പ്രതിനിധിയായി അഭിവന്ദ്യ ജോസഫ് ബാലി മെത്രാപ്പോലീത്ത, ഫാ. ഷമൂൺ, ഫാ. ഷസാദ് കോക്കർ, റോമസ് സട്ടി എന്നിവരും സംഘത്തിലുണ്ട്.



ഏപ്രിൽ 12-ന് കറാച്ചിയിലെത്തിയ മെത്രാപ്പോലീത്തയെയും അച്ചനെയും കറാച്ചി എയർപോർട്ടിൽ നിന്ന് ഹൈദരാബാദിലേക്ക് ആനയിച്ചു. 13-ാം തീയതി ഗോണ്ടൽ ഫാം കോത്രിയിൽ സ്വീകരണം നൽകി. തുടർന്ന് പ്രാർത്ഥനയും ബാപ്റ്റിസവും നടത്തി. ഏപ്രിൽ 14-ന് ഹൈദരാബാദിൽ നിന്നുള്ള രണ്ട് പേരെ ശെമ്മാശന്മാരായി വാഴിക്കപ്പെട്ടു. വൈകുന്നേരം നടന്ന ഇന്റർഫെയ്ത്ത് ഹാർമ്മണിയിൽ കാത്തലിക് ബിഷപ്പുമാരുമായും മുസ്ലിം നേതാക്കന്മാരുമായും പ്രോട്ടസ്റ്റന്റ് പാസ്റ്റർമാരുമായുള്ള എക്യുമെനിക്കൽ ചർച്ചകൾ നടത്തി.

16-ന് കറാച്ചിയിൽ നിന്ന് ഫൈസലാബാദ്, സഹിവാൽ, ഓക്റ എന്നിവിടങ്ങളിലേക്ക് യാത്ര. 17-ന് സ്വീകരണം, പഞ്ചാബിൽ നിന്നുള്ളവരെ ശെമ്മാശന്മാരാക്കുന്ന ശുശ്രൂഷ. 18-ന് ലാഹോർ എയർപോർട്ടിൽ നിന്ന് ലെബനോനിലേക്ക് മടക്കം.

മതങ്ങൾ തമ്മിലും വ്യത്യസ്ത മതപാരമ്പര്യങ്ങൾക്കിടയിലും വ്യക്തിപരമായും സ്ഥാപനപരവുമായ തലങ്ങളിൽ ദേശീയ അന്തർദ്ദേശീയ തലത്തിൽ ക്രിയാത്മക ഇടപെടലുകൾക്കും സഹകരണത്തിനും നേതൃത്വം വഹിക്കുന്ന ഫാ. ജോസഫ് വർഗീസ്, അമേരിക്കൻ മലയാളികൾക്കിടയിലെ വ്യത്യസ്ത മുഖമാണ്. ഇപ്പോൾ സൗത്ത് ഫ്ളോറിഡയിലെ മയാമിയിൽ സെന്റ് മേരീസ് സിറിയൻ ഓർത്തഡോക്സ് ഇടവക വികാരി. ഭാര്യ ജെസി വർഗീസ്. മക്കൾ: യൂജിൻ വർഗീസ്, ഈവാ സൂസൻ വർഗീസ്.

ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിലീജിയസ് ഫ്രീഡം ആൻഡ് ടോളറൻസിൽ (ഐആർഎഫ്ടി) അംഗവും ഹോളി സോഫിയാ കോപ്റ്റിക് ഓർത്തഡോക്സ് സ്കൂൾ ഓഫ് തിയോളജിയിലെ അഡ്ജക്റ്റ് പ്രൊഫസറുമാണ് അച്ചൻ.

# ഹോപ്‌വെൽ ജംഗ്ഷൻ ഓർത്തഡോക്സ് പള്ളിയിൽ ഫാമിലി & യൂത്ത് കോൺഫറൻസ് രജിസ്ട്രേഷൻ

**ഉമ്മൻ കാപ്പിൽ**

ന്യൂയോർക്ക്: ഹോപ്‌വെൽ ജംഗ്ഷൻ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന ഫാമിലി/യൂത്ത് കോൺഫറൻസ് പ്ലാനിംഗ് കമ്മിറ്റിയിൽ നിന്നുള്ള ഒരുസംഘം ഏപ്രിൽ 7-ന് ഹോപ്‌വെൽ ജംഗ്ഷൻ സെ. ഗ്രിഗോറിയോസ് ഓർത്തഡോക്സ് ചർച്ച് ഓഫ് ഡച്ചസ് കൗണ്ടി സന്ദർശിച്ചു.

ഷിബു തരകൻ (ജോ. സെക്രട്ടറി), രഘു നൈനാൻ (ഫിനാൻസ് കമ്മിറ്റി അംഗം), എന്നിവരടങ്ങുന്നതായിരുന്നു കോൺഫറൻസ് ടീം. ഇടവകയിൽ കോൺഫറൻസ് രജിസ്ട്രേഷന്റെ ഔദ്യോഗിക കിക്കോഫിനുള്ള യോഗം വിശുദ്ധ കുർബാനയ്ക്കുശേഷം ഉണ്ടായിരുന്നു.

വികാരി ഫാ. ബോബി വർഗീസ് ടീം അംഗങ്ങൾക്ക് സ്വാഗതം ആശംസിക്കുകയും കോൺഫറൻസിൽ രജിസ്റ്റർ ചെയ്യാൻ ഇടവകാംഗങ്ങളോട് ആഹ്വാനം ചെയ്യുകയും ചെയ്തു.

ഫാമിലി/യൂത്ത് കോൺഫറൻസിന്റെ ഈ വർഷത്തെ തീം, ലൊക്കേഷൻ, പ്രസംഗകർ, രജിസ്ട്രേഷൻ എന്നിവയെക്കുറിച്ചുള്ള പൊതുവായ വിവരങ്ങൾ ഷിബു തരകൻ നൽകി. സമ്മേളനത്തിന്റെ സ്മരണാർത്ഥം പ്രസിദ്ധീകരിക്കുന്ന സുവനീറിനെക്കുറിച്ച് രഘു നൈനാൻ സംസാരിച്ചു. സ്പോൺസർഷിപ്പ് നല്കിയും റാഫിൾ ടിക്കറ്റുകൾ വാങ്ങിക്കൊണ്ടും കോൺഫറൻസിനെ പിന്തുണയ്ക്കണമെന്ന് അദ്ദേഹം അഭ്യർത്ഥിച്ചു.

ഇടവകയെ പ്രതിനിധീകരിച്ച് വിശാൽ ചെറിയാൻ (ഇടവക ട്രസ്റ്റി) സുവനീറിൽ അഭിനന്ദനങ്ങൾ ചേർക്കാൻ സംഭാവന നല്കി. ഏബ്രഹാം തോമസ് ഗ്രാൻഡ് സ്പോൺസർഷിപ്പോടെ പിന്തുണ വാഗ്ദാനം ചെയ്തു.

മാത്യു എടമ്പാടത്ത് (ജോർജ്), വിശാൽ ചെറിയാൻ, മനോജ് വർക്കി, ജസ്റ്റിൻ ജോൺ, കൊച്ചുമോൻ വർഗീസ്, മഹേഷ് മാത്യു എന്നിവർ റാഫിൾ ടിക്കറ്റ് വാങ്ങി പിന്തുണ വാഗ്ദാനം ചെയ്തു. ആത്മാർത്ഥമായി സഹകരിച്ച വികാരിയോടും ഇടവകാംഗങ്ങളോടും കോൺഫറൻസ് ടീം നന്ദി രേഖപ്പെടുത്തി.

കോൺഫറൻസ് 2024 ജൂലൈ 10 മുതൽ 13 വരെ പെൻസിൽവേനിയയിലെ ലങ്കാസ്റ്ററിലെ വിൻഡം റിസോർട്ടിലാണ് നടക്കുന്നത്. സൺഡേസ്കൂൾ ഡയറക്ടർ ജനറലും പുതുപ്പള്ളി സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി വികാരിയുമായ ഫാ. ഡോ. വർഗീസ് വർഗീസ് (മീനടം) മുഖ്യപ്രഭാഷണം നടത്തും. ഗ്രീക്ക് ഓർത്തഡോക്സ് സഭയുടെ ഫാ. സെറാഫിം മജ്മുദാറും സൗത്ത് വെസ്റ്റ് ഭദ്രാസന വൈദികൻ ഫാ. ജോയൽ മാത്യുവും യുവജന സെഷനുകൾക്ക് നേതൃത്വം നല്കും. 'ദൈവിക ആരോഹണത്തിന്റെ ഗോവണി' എന്ന വിഷയത്തിലൂന്നി 'ഭൂമിയിലുള്ള കാര്യങ്ങളിലല്ല, മുകളിലുള്ള കാര്യങ്ങളിൽ നിങ്ങളുടെ മനസ്സ് സ്ഥാപി



ക്കുക' (കൊലൊസ്യർ 3:2) എന്ന വചനത്തെ ആസ്പദമാക്കിയാണ് കോൺഫറൻസിന്റെ ചിന്താവിഷയം. ബൈബിൾ, വിശ്വാസം, സമകാലിക വിഷയങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി കുട്ടികൾക്കും യുവജനങ്ങൾക്കും മുതിർന്നവർക്കും പ്രത്യേകം സെഷനുകൾ ഉണ്ടായിരിക്കും.

Registration link:http://tinyuri.-com/FYC2024. കൂടുതൽ വിവരങ്ങൾക്ക്: ഫാ. അബു പീറ്റർ-കോൺഫറൻസ് കോ-ഓർഡിനേറ്റർ (ഫോൺ 914 806 4595), ചെറിയാൻ പെരുമാൾ-കോൺഫറൻസ് സെക്രട്ടറി (ഫോൺ 516 439 9087) എന്നിവരുമായി ബന്ധപ്പെടുക.

# കേരള സെന്ററിൽ ഡോ. തോമസ് ഏബ്രഹാമിന്റെ ജീവിതം ആഘോഷമാക്കിയ ലൈബ്രറി ഉദ്ഘാടനം




**ജോസ് കാടാപുറം**

ന്യൂയോർക്ക്: വിവിധ സംഘടനകളുടെ സ്ഥാപകനും കേരള സെന്ററിന്റെ തുടക്കക്കാരിലൊരാളും അരനൂറ്റാണ്ടിലേറെയായി ഇന്ത്യൻ അമേരിക്കൻ സമൂഹത്തിന്റെ കരുത്തുറ്റ വക്താവും ആചാര്യസ്ഥാനീയനുമായ ഡോ. തോമസ് ഏബ്രഹാമിന്റെ നാമധേയത്തിൽ കേരള സെന്ററിൽ സ്ഥാപിച്ച ലൈബ്രറി കോൺസൽ ജനറൽ ബിനയ ശ്രീകാന്ത പ്രധാൻ ഉദ്ഘാടനം ചെയ്തു.

പുസ്തകങ്ങൾക്ക് പുറമെ ഇന്ത്യ അമേരിക്കൻ സമൂഹത്തിന്റെ വളർച്ച ചിത്രീകരിക്കുന്ന ചരിത്രപരമായ രേഖകളും മറ്റും അടങ്ങിയതാണ് ലൈബ്രറി. കേരള സെന്ററിൽ നിറഞ്ഞുകവിഞ്ഞ സദസിനെ അഭിസംബോധന ചെയ്ത കോൺസൽ ജനറൽ പ്രധാൻ ഇത് ഒരു ലൈബ്രറി ഉദ്ഘാടനമായിട്ടല്ല താൻ കാണുന്നതെന്നു പറഞ്ഞു. മറിച്ച് ഡോ. തോമസ് ഏബ്രഹാമിന്റെ ജീവിതവും സമൂഹത്തിന് അദ്ദേഹം നല്കിയ സംഭാവനകളും ഇവിടെ ആഘോഷിക്കപ്പെടുകയാണ്. അദ്ദേഹം സ്ഥാപിച്ച ഗോപിയോ (ഗ്ലോബൽ ഓർഗനൈസേഷൻ ഓഫ് പീപ്പിൾ ഓഫ് ഇന്ത്യൻ ഒറിജിൻ) പോലുള്ള സംഘടനകൾ തനിക്ക് പരിചിതമാണ്. അവിടെ സ്ഥാനമേറ്റയുടൻ പരിചയപ്പെട്ടവരിൽ ഒരാൾ അദ്ദേഹമായിരുന്നു. ഇന്ത്യൻ അമേരിക്കൻ സമൂഹത്തെപ്പറ്റിയുള്ള വ്യക്തമായ ഒരു ധാരണ അദ്ദേഹത്തിൽനിന്ന് കിട്ടി.

ഇന്ത്യൻ സമൂഹത്തിന്റെ ക്രമാനുഗതമായ വളർച്ചയും മാറ്റവും അദ്ദേഹത്തിന്റെ ജീവിതത്തിലൂടെ തന്നെ ബോദ്ധ്യമാവും. ആവേശം കൊള്ളിക്കുന്നതാണ് ഈ വളർച്ച. കോൺസുലേറ്റിന്റെ പ്രവർത്തനപരിധിയിൽ പ്പെടുന്ന ഒഹായോയിൽ ചെന്നപ്പോഴും തോമസ് ഏബ്രഹാമിന്റെ പേരു കേട്ടു. അദ്ദേഹത്തിന്റെ പ്രവർത്തനം ന്യൂയോർക്ക് ട്രൈസ്റ്റേറ്റ് മേഖലയിൽ ഒതുങ്ങുന്നതല്ല എന്നർത്ഥം. അരനൂറ്റാണ്ടിനപ്പുറം ഇന്ത്യ എന്ന ബ്രാൻഡ് അദ്ദേഹം എങ്ങനെ രൂപപ്പെടുത്തി എന്നത് ആശ്ചര്യമുളവാക്കുന്നതാണ്.

ഇന്ത്യൻ സമൂഹം ഇവിടെ അനുസ്യൂതം വളരുന്നു. അതിനു നാം വലിയ വില കൊടുക്കുന്നുമുണ്ട്. ഇപ്പോൾ ഇന്ത്യയിൽ നിന്ന് ഒരു ലക്ഷം വിദ്യാർത്ഥികളെങ്കിലും ഓരോ വർഷവും ഇവിടെ പഠിക്കാൻ വരുന്നു. അവർ ഒരു ശക്തിയായി മാറുന്നു.

താൻ ടാൻസാനിയയിൽ അംബാസഡറായിരിക്കെ ഇന്ത്യയിലെ ഐഐടിയുടെ ശാഖ അവിടെ സ്ഥാപിക്കാൻ ശ്രമിച്ചപ്പോൾ അത് അവിടത്തെ സർക്കാർ തന്നെ ഏറ്റെടുക്കുവാൻ മുന്നോട്ടുവന്നു. ഐഐടി വഴി ഇന്ത്യ കൈവരിച്ച നേട്ടങ്ങൾ മനസ്സിലാക്കി അത് തന്റെ രാജ്യത്തും ഉണ്ടാവണമെന്നുള്ള ആഗ്രഹമാണ് അവിടത്തെ പ്രസിഡണ്ടിനെ അതിനു പ്രേരിപ്പിച്ചത്.

ഇന്ത്യൻ അമേരിക്കൻ സമൂഹം ഇന്ത്യയിൽ ചെയ്യുന്ന സേവന പ്രവർത്തനങ്ങൾക്കൊപ്പം ഇവിടെയും ശ്രദ്ധ വെയ്ക്കേണ്ട സമയമായി. പ്രത്യേകിച്ച് ഇവിടെവരുന്ന വിദ്യാർത്ഥികൾക്ക് സഹായമെത്തിക്കാൻ സമൂഹം മുന്നോട്ടു വരണം. അതാണ് അത്യാവശ്യമായിട്ടുള്ളത്.

കേരള സെന്ററിന്റെ പ്രവർത്തനങ്ങളിൽ അഭിമാനമുണ്ട്. ലൈബ്രറിയിൽ ഡിജിറ്റൽ സംവിധാനവും ഉണ്ടാകണം. കേരള സെന്ററിന്റെയത്ര സൗകര്യം കോൺസുലേറ്റിനില്ലെന്നും അദ്ദേഹം പറഞ്ഞു. കേരള സെന്ററിലുള്ള പോലത്തെ ടെറസ് അവിടെയില്ല. കൂട്ടച്ചിരികൾക്കിടയിൽ അദ്ദേഹം പറഞ്ഞു.

ഡോ. മധു ഭാസ്കരൻ കോൺസൽ ജനറലിനെ പരിചയപ്പെടുത്തി. മറ്റൊരു മുഖ്യാതിഥി ആയിരുന്ന ന്യൂയോർക്ക് സ്റ്റേറ്റ് സെനറ്റർ കെവിൻ തോമസ് തന്റെ പ്രവർത്തനമേഖല മാറാൻ പോകുന്നത് ചടങ്ങിൽ വെളിപ്പെടുത്തി. കോൺഗ്രസിലേക്ക് മത്സരിക്കുമെന്ന് അദ്ദേഹം പ്രഖ്യാപിച്ചിരുന്നെങ്കിലും അത് പിന്നീട് വേണ്ടെന്നുവെച്ചു. ന്യൂയോർക്ക് സ്റ്റേറ്റ് സെനറ്റിലേക്കും അദ്ദേഹം ഇനി മത്സരിക്കുന്നില്ല. പ്രധാനപ്പെട്ട മറ്റൊരു നിയമനം അദ്ദേഹത്തിന് ലഭിക്കുമെന്ന് നേരത്തെ സൂചനയുണ്ടായിരുന്നു. അത് എന്തായിരിക്കുമെന്ന് അദ്ദേഹം വെളിപ്പെടുത്തിയില്ല.

അദ്ദേഹത്തിന്റെ അഭാവത്തിൽ ന്യൂയോർക്ക് സെനറ്റിലും അസംബ്ലിയിലും മലയാളികൾ ഇല്ലാതെയാകും. അതു നികത്താൻ യുവജനത രംഗത്തുവരണമെന്ന് അദ്ദേഹം പറഞ്ഞു. കേരള സെന്ററുമായും തോമസ് ഏബ്രഹാമുമായുള്ള ബന്ധവും അദ്ദേഹം വിവരിച്ചു. തോമസ് ഏബ്രഹാമിനെ ആദരിക്കുന്ന സെനറ്റിന്റെ പ്രൊക്ലമേഷനും അദ്ദേഹം കൈമാറി.

കേരള സെന്റർ ഒരു ഗവേഷണ കേന്ദ്രമായിരിക്കുമെന്നു പറഞ്ഞു താൻ 1994-ൽ പത്രങ്ങളിൽ എഴുതിയത് കേരള സെന്റർ എക്സിക്യൂട്ടീവ് ഡയറക്ടർ ഇ.എം. സ്റ്റീഫൻ അനുസ്മരിച്ചു. കേരളം എന്ന പ്രാദേശിക ചിന്താഗതിക്കു പകരം ഇന്ത്യ എന്ന വിശാല കാഴ്ചപ്പാടാണ് തങ്ങൾ പിന്തുടർന്നത്.

1978 മുതൽ തോമസ് ഏബ്രഹാമുമായി താൻ ബന്ധപ്പെടുന്നു. അദ്ദേഹം സ്ഥാപിച്ച പല സംഘടനകളിലും പ്രവർത്തിക്കുകയും ചെയ്തു. ഒരു വിഭാഗത്തിനുവേണ്ടി മാത്രമല്ല, എല്ലാവരുടെയും നന്മയ്ക്കായി തത്വചിന്താപരവും പുരോഗമനപരവുമായി പ്രവർത്തിക്കുന്ന വ്യക്തിയാണദ്ദേഹം. നമ്മുടെ സമൂഹത്തിൽ മതപരമായും മറ്റും ഭിന്നതകൾ അടുത്ത കാലത്തായി വളരുന്നു. അതു നമ്മുടെ സമൂഹത്തെ ശിഥിലപ്പെടുത്തും. ഐക്യത്തിനും മതനിരപേക്ഷതയ്ക്കും വേണ്ടി നാം ശക്തമായി രംഗത്തിറങ്ങേണ്ടതുണ്ട്: സ്റ്റീഫൻ പറഞ്ഞു.

സെന്റർ പ്രസിഡണ്ട് അലക്സ് എസ്തപ്പാൻ, ഡോ. തോമസ് ഏബ്രഹാം ആണ് മിക്കവാറുമെല്ലാം ഇന്ത്യൻ സംഘടനകളും സ്ഥാപിച്ചതെന്ന് ചൂണ്ടിക്കാട്ടി. എഫ്.ഐ.എ, എൻ.എഫ്, ഐഎ, ഗോപിയോ എന്നിങ്ങനെ. അവയാണ് ഇന്ത്യൻസമൂഹത്തെ ശാക്തീകരിച്ചത്.

വെസ്റ്റ്ചെസ്റ്ററിൽ നിന്നു ന്യൂയോർക്ക് സ്റ്റേറ്റ് അസംബ്ലിയിലേക്കു മത്സരിക്കുന്ന ജോൺ ഐസക് (ഷിബു), രാജു തോമസ്, റോക്ക് ലാൻഡ് ലെജിസ്ലേറ്റർ ഡോ. ആനി പോൾ തുടങ്ങി ഒട്ടേറെ പേർ സംസാരിച്ചു.

ഡെയ്സി സ്റ്റീഫൻ ആയിരുന്നു എംസി. ഡോ. തോമസ് ഏബ്രഹാമിന്റെ പുത്രൻ ജെയ് ഏബ്രഹാം, പുത്രി ഡോ. നിത്യ ഏബ്രഹാം, പൗത്രി ലീല തുടങ്ങിയവരും മറ്റു കുടുംബാംഗങ്ങളും ചടങ്ങിൽ പങ്കെടുത്തു.

ലൈബ്രറി ഉദ്ഘാടനം പ്രമാണിച്ചു ഏപ്രിൽ 6-ന് ന്യൂയോർക്ക് സിറ്റിയിൽ ഡോ. തോമസ് ഏബ്രഹാം ദിനമായി മേയർ എറിക്ക് ആഡംസ് പ്രഖ്യാപിച്ചു. ഇതു സംബന്ധിച്ച പ്രഖ്യാപനവും ചടങ്ങിൽ കൈമാറി.

തന്റെ പ്രവർത്തനങ്ങളെപ്പറ്റി സംസാരിച്ച ഡോ. തോമസ് ഏബ്രഹാം അതു സമൂഹത്തിൽ എന്തെങ്കിലും മാറ്റങ്ങൾ ഉണ്ടാക്കിയിട്ടുണ്ടെങ്കിൽ അതിൽ താൻ കൃതാർത്ഥതയുള്ളവനാണെന്ന് വ്യക്തമാക്കി. നമ്മുടെ സമൂഹം ഇനിയും വളരുകയും രാഷ്ട്രീയരംഗത്തും മറ്റും കരുത്താർജ്ജിക്കുകയും വേണം.

**ഫോട്ടോ: ബിനു തോമസ്**



































# യുവത്വത്തിന്റെ ഊർജസ്വലതയോടെ അറുപതിന്റെ നിറവിൽ ഗോപിനാഥ് മുതുകാട്

എം.പി. ഷീല




മലപ്പുറം: ഇന്ത്യൻ മാജിക് രംഗത്ത് സ്വന്തം വ്യക്തിമുദ്ര പതിപ്പിച്ച്, ജനഹൃദയങ്ങളിൽ ഇടം നേടിയ അതുല്യ പ്രതിഭയ്ക്ക് അറുപതാം പിറന്നാൾ. കഠിനാദ്ധ്വാനവും പരിശ്രമവുംകൊണ്ട് മലപ്പുറം ജില്ലയിലെ കവളമുക്കട്ട എന്ന ഗ്രാമത്തിൽ നിന്ന് ലോകപ്രശസ്തിയിലേക്ക് ഉയർന്ന മാന്ത്രികനാണ് ഗോപിനാഥ് മുതുകാട്. ലോക മാജിക് രംഗത്തെ പരമോന്നത പുരസ്കാരമായ മെർലിൻ അവാർഡ്, ലോകമാന്ത്രിക സംഘടനയായ ഇന്റർനാഷണൽ ബ്രദർഹുഡ് ഓഫ് മജീഷ്യൻസിന്റെ വിശിഷ്ടാംഗീകാരം ഉൾപ്പെടെ ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള നിരവധി പുരസ്കാരങ്ങളും പദവികളും അലങ്കരിക്കുന്ന ഈ ഇന്ദ്രജാലക്കാരൻ ഭിന്നശേഷിക്കുട്ടികളുടെ ഉന്നമനത്തിനായി പ്രൊഫഷണൽ മാജിക് രംഗത്തുനിന്ന് ആറ് വർഷം മുമ്പ് വിടപറയുകയുണ്ടായി.

1964 ഏപ്രിൽ 10-ന് കർഷകനായ കുഞ്ഞുണ്ണി നായരുടെയും ദേവകിയമ്മയുടെയും അഞ്ചാമത്തെ പുത്രനായി ജനിച്ച ഇദ്ദേഹം 88 വയസ്സുള്ള ആരോഗ്യവതിയായ അമ്മയോടും കുടുംബാംഗങ്ങളോടുമൊപ്പം കവളമുക്കട്ടയിലെ തറവാട്ടിൽ ലളിതമായ ചടങ്ങുകളോടെയാണ് പിറന്നാൾദിനം ചെലവഴിച്ചത്. തിരുവനന്തപുരത്ത് ഡിഫറന്റ് ആർട്ട് സെന്ററിലെ അമ്മമാർക്കും കുട്ടികൾക്കുമൊപ്പം കേക്ക് മുറിച്ച് തലേദിവസം പിറന്നാൾ ആഘോഷിച്ച ശേഷമാണ് കവളമുക്കട്ടയിലെ തറവാട്ടിൽ എത്തിയത്. കരിഷ്മയിലെ അമ്മമാർ സമ്മാനിച്ച നീല ജൂബ്ബയും മുണ്ടും ധരിച്ചാണ് ഡിഫറന്റ് ആർട്ട് സെന്ററിലെ ആഘോഷങ്ങൾക്ക് അദ്ദേഹം എത്തിയത്.



ജനപ്രിയനായ മജീഷ്യൻ എന്നതിലുപരി മോട്ടിവേഷണൽ സ്പീക്കർ കൂടിയായ ഗോപിനാഥ് മുതുകാടിന്റെ ജീവിതത്തിൽ അപ്രതീക്ഷിതമായാണ് തനിക്കും സ്ഥാപനത്തിനും എതിരെ അടുത്തിടെ സോഷ്യൽമീഡിയ ആക്രമണം ഉണ്ടായത്. ആരോപണങ്ങൾ ആസൂത്രിതവും അടിസ്ഥാനരഹിതവുമാണെന്നും തെളിവുകളോടെ സോഷ്യൽമീഡിയായിലൂടെ തന്നെ പുറത്തുവരികയുണ്ടായി. നുണപ്രചാരണം നടത്തിയവർ മുതുകാടിനെതിരെ ഗൂഢാലോചന നടത്തുന്ന ഓഡിയോ ക്ലിപ് ഉൾപ്പെടെ പല കാര്യങ്ങളും യൂട്യൂബ് ചാനലിൽ ഇതിനോടകം വന്നിരുന്നു. സോഷ്യൽമീഡിയ ആക്രമണത്തിന്റെ പശ്ചാത്തലത്തിൽ അറുപതാം പിറന്നാളിനു മുന്നോടിയായി തുടർച്ചയായ 60 ദിവസങ്ങളിൽ സ്വന്തം ജീവിതാനുഭവങ്ങളെ വിലയിരുത്തി, 'ജീവിതം ഒരു പാഠപുസ്തകം' എന്ന പരമ്പര സോഷ്യൽ മീഡിയയിലൂടെ പങ്കുവെച്ചിരുന്നു. മാതൃഭൂമി ബുക്സ് ഈ പരമ്പര പുസ്തകമാക്കാൻ തയ്യാറായി മുന്നോട്ടുവന്നിരുന്നു. കവളമുക്കട്ടയിലെ പിറന്നാൾ ആഘോഷങ്ങൾക്കിടയിൽ തന്റെ ജീവിതാനുഭവങ്ങൾ പുസ്തകമാക്കുന്നതിന്റെ സന്തോഷം പങ്കുവെച്ച് പുസ്തകത്തിന്റെ കവർ പ്രകാശനം ചെയ്തു. അമ്മ ദേവകിയമ്മയും പ്രിയപത്നി കവിതയും ചേർന്നാണ് കവർ പ്രകാശനം ചെയ്തത്. 'മാതാവിന്റെ കാൽക്കീഴിലാണ് സ്വർഗ്ഗം' എന്ന ക്യാപ്ഷനോടെ അമ്മയുടെ മടിയിൽ തല ചായിച്ച് കിടക്കുന്ന ചിത്രം പങ്കുവെച്ചുകൊണ്ടാണ് പിറന്നാൾദിനം ഗോപിനാഥ് മുതുകാട് സോഷ്യൽമീഡിയയ്ക്കു മുമ്പിൽ എത്തിയത്. നിരവധി പ്രമുഖരും ആരാധകരും സുഹൃത്തുക്കളും ആശംസകൾ അറിയിച്ചു സന്തോഷത്തിൽ പങ്കുചേർന്നു.





# ഫൊക്കാന കൺവൻഷൻ – ചിക്കാഗോ കിക്കോഫ് ചിത്രങ്ങളിലൂടെ...

ഫോട്ടോ:
മോനു വർഗീസ്


ഡോ. ബാബു സ്റ്റീഫൻ


ഡോ. കലാ ഷഹി


ഫാ. സിജു മുടക്കോടിൽ


ഫ്രാൻസിസ് കിഴക്കേക്കുറ്റ്


ജോർജ് പണിക്കർ


ജെയ്ബു കുളങ്ങര


ഡോ. ബ്രിജിറ്റ് ജോർജ്


സന്തോഷ് നായർ


ലീലാ മാരേട്ട്


ഡോ. സജിമോൻ ആന്റണി


പ്രവീൺ തോമസ്


സതീശൻ നായർ


ശ്രീകുമാർ ഉണ്ണിത്താൻ


റ്റോമി അംബേനാട്ട്



























# ബോസ്റ്റണിൽ ഐപിസി ഫാമിലി കോൺഫറൻസ് ഒരുക്കങ്ങൾ പുരോഗമിക്കുന്നു

**രാജൻ ആര്യപ്പള്ളിൽ**

ബോസ്റ്റൺ: ഐപിസി ഫാമിലി കോൺഫറൻസ് ബോസ്റ്റണിൽ 2024 ഓഗസ്റ്റ് 8 മുതൽ 11 വരെ ബോക്സ്ബോറോ റീജൻസി ഹോട്ടൽ ആൻഡ് കൺവൻഷൻ സെന്ററിൽ നടക്കും. 'രൂപാന്തരപ്പെടുത്തുന്ന ദൈവശക്തി' (റോമർ 12) എന്നതാണ് ഈ വർഷത്തെ കോൺഫറൻസ് തീം. ഈ കാലഘട്ടത്തിൽ ലോകമെങ്ങും ദൈവത്താൽ ഉപയോഗപ്പെടുന്ന സുവിശേഷകർ പ്രസംഗകരായെത്തും. ദൈവവചന ശുശ്രൂഷയ്ക്കും ആരാധനയ്ക്കും പ്രാധാന്യം നല്കുന്ന ഈ സമ്മേളനത്തിൽ കുടുംബ, വിവാഹ സെമിനാറുകൾ, യുവജനങ്ങൾക്കും കുട്ടികൾക്കും പ്രത്യേക സമ്മേളനങ്ങൾ എന്നിവയും ക്രമീകരിച്ചിട്ടുണ്ട്.


റവ.ഡോ. അഗസ്റ്റിൻ ജബകുമാർ


പാസ്റ്റർ ഡെവൺ ഫ്രൈ


ഡോ. ഡസ്റ്റി സ്മാൾ


ഡോ. ജെസ്സി ജെയ്സൺ


ഇമ്മാനുവേൽ കെ.ബി


പാസ്റ്റർ ഷോൺ സാമുവേൽ


ജസ്റ്റസ് ടാംസ്

ലോകപ്രശസ്തരും അഭിഷിക്തരുമായ പ്രഭാഷകരായ റവ.ഡോ. അഗസ്റ്റിൻ ജബകുമാർ, ഡോ. ഡസ്റ്റി സ്മാൾ, പാസ്റ്റർ ഡെവൺ ഫ്രൈ എന്നിവർ സമ്മേളനത്തിൽ മുഖ്യ പ്രഭാഷകരായിരിക്കും. ലോകപ്രശസ്ത മിഷനറിയും ഇന്ത്യയിലെയും നേപ്പാളിലെയും വിവിധ മിഷനറി ദൗത്യത്തിന്റെ മുന്നണിപോരാളിയും ആയിരക്കണക്കിന് ആളുകളെ രക്ഷയിലേക്ക് നടത്തുകയും ചെയ്തിട്ടുള്ള സുവിശേഷകൻ കൂടിയാണ് റവ.ഡോ. അഗസ്റ്റിൻ ജബകുമാർ. ലോകത്തിലെ 66 രാജ്യങ്ങളിൽ സുവിശേഷ സന്ദേശവുമായി എത്തിയ അദ്ദേഹം നൂറുകണക്കിന് മിഷനറിമാരെ സുവിശേഷവേലയ്ക്കായി ഒരുക്കിയെടുക്കുകയും ചെയ്തിട്ടുണ്ട്.

പാസ്റ്റർ ഡസ്റ്റി സ്മാളിന് ശക്തമായ ഒരു സാക്ഷ്യമുണ്ട്. അദ്ദേഹം പർപ്പസ് ചർച്ചിലെ പ്രധാന പാസ്റ്ററാണ്. ബോസ്റ്റണിലെ കണക്ട് ചർച്ചിലെ അറിയപ്പെടുന്ന യുവപ്രഭാഷകനും പാസ്റ്ററുമാണ് പാസ്റ്റർ ഡെവൺ. ഇവരെ കൂടാതെ അമേരിക്കയിൽ നിന്നും ഇന്ത്യയിൽ നിന്നുമുള്ള അഭിഷിക്ത ദൈവദാസന്മാരും പ്രസംഗിക്കും. ഡോ. ജെസ്സി ജെയ്സണാണ് ഈ വർഷത്തെ വനിതാ സ്പീക്കർ. ഇമ്മാനുവൽ കെ.ബി മലയാളം ആരാധനയ്ക്ക് നേതൃത്വം നല്കും. ഷോൺ സാമുവേൽ, ജസ്റ്റസ് ടാംസ് എന്നിവർ ഇംഗ്ലീഷ് ആരാധനയ്ക്ക് നേതൃത്വം നല്കും.

ഈ വർഷം ഐപിസി പാസ്റ്റേഴ്സ് ആൻഡ് ലീഡേഴ്സ് കോൺഫറൻസ്, ഐപിസി 2024 കോൺഫറൻസിന് മുമ്പ് ഓഗസ്റ്റ് 7, 8 തീയതികളിൽ നടത്തുവാനുള്ള ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്. ഈ നേതൃത്വ കോൺഫറൻസ് പ്രസക്തമായ വിഷയങ്ങളെ അഭിസംബോധന ചെയ്യും. നേതൃത്വ വെല്ലുവിളികളും സഭാ ശുശ്രൂഷ അവസരങ്ങളും, പാസ്റ്ററൽ മിനിസ്ട്രി, കൗൺസിലിംഗ്, യുവജനങ്ങളുടെയും സ്ത്രീകളുടെയും പ്രശ്നങ്ങൾ, വടക്കെ അമേരിക്കയിലെ സഭകളുടെ ഭാവിയും എന്നീ വിഷയങ്ങൾക്ക് പ്രാധാന്യം നല്കും. കൂടാതെ സ്പോർട്സ്, റിക്രിയേഷൻ സെഷനുകളും ഈ കോൺഫറൻസിനെ കൂടുതൽ ആകർഷകമാക്കും.

ഐപിസി ഫാമിലി കോൺഫറൻസ് 2024 ദേശീയ ഭാരവാഹികളായ പാസ്റ്റർ ഡോ. തോമസ് ഇടുക്കള (ചെയർമാൻ), ബ്രദർ വെസ്ലി മാത്യു (സെക്രട്ടറി), ബ്രദർ ബേവൻ തോമസ് (ട്രഷറർ), ഡോ. മിനു ജോർജ് (യൂത്ത് കോ-ഓർഡിനേറ്റർ), സിസ്റ്റർ രേഷ്മ തോമസ് (ലേഡീസ്കോ-ഓർഡിനേറ്റർ), പാസ്റ്റർ മാമ്മൻ വർഗീസ് (പ്രാർത്ഥനാ കോ-ഓർഡിനേറ്റർ), ബ്രദർ രാജൻ ആര്യപ്പള്ളിൽ (മീഡിയ കോ-ഓർഡിനേറ്റർ) എന്നിവരോടൊപ്പം നിലവിലുള്ള നാഷണൽ, ലോക്കൽ കമ്മിറ്റികൾ 2024-ലെ കോൺഫറൻസിന്റെ സുഗമമായ നടത്തിപ്പിനായി പ്രവർത്തിച്ചുവരുന്നു.

ന്യൂയോർക്ക്, ന്യൂജേഴ്സി, ഫിലാഡൽഫിയ, ടൊറൊന്റോ, മേരിലാൻഡ് എന്നിവിടങ്ങളിൽ നിന്നും സമീപ സംസ്ഥാനങ്ങളിൽ നിന്നും റോഡ് മാർഗ്ഗം എത്തിച്ചേരാവുന്ന ദൂരത്തിലാണ് കൺവൻഷൻ സെന്റർ. www.ipcfamily-conference.org-ൽഹോട്ടൽ ഡിസ്കൗണ്ട് നിരക്കുകൾക്കും കൂടുതൽ വിവരങ്ങൾ അറിയുന്നതിനും സൗകര്യമുണ്ട്. ഉടൻതന്നെ രജിസ്റ്റർ ചെയ്ത് സമ്മേളന പങ്കാളിത്തം ഉറപ്പാക്കുവാനും പ്രാർത്ഥിക്കുവാനും സംഘാടക സമിതി അഭ്യർത്ഥിക്കുന്നു.

## ടാമ്പായിൽ സീനിയർ വെൽനസ് ചർച്ചാ യോഗം ചേരുന്നു

**രാജു മൈലപ്ര**

ടാമ്പാ: വർദ്ധിച്ചുവരുന്ന മലയാളി വയോജന സമൂഹത്തിന് ഫലപ്രദമായ എന്തെല്ലാം സേവനങ്ങൾ നല്കുവാൻ കഴിയുമെന്ന് ആലോചിക്കുന്നതിനായി, ടാമ്പാ ബേ നിവാസികളായ സാമൂഹിക പ്രവർത്തകരുടെ ഒരു ആലോചനായോഗം മെയ് നാലിന് മൂന്നു മണിക്ക് സെന്റ് ഗ്രീഗോറിയോസ് ചർച്ച് ഓഡിറ്റോറിയത്തിൽ വെച്ച് നടത്തപ്പെടുന്നു.

കഴിഞ്ഞ മൂന്നു പതിറ്റാണ്ടുകളിലേറെയായി ടാമ്പായിൽ കുടുംബസമേതം താമസിക്കുന്ന, സോഷ്യൽ വർക്കിൽ ബിരുദാനന്തര ബിരുദം നേടിയിട്ടുള്ള വയോജന പരിപാലനത്തിൽ മുപ്പതു വർഷത്തോളം പ്രവർത്തന പരിചയമുള്ള റവ. ജോർജ് പൗലോസ് കോർ എപ്പിസ്കോപ്പയാണ് ഈ സംരംഭത്തിന് നേതൃത്വം നല്കുന്നത്.

നമ്മുടെ സമൂഹത്തിൽ അറുപത്തിയഞ്ചിനു മുകളിലുള്ളവരുടെ എണ്ണം ഏറിവരികയാണ്. അവരിൽ പലരും ശാരീരികവും മാനസികവുമായ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നവരാണ്. ജീവിത സായാഹ്നത്തിൽ ഒറ്റയ്ക്കു താമസിക്കേണ്ടി വരുന്നവർ അനുഭവിക്കുന്ന പ്രയാസങ്ങൾ അനവധിയാണ്. ഭക്ഷണം, യാത്ര, വൈദ്യസഹായം, സുരക്ഷ തുടങ്ങി അനവധി കാര്യങ്ങളിൽ അവർക്ക് സഹായം വേണ്ടിവരും. അവരെ ചേർത്തുപിടിക്കേണ്ടത് നമ്മുടെ കടമയും ഉത്തരവാദിത്വവുമാണെന്ന് പൗലോസ് അച്ചൻ അഭിപ്രായപ്പെട്ടു.

ടാമ്പായിലും സമീപപ്രദേശത്തുമുള്ള വിവിധ സാമുദായിക, സാംസ്കാരിക സംഘടനാ നേതാക്കന്മാർ ഈ ആലോചനായോഗത്തിൽ പങ്കെടുക്കുമെന്ന് അറിയിച്ചിട്ടുണ്ട്.

ഇത്തരം ഒരു സംരംഭം ഫലപ്രാപ്തിയിലെത്തിക്കുവാൻ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്നവരുടെ സഹകരണം ആവശ്യമാണ്. കഴിവുള്ളവരെല്ലാം തന്നെ ഈ മീറ്റിംഗിൽ പങ്കെടുത്ത് അവരുടെ ആശയങ്ങളും നിർദ്ദേശങ്ങളും നല്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**Date:** Saturday, May 4, 2024 @ 3.00 PM

**Place:** St. Gregorio's Orthodox Church Hall

11407 Jefferson Road

Thonotosassa, FL 33592.

**For information:**

Very Rev. George Paulose Cor Episcopos 813 838 1756

Stephen Lukose 813 203 1088, T. Unnikrishnan 813 334 0123,

Babu Devasia 931 628 7120, Titto John 813 408 3777,

Blesson Mannil 727 481 9680, K.K.Abraham 813 690 4150,

Ammini Cheriyan 813 947 9047, Raju Mylapra 201 657 0090

## 'ഒരു വീട് ഒരു റോസ്' പദ്ധതിക്ക് തുടക്കം

**ലിൻസ് താന്നിച്ചുവട്ടിൽ**

ചിക്കാഗോ: ബെൻസൻവിൽ തിരുഹൃദയ ദേവാലയ പരിസരത്തെ മനോഹരമായി പൂവണിയിക്കാൻ 'ഒരു വീട് ഒരു റോസ്' പദ്ധതിക്ക് ഇടവകയിൽ തുടക്കമായി.

ഇടവകയുടെ അസി. വികാരി ഫാ. ബിൻസ് ചേത്തലിൽ ആദ്യ റോസത്തൈ ട്രസ്റ്റി കോ-ഓർഡിനേറ്റർ തോമസ് നെടുവാമ്പുഴയ്ക്ക് നല്കിക്കൊണ്ട് പദ്ധതിക്ക് തുടക്കം കുറിച്ചു.

ഇടവകയിലെ എല്ലാ ഭവനങ്ങളും അവരുടെ കൃതജ്ഞതാസമർപ്പണമായി ദേവാലയത്തോട് ചേർന്ന് അവർ ആഗ്രഹിക്കുന്നിടത്ത് ഒരു റോസത്തൈ നട്ട് ഈ പദ്ധതിയിൽ പങ്കുകാരാകുന്നു.

തിരുഹൃദയ ദേവാലയപരിസരം മനോഹരമായി സൂക്ഷിച്ച് സുന്ദരമാക്കുക വഴി ഇടവക ദേവാലയത്തോടുള്ള സ്നേഹപ്രകടനമാണ്, എന്നും തന്റെ ഇടവക ദേവാലയത്തെ അഭിമാനപൂർവം ചേർത്തുപിടിക്കലാണ് ഈ പദ്ധതിയെന്നും പള്ളിമേടയുടെ ആദ്യറോസത്തൈ നല്കി, പദ്ധതി ഉദ്ഘാടനം ചെയ്തുകൊണ്ട് ഫാ. ബിൻസ് ചേത്തലിൽ പറഞ്ഞു. രണ്ട് ആഴ്ചയ്ക്കുള്ളിൽ ഈ പദ്ധതി പൂർത്തീകരിക്കാനാണ് ശ്രമിക്കുന്നത്.



# ഇന്ത്യൻ എൻജിനിയേഴ്സ് അസോസിയേഷൻ മാനസികാരോഗ്യ സെമിനാറുകൾ നടത്തും

ചിക്കാഗോ: അമേരിക്കൻ അസോസിയേഷൻ ഓഫ് എൻജിനിയേഴ്സ് ഓഫ് ഇന്ത്യൻ ഒറിജിന്റെ (എഎഇഐഒ) ഭാരവാഹികളും ഇന്ത്യൻ കോൺസുലേറ്റ് ജനറൽ സോമനാഥ് ഘോഷും ചേർന്നു നടത്തിയ മീറ്റിങ്ങിൽ വിവിധ അമേരിക്കൻ യൂണിവേഴ്സിറ്റികളിൽ ഇന്ത്യൻ വിദ്യാർത്ഥികൾക്കിടയിലെ ആത്മഹത്യകൾ ഉണ്ടാകുന്നതിൽ വലിയ ദുഃഖവും ഖേദവും രേഖപ്പെടുത്തി. അസോസിയേഷൻ പ്രസിഡണ്ട് ഗ്ലാഡ്സൺ വർഗീസ് പഠിച്ച പെൻഡ്യൂ യൂണിവേഴ്സിറ്റിയിലാണ് ഇതിൽ മൂന്നു മരണങ്ങൾ നടന്നത്. ജനുവരി മാസത്തിലാണ് പത്തൊമ്പതുകാരനായ നീൽ ആചാര്യ പെർഡ്യൂ യൂണിവേഴ്സിറ്റി കാമ്പസിൽ മരിച്ചനിലയിൽ കാണപ്പെട്ടത്. മറ്റു കുട്ടികൾ ഇല്ലിനോയിസ് യൂണിവേഴ്സിറ്റി, ഷാമ്പയിൽ കാമ്പസിലും മറ്റു യൂണിവേഴ്സിറ്റികളിലും മരണപ്പെട്ടു. എഎഇഐഒ പ്രസിഡണ്ട് ഈയിടെ പെർഡ്യൂ യൂണിവേഴ്സിറ്റി സന്ദർശിച്ച് യൂണിവേഴ്സിറ്റി പ്രസിഡണ്ട് ഡോ. മങ് ചിയാംഗ്, യൂണിവേഴ്സിറ്റി ഡീൻ ഡോ. അരവിന്ദ് രമൺ എന്നിവരുമായി ചർച്ചകൾ നടത്തി. എഎഇഐഒ എൻജിനീയറിങ് സ്റ്റുഡന്റ് ചാപ്റ്റർ പ്രസിഡണ്ട് ഗൗരവ് ചോബയും ചർച്ചകളിൽ പങ്കെടുത്തു. ആദ്യത്തെ മാനസികാരോഗ്യ സെമിനാർ മെയ് മാസത്തിൽ നടത്തുവാൻ തീരുമാനിച്ചു.





തങ്ങളുടെ കുടുംബങ്ങളുടെ വലിയ സ്വപ്നങ്ങളുമായി ബാങ്കുകളിൽനിന്ന് വൻ തുക കടമെടുത്ത് അമേരിക്കയിലെത്തുന്ന ഇന്ത്യൻ വിദ്യാർത്ഥികൾ അമേരിക്കയിലെ പ്രശസ്ത യൂണിവേഴ്സിറ്റികളിൽ കടുത്ത പഠനരീതിയുള്ള ക്ലാസുകളും, B ആവറേജ് ഗ്രേഡ് ഉണ്ടാക്കാനുള്ള പരിശ്രമംകൊണ്ട് കടുത്ത മാനസിക ബുദ്ധിമുട്ട് മൂലം മദ്യത്തിനും മയക്കുമരുന്നുകൾക്കും അടിമപ്പെടുന്നതായി അഭിപ്രായപ്പെട്ടു.

എഎഇഐഒ സെക്രട്ടറി നാഗ് ജയ്സ്വാൾ സംഘടിപ്പിച്ച ഈ മീറ്റിംഗിൽ വൈസ് പ്രസിഡണ്ട് നിതിൻ മഹേശ്വരി, ബോർഡ് അംഗവും നോർത്ത് ഇല്ലിനോയിസ് യൂണിവേഴ്സിറ്റിയിലെ എൻജിനീയറിംഗ് ഡീനുമായിരുന്ന ഡോ. പ്രമോദ് വോറ, ട്രഷറർ രജ്വീന്ദർ സിംഗ് മാഗോ, ദിപൻ മോദി, അൻഗിരി അഗർവാൾ, ഗൗതം റാവു എന്നിവർ തങ്ങളുടെ ദുഃഖവും അഭിപ്രായങ്ങളും രേഖപ്പെടുത്തി. കോൺസുൽ ജനറൽ ഓഫ് ഇന്ത്യ സോമനാഥ് ഘോഷിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം ഇന്ത്യൻ കോൺസുലേറ്റിന്റെ എല്ലാ സഹായങ്ങളും സംഘടനയ്ക്ക് നല്കാമെന്ന് വാഗ്ദാനം ചെയ്തു.

## ചിക്കാഗോ കെ.സി.എസ് യൂത്ത് ഫെസ്റ്റിവൽ മെയ് 11-ന്

**സിബു കുളങ്ങര**

ചിക്കാഗോ: കെ.സി.എസ് ഭാവിയുടെ വാഗ്ദാനങ്ങളായ കുട്ടികളുടെ ഭാവനയും സർഗ്ഗശേഷിയും സമുദായ സാമൂഹിക പ്രതിബദ്ധതയും പരിപോഷിപ്പിക്കുന്നതിനായി നടത്തിവരുന്ന യൂത്ത് ഫെസ്റ്റിവൽ അടുത്തമാസം (മെയ് 11-ന്) ശനിയാഴ്ച രാവിലെ 8.30 മുതൽ ഡെസ്പ്ലെയിൻസിലുള്ള കെ.സി.എസ്. ക്നാനായ സെന്ററിൽ വെച്ച് നടത്തപ്പെടുന്നതാണ്.

അഞ്ച് വേദികളിലായി 27 ഇനങ്ങളിലാണ് സബ്ജൂണിയർ, ജൂണിയർ, സീനിയർ എന്നീ വിഭാഗങ്ങൾക്കായിട്ടാണ് മത്സരങ്ങൾ നടത്തപ്പെടുന്നത്.






മെയ് 5 വരെ യൂത്ത് ഫെസ്റ്റിവലിന് രജിസ്റ്റർ ചെയ്യാവുന്നതാണ്. വിശദമായ വിവരങ്ങൾ, നടപടിക്രമങ്ങൾ എന്നിവ https://kcschicago.com എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

യൂത്ത് ഫെസ്റ്റിവലിന്റെ വിജയകരമായ നടത്തിപ്പിനായി ബിനു ഇടകരയിൽ ചെയർപേഴ്സണും ബെക്കി ഇടിയാലിൽ, ബിബി കല്ലിടുക്കിൽ, ജിനു പുന്നച്ചേരിൽ എന്നീ കോ-ഓർഡിനേറ്റേഴ്സിനെയും കൂടാതെ കെ.സി.എസ് എക്സിക്യൂട്ടീവായ പ്രസിഡണ്ട് ജെയിൻ മാക്കീൽ, വൈസ് പ്രസിഡണ്ട് ജിനോ കക്കാട്ടിൽ, സെക്രട്ടറി സിബു കുളങ്ങര, ജോയിന്റ് സെക്രട്ടറി തോമസുകുട്ടി തേക്കുംകാട്ടിൽ, ട്രഷറർ ബിനോയ് കിഴക്കേനടയിൽ എന്നിവരുൾപ്പെടുന്ന 25 അംഗ കമ്മിറ്റി പ്രവർത്തിച്ചുവരുന്നു.

യൂത്ത് ഫെസ്റ്റിവലിൽ പങ്കെടുക്കുന്ന കുട്ടികളുടെ ബാഹുല്യം കണക്കിലെടുത്ത് എല്ലാ മാതാപിതാക്കളും ദയവായി മെയ് 5-നു മുമ്പായി രജിസ്ട്രേഷൻ പൂർത്തിയാക്കണമെന്നും പുഞ്ചിരി മത്സരം, പെയിന്റിംഗ്, ഡ്രോയിംഗ് തുടങ്ങിയ ഇനങ്ങളിൽ മാത്രമേ തത്സമയ രജിസ്ട്രേഷൻ ഉണ്ടായിരിക്കുകയുള്ളുവെന്നും സംഘാടകർ അറിയിച്ചു.

## അമേരിക്കൻ മലയാളികൾക്ക് സാംസ്കാരിക കേന്ദ്രമൊരുങ്ങുന്നു

**അനുപമ വെങ്കിടേഷ്**

ചിക്കാഗോ: അമേരിക്കൻ മലയാളിയുടെ എക്കാലത്തെയും ആഗ്രഹമായ കേരള കലാ സാംസ്കാരിക കേന്ദ്രം ചിക്കാഗോയിൽ തുടങ്ങാൻ അല (ആർട്ട് ലവേഴ്സ് ഓഫ് അമേരിക്ക) മുൻകൈയെടുക്കുന്നു.

അമേരിക്കയിലെ മലയാളികളുടെ കലാ സാംസ്കാരിക സംഘടനയായ അലയുടെ ഈ സ്വപ്ന പദ്ധതിയുടെ ധനസമാഹരണത്തിനായി ചിത്രവർണം എന്നപേരിൽ സംഗീതപരിപാടി ഏപ്രിൽ ഇരുപത്തിയെട്ടിന് നേപ്രിവിൽ യെല്ലോ ബോക്സിസ് (Yellow Box, Naperville) നടക്കും. കെ.എസ്. ചിത്ര നയിക്കുന്ന ഈ പരിപാടിയിൽ സംഗീതജ്ഞൻ ശരത്ത്, പിന്നണിഗായകരായ നിഷാന്ത്, അനാമിക എന്നിവരും മറ്റ് ഒൻപത് കലാകാരന്മാരും അണിനിരക്കും.

ഇതോടൊപ്പം തന്നെ കേരളത്തിന്റെ തനിമ ഉയർത്താൻ കേരള സർക്കാരിന്റെ വിവിധ വകുപ്പുകളുമായി ചേർന്ന് കേരള എക്സ്പോ എന്ന വിപണന മേള സംഘടിപ്പിക്കും. ഖാദി, മലയാളം മിഷൻ, ക്രാഫ്റ്റ് വില്ലേജ് തുടങ്ങിയ സ്ഥാപനങ്ങളുടെ ഉല്പന്നങ്ങൾ എക്സ്പോയിൽ ലഭ്യമാക്കും. അലയുടെ മറ്റു പരിപാടികളെപ്പോലെ തന്നെ പുസ്തകമേളയും കേരളത്തിന്റെ രുചിവൈവിധ്യം എടുത്തുകാട്ടുന്ന ഭക്ഷ്യമേളയും സംഘടിപ്പിക്കും.

എഐ കൺസൾട്ടൻസി സ്ഥാപനമായ ഐഎക്സ്ഐ ജിഎഐ (iXi gAI) ആണ് പരിപാടിയുടെ മുഖ്യ സ്പോൺസർ. എൽമെസ്റ്റ് എക്സ്റ്റെൻഡഡ് കെയർ സെന്റർ (Elmhurst Extended Care Center) സർട്ടിഫൈഡ് അക്കൗണ്ടിംഗ് ആൻഡ് ടാക്സ് ഐഎൻസിയും (Certified Accounting & Tax Inc) കോൾഡ് വെൽ ബാങ്കർ റിയൽട്ടിയും (Coldwell Banker Realty) പരിപാടിയുടെ സ്പോൺസർമാരാണ്.

ലോകത്തെവിടെയായാലും തങ്ങളുടെ തനിമയെ ചേർത്തുപിടിക്കാൻ താല്പര്യപ്പെടുന്ന മലയാളികൾക്കായി അമേരിക്കയിൽ ഒരു ഇടം എന്ന നിലയിലാണ് അല ഈ സംരംഭവുമായി മുന്നോട്ടുപോകാൻ തീരുമാനിച്ചത്. മലയാളിയുടെ സാംസ്കാരിക പൈതൃകം അമേരിക്കൻ മണ്ണിലും കാത്തുസൂക്ഷിക്കാനും അടുത്ത തലമുറയിലേക്ക് അത് പകർന്നു നല്കാനും ഈ പദ്ധതി ലക്ഷ്യം കാണുന്നതിലൂടെ സാധിക്കുമെന്ന് അല വിശ്വസിക്കുന്നു. കലാ സാംസ്കാരിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന മലയാളി പ്രവാസിക്ക് അനുകൂലമായ അന്തരീക്ഷവും സൗകര്യവും നല്കാൻ പ്രാപ്തമായ ഒരു കെട്ടിടം നിർമ്മിക്കുക എന്നതാണ് ചിക്കാഗോയിലെ സാംസ്കാരിക കേന്ദ്രത്തിന്റെ ആദ്യപടി. വിപുലമായ ലൈബ്രറിയടക്കം ഈ പദ്ധതിയുടെ ഭാഗമാണ്. ഇതിനു വേണ്ട ധനസമാഹരണത്തിന് കൂടിയാണ് ചിത്രവർണ്ണം എന്ന പരിപാടി കെ.എസ് ചിത്രയുമായി ചേർന്ന് സംഘടിപ്പിക്കുന്നത്. ഏപ്രിൽ 28-ന് നടക്കുന്ന വർണ്ണാഭമായ പരിപാടിയിൽ പങ്കെടുക്കാനും ഈ ഉദ്യമത്തിൽ സഹകരിക്കാനും താല്പര്യമുള്ളവർ എത്രയും വേഗം ടിക്കറ്റെടുത്ത് പരിപാടിയിൽ പങ്കെടുക്കണമെന്ന് അലയുടെ ഭാരവാഹികൾ അറിയിച്ചു.



## Elections 2024:

# TIGHT RACE IN THIRUVANANTHAPURAM; THAROOR IS EXPECTED TO PREVAIL

George Abraham

Following Tharoor behind his constituency 'Paryadanam' motorcade this time around evoked some earlier memories in me when he first ran for Parliament in 2009. At that point in time, there was novelty and simple curiosity



about his candidature, always with a throng of people eagerly waiting to see him at every junction. Mothers with a child on their shoulders used to run up to the side of the road from their nearby houses to have a glimpse of him. Hence, times have changed, and Tharoor



is now a familiar face and known quantity in the Thiruvananthapuram Lok Sabha constituency. Therefore, it has its pluses and minuses.

On the plus side, he can boast about his accomplishments on behalf of the constituents and his staunch defense of the Constitution and pluralistic principles; however, on the negative side, he is put on the radar for how his efforts have borne fruition for the people who have voted for him. That has always been a haunting dilemma for any incumbent. Tharoor has exemplified himself in Parliament and championed himself as a great critic of Modi's policies and a powerful advocate for democracy and inclusiveness.

However, when I survey the ground realities at play, one thing becomes quite clear: the Kerala electorate is no longer satisfied with simple explanations from the politicians but rather ready to take on politicians on complex issues for honest answers. A good example is the Vizhinjam port development and related issues. When Tharoor campaigned for the first time, one of the popular demands from influential circles was to get involved and make that a reality. He has succeeded in just doing that. He also publicly stated that when there was no bidder for the port development, he appealed personally to Adani to submit his bid. However, what that development entailed, or its aftermath and consequences, still needed to be fully grasped. Today, the coastal community is up in arms not only on the coastal erosions due to the development but also on the failures to rehabilitate those who were displaced because of it. Therefore, Vizhinjam is a two-edged sword that could come back and haunt Tharoor as he seeks another mandate.

The ongoing war between Israelis and Palestinians evokes strong reactions from the Muslim community in Kerala. In Kerala's political landscape today, the party in power and the Muslim community in particular are more vocal about what happened in Gaza, though justified, than what happened in Manipur, India. Many would dismiss Manipur as a fight between two tribes. Is it so? If that argument holds true, why, then, in a battle between Meiteis (mostly Hindus) and Kukis (mostly Christians), 249 Churches belonging to MeiteisChristians were destroyed in the first few days of fighting? In



an era of sound bites, nobody seems to pay that much attention to those details!

However, the world knows about Tharoor's work with the Palestinians and where he stands firm behind the cause of a two-state solution. Yet, his statement critical of terrorist acts by Hamas that initiated the current fight is viewed unfavorably by a segment of the Muslim community. The CPM in Kerala, which is busy courting even the extreme elements to stay in power, suddenly found a weapon against Tharoor and that he is against the Palestinian cause. One has to wait and see whether that strategy will peel away some votes in that community. There is little doubt that a more significant vote share for CPI will only benefit the BJP candidate.

The third most common complaint I have heard from the party workers is accessibility. Undoubtedly, his staff could have done a better job as Tharoor is one of the busiest souls in the country, and there is great demand for his appearances and speeches in addition to his practical work in Parliament. One of the coastal area's social activists told me that Mr. Tharoor failed to talk about rehabilitating the displaced people from the Oki Disaster.

(see page 30)

# ആകാശമേ കേൾക്ക...

രാജു മൈലപ്ര

ഇത്തവണത്തെ പാർലമെന്റ് തെരഞ്ഞെടുപ്പിൽ ദേശീയ ശ്രദ്ധ പിടിച്ചുപറ്റിയ ഒരു മണ്ഡലമാണ്, എന്റെ ജന്മം കൊണ്ട് അനുഗൃഹീതമായ പത്തനംതിട്ട.

ഘടാകടിയന്മാരായ മൂന്നു മല്ലന്മരാണ് അവിടെ മാറ്റുരയ്ക്കുന്നത്. 'കിഫ്ബി' എന്ന ധനതത്വശാസ്ത്രത്തിന്റെ ഉപജ്ഞാതാവായ മുൻമന്ത്രി തോമസ് ഐസക്കാണ് ഇടതുമുന്നണി സ്ഥാനാർത്ഥി. ഇങ്ങേർക്ക് ഇത്രയധികം ജൂബാ എന്തിനാണെന്ന് ഞാൻ വല്ലപ്പോഴും ചിന്തിക്കാറുണ്ട്. 'നമുക്ക് മൂന്നാറിൽ പോയി രാപാർക്കാം' എന്നു പണ്ടാരോടോ പറഞ്ഞിട്ടുണ്ട് എന്നു പറഞ്ഞതൊക്കെ അപ്പച്ചന്റെ ഒരു തമാശയായിട്ട് കണ്ടാൽ മതി. അദ്ദേഹത്തിന് ഒരു പണി കൊടുക്കുവാനാണ് പാർട്ടി അദ്ദേഹത്തെ പത്തനംതിട്ടയിലെത്തിച്ചത് എന്നാണ് പിന്നാമ്പുറ വാർത്ത!

കഴിഞ്ഞ പതിനഞ്ചു വർഷമായി പത്തനംതിട്ടയെ പാർലമെന്റിൽ പ്രതിനിധീകരിക്കുന്ന ബഹുമാനപ്പെട്ട ആന്റോ ആന്റണി കുടുംബസമേതം മൈലപ്രയിലാണ് താമസം. 'ഹൈമാസ്റ്റ്' ലൈറ്റുകൾ സ്ഥാപിക്കുന്നത് അദ്ദേഹത്തിന്റെ ഒരു വീക്ക്നെസ് ആണ്. എംപി ഫണ്ട് വിനിയോഗിച്ച് കുറേ 'കാത്തിരിപ്പ്' ഷെഡ്ഡുകളും സ്ഥാപിച്ചിട്ടുണ്ട്. വികസനം വരുന്നതും നോക്കി പത്തനംതിട്ടക്കാർ കാത്തിരിപ്പ് തുടങ്ങിയിട്ട് കാലം കുറേയായി.

ബിജെപി സ്ഥാനാർത്ഥിയായ അനിൽ ആന്റണിയാണ് പത്തനംതിട്ടയിലെ താരം. പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് പുത്രതുല്യനാണ് അദ്ദേഹം. അതിനുമുപരി ദല്ലാൾ നന്ദകുമാറിനെപ്പോലെയുള്ള ഉന്നതരുമായി അടുത്ത ബന്ധമുണ്ട്. ആദർശത്തിന്റെ ആൾരൂപമായ അറയ്ക്കൽ ആന്റണിയുടെ സീമന്തപുത്രൻ എന്നതാണ് അനിലിന്റെ പ്രധാന ക്വാളിഫിക്കേഷൻ. ആന്റണിയുടെ ആദർശം കൊണ്ട് ഒരു പട്ടിക്കുഞ്ഞിനു പോലും ഒരു എല്ലിൻകഷണത്തിന്റെ ഗുണംപോലും കിട്ടിയിട്ടില്ല. അത് സമൂഹത്തിനായാലും സ്വന്തം കുടുംബത്തിനായാലും.

ഇതിൽ മനംനൊന്ത മാതാവ് എലിസബത്ത് കുറുവാസനത്തിൽ പോയി നെഞ്ചത്തടിച്ചു കരഞ്ഞ് അവിടത്തെ പ്രത്യേക സിദ്ധിയുള്ള മാതാവിനോട് യാചിച്ചു:

"അമ്മേ! അതിയാനെക്കൊണ്ട് കാ കാശിനു പ്രയോജനമില്ല. അനിൽ മോനാണെങ്കിൽ അധികാരമില്ലാതെ ജീവിക്കുവാനും പ്രയാസം. എന്തെങ്കിലും ഒരു മാർഗ്ഗം ഉപദേശിച്ചുതരണം."

മാതാവിന്റെ മറുപടി പെട്ടെന്നായിരുന്നു: "മകളേ! എലിസബത്തേ, നിന്റെ മകനോട് അവന്റെ കിടക്കയും എടുത്തുകൊണ്ട് ബി.ജെ.പി ഭവനത്തിലേക്ക് ചെല്ലുവാൻ പറയുക. അവിടെ അവനായി ഒരു സിംഹാസനം ഒരുക്കിയിട്ടുണ്ട്."



ലേഖകൻ

അങ്ങനെ കുറുവാസന മാതാവിന്റെ റെക്കമെന്റേഷനിലാണ് പയ്യൻ പാർട്ടി വിട്ടത്.

തുടക്കത്തിൽ പയ്യനൊന്നു പാളിയെങ്കിലും പൂഞ്ഞാർ പുലി ജോർജച്ചായന്റെ ശിക്ഷണത്തിൽ ആളു തെളിഞ്ഞു വരുന്നുണ്ട്. പലരും പറയാൻ മടിച്ച ഒരു സത്യം ഈ കഴിഞ്ഞദിവസം പയ്യൻ പച്ചക്കങ്ങു വിളിച്ചുപറഞ്ഞു: "ഒരൊറ്റ കുടുംബത്തിനു (ഗാന്ധി) വേണ്ടി, കാലഹരണപ്പെട്ട ആശയങ്ങളുമായി ചന്ദ്രനെ നോക്കി കുരയ്ക്കുന്ന പട്ടിയെപ്പോലെയാണ് എന്റെ അപ്പൻ" എന്ന്.

മക്കളായാൽ ഇങ്ങനെ വേണം.

ദൈവവിശ്വാസിയല്ലാത്ത ആന്റണിയുടെ വീട്ടിൽ നിന്നും, ഈയിടെയായി സന്ധ്യാസമയത്ത് പതറിയ സ്വരത്തിൽ ഒരു ഗാനം ഉയരുന്നുണ്ട്:

'ആകാശമേ കേൾക്ക
ഭൂമിയെ ചെവി തരിക
ഞാൻ മക്കളെ പോറ്റി വളർത്തി
അവരെന്നോട് മത്സരിക്കുന്നു.'

# കാനാവിലെ കല്യാണം (PART - 4)

ശലോമോന്റെ ഭാഷ്യത്തിൽ വീഞ്ഞിന് അടിമയായവർ കഷ്ടത്തിലും, സങ്കടത്തിലും, കലഹത്തിലും, ആവലാതിയിലും ജീവിതം തള്ളിനീക്കുന്നു. കൂടാതെ അനാവശ്യമായ മുറിവുകൾ, കൺചുവപ്പ് മുതലായവ ജീവിതത്തിന്റെ സാക്ഷ്യത്തെയും, സാമൂഹിക അംഗീകാരത്തേയും നശിപ്പിക്കുന്നവയാണ്. ജീവിതത്തിന്റെ ഭംഗിയെ ഈ വിധത്തിൽ വികൃതമാക്കുവാൻ മദ്യപാനത്തിലൂടെ ഇടവരുത്തുന്നു. പുരാതന യിസ്രായേല്യർക്ക് വീഞ്ഞ് ഉപയോഗിക്കുവാൻ സ്വാതന്ത്ര്യം ഉണ്ടായിരുന്നതോടൊപ്പം അതിന്റെ ദുർവിനിയോഗത്തെയും അമിതമായ ഉപയോഗത്തേയും ന്യായപ്രമാണം എതിർത്തിട്ടുണ്ട്.

പുതിയ നിയമകാലത്ത് വീഞ്ഞിന്റെ ഉപയോഗത്തിന് വ്യക്തമായ ഉപദേശം തിരുവചനത്തിലുണ്ട്. 1 തിമോത്തിയോസ് 3:3, 8 ന്റെ ഉപദേശത്തിൽ വീഞ്ഞിന് അടിമയാകുന്നത് ശുശ്രൂഷക്ക് യോജിച്ചതല്ലെന്ന് വിലയിരുത്തുന്നു. പൗലോസിന്റെ ഉപദേശത്തിൽ വീഞ്ഞ് കുടിച്ച് മത്തരാകുന്നതിനെക്കാൾ ആത്മാവ് നിറഞ്ഞവരായി ദൈവത്തെ സ്തുതിക്കേണ്ടവരാണ് (എഫെ.5:18). ബലഹീനരായ കൂട്ടുവിശ്വാസികൾക്ക് ഇടർച്ച വരാതിരിക്കുവാൻ വീഞ്ഞ് വർജ്ജിക്കേണ്ട ആവശ്യകതയെ ഓർമ്മപ്പെടുത്തുന്നു (റോമ. 14:21) ഔഷധമായി വീഞ്ഞ് കുടിക്കുന്നതിന് അപ്പോസ്തലൻ അംഗീകാരം നല്കിട്ടുണ്ട് (1 തിമെ.5:23). വീഞ്ഞ് ഔഷധമായി ഉപയോഗിച്ചിരുന്നു (ലൂക്കോ.10:34). എഫെസ്യ ലേഖനം 5-ാം അദ്ധ്യായം 18-ാം വാക്യത്തിൽ പറയുന്നത് "വീഞ്ഞ് കുടിച്ച് മത്തരാകരുത് അതിനാൽ ദുർനടപ്പ് ഉണ്ടാകുമല്ലോ". ഈ വാക്യപ്രകാരം വീഞ്ഞിന്റെ അമിത ഉപയോഗത്താൽ മത്തരാകുന്നവർ വഷളത്വം പ്രവർത്തിക്കുമെന്നാണ്. ആകയാൽ തിരുവചനം വീഞ്ഞിന്റെ അമിത ഉപയോഗത്തെയും മദ്യപാനത്തെയും വിലക്കിയിരിക്കുന്നു. (1 തിമോ.3:2,3,8. തീത്തോസ് 2:2,3. 1 കൊരി:6:10).

കാനാവിലെ കല്യാണവീട്ടിൽ യേശു കർത്താവ് പച്ചവെള്ളത്തെ വീഞ്ഞാക്കിയത് വീര്യം കൂടിയ മദ്യത്തിന് തുല്യമായി കരുതുന്നവരുണ്ട്. എന്നാൽ തിരുവചനത്തിൽ അതിന് തെളിവുകളില്ല. കർത്താവ് ഈ അടയാളം ആ ഭവനത്തിൽ പ്രവർത്തിച്ച് അവിടുത്തെ മഹത്വത്തെ വെളിപ്പെടുത്തി. ക്രിസ്തു അവിടുത്തെ മഹത്വം വെളിപ്പെടുത്തുവാൻ മനുഷ്യർക്ക് ദോഷം വരുന്ന കാര്യം പ്രവർത്തിച്ച് തുടക്കം കുറിക്കുമെന്ന് കരുതാനാകില്ല. നിയമദാതാവായ ക്രിസ്തു ആ നിയമങ്ങളെ ലംഘിക്കുന്നവനല്ല. ഇതര തിരുവചന ഭാഗങ്ങളിൽ വീര്യം കൂടിയ വീഞ്ഞിന്റെ ഉപയോഗത്താൽ ഉണ്ടാകുന്ന ദുരന്തത്തെ കുറിച്ച് മുന്നറിയിപ്പ് നൽകിയ കർത്താവ് കാനാവിലെ കല്യാണവീട്ടിൽ ആ വചനങ്ങളുടെ ലംഘനമായി മാറും എന്ന് വിശ്വസിക്കുവാൻ സാധ്യമല്ല.

അപ്പോസ്തലൻമാർ ലേഖനം എഴുതിയപ്പോൾ വീഞ്ഞിന്റെ അമിത ഉപയോഗത്താൽ വ്യക്തികൾക്കുണ്ടാകുന്ന ദുർസ്വഭാവങ്ങളെ പ്രതിപാദിച്ചിട്ടുണ്ട്. പൗലോസിന്റെ ഭാഷയിൽ വീഞ്ഞ് കുടിച്ച് മത്തരായാൽ ദുർനടപ്പ് ഉണ്ടാകുമെന്നാണ്. യേശു കർത്താവ് കാനാവിലെ ഭവനത്തിൽ വീര്യം കൂടിയ വീഞ്ഞുണ്ടാക്കി കുടിവന്നവർക്ക് നൽകിയെന്ന് കരുതുകയാണെങ്കിൽ കർത്താവിന്റെ അനുഗാമിയായ അപ്പോസ്തലനായ പൗലോസിന് അതിന്റെ ഉപയോഗത്തെ നിയന്ത്രിക്കുവാനും എതിർക്കുവാനും എങ്ങനെ കഴിയും? ആകയാൽ കർത്താവ് ഉണ്ടാക്കിയത് ശുദ്ധമായ വീര്യം കുറഞ്ഞ വീഞ്ഞായിരുന്നു. ആ നാട്ടിലെ ആതിഥ്യമര്യാദയുടെ ഭാഗമായി ശീതള പാനീയം പോലെ സത്കാരത്തിന് ഉപയോഗിക്കുവാൻ പാകമായ വീഞ്ഞായിരുന്നു. ഉപയോഗിക്കുന്നവരുടെ ബോധത്തെ കവർന്നെടുക്കുന്ന വീര്യം കൂടിയ മദ്യമായിരുന്നില്ല. കാനാവിലെ കല്യാണ വീട്ടിൽ പച്ചവെള്ളത്തെ വീഞ്ഞാക്കി മാറ്റിയതിനാൽ കർത്താവ് ആർക്കും മദ്യപാനത്തിനുള്ള അനുമതി നൽകുന്നില്ല. കർത്താവ് അവിടുത്തെ മഹത്വം വെളിപ്പെടുത്തുവാനും ആ ഭവനത്തിലെ പോരായ്മയെ പരിഹരിക്കുവാനും ചെയ്ത അടയാളം മദ്യപാനം എന്ന ദുർശീലത്തെ ന്യായീകരിക്കുവാൻ മറയാക്കരുത്.

**മദ്യം വരുത്തുന്ന വിനാശങ്ങൾ**

ഈ ദുർശീലം നിമിത്തം ആത്മഹത്യയും,വാഹാനാപകടവും, ഇതര കുറ്റകൃത്യങ്ങളും, പീഡനങ്ങളും, വിവിധതരം മനോരോഗങ്ങളും വർദ്ധിച്ചിരിക്കുന്നു.

**മദ്യപാനം മൂലമുണ്ടാകുന്ന രോഗങ്ങൾ**

ആമാശയവീക്കം, മസ്തിഷ്ക്കവീക്കം, വൃക്ക, കരൾവീക്കം, നാഡീവ്യൂഹത്തിന്റെ നാശം, സെറിബെല്ലം തളരുന്നതിനാൽ ശരീരത്തിന്റെ ബാലൻസ് നഷ്ടപ്പെടുന്നു. മദ്യപൻമാർ ആടി നടക്കുന്നത് ഇതു കൊണ്ടാണ്.



പാസ്റ്റർ സുനിൽ കെ. പി., ചെങ്ങന്നൂർ
Email: sunilkpkp@yahoo.com

തലച്ചോറിനെ സ്തംഭിപ്പിക്കുന്നു, ലൈംഗിക പ്രശ്നങ്ങൾ, രോഗങ്ങൾ, അമിതമായ ലൈംഗിക ആസക്തി, അക്രമവാസന, വിഷാദരോഗങ്ങൾ, അകാലമരണം, ചില മദ്യപാന്മാരുടെ കുടുംബം സമൂഹവിരുദ്ധ കുടുംബമായി മാറുന്നു. നിയമത്തോടും നിയമവ്യവസ്ഥിതികളോടും ഈ കൂട്ടർ നിരന്തരം പോരാടി കൊണ്ടിരിക്കുന്നു.

അതു നിമിത്തം ഇവരിൽ പലരും സമൂഹത്തോട് അകന്നു ജീവിക്കുവാൻ ഇഷ്ടപ്പെടുന്നവരാണ്. മദ്യപാനികളിൽ നിന്ന് അകന്ന് നിൽക്കുവാൻ സാധാരണ മനുഷ്യരും ആഗ്രഹിക്കുന്നു. ഈ ദുർശീലത്തിന് അടിയറവ് വെച്ചവരുടെ ചരിത്രം പരിതാപകരമാണ്.

കുടുംബത്തേയും, സാമൂഹിക ബന്ധത്തേയും മദ്യപാനം നശിപ്പിക്കുന്നു. ആകയാൽ ഇത്തരം വിനാശകരമായ സ്വഭാവത്തിലേക്ക് തള്ളിയിടുവാൻ അവിടുത്തെ സൃഷ്ടികൾ എന്ന നിലയിൽ മനുഷ്യരെ ദൈവം അനുവദിക്കില്ല.

ക്രിസ്തു യേശു കാനാവിലെ വീട്ടിൽ ഉണ്ടാക്കിയ വീഞ്ഞ് വീര്യം കൂടിയ മദ്യമായിരുന്നില്ല എന്നത് സാമാന്യ യുക്തിക്ക് നിരക്കുന്ന വസ്തുതയാണ്.

(തുടരും)

# കേരളാ ലിറ്ററി സൊസൈറ്റിയുടെ മനയിൽ ജേക്കബ് കവിതാ പുരസ്കാരം ബിന്ദു ടിജിക്ക്




മാർട്ടിൻ വിലങ്ങോലിൽ

ഡാളസ്: ഡാളസിലെ മലയാളി എഴുത്തുകാരുടെയും സാഹിത്യാസ്വാദകരുടെയും സംഘടനയായ കേരള ലിറ്ററി സൊസൈറ്റി (കെഎൽഎസ്) ഡാളസിന്റെ പ്രഥമ പ്രസിഡണ്ടും പ്രവാസി മലയാളകവിയുമായ മനയിൽ ജേക്കബിന്റെ സ്മരണാർത്ഥം ഏർപ്പെടുത്തിയിരിക്കുന്ന 2023-24-ലെ മനയിൽ കവിതാ പുരസ്കാരത്തിന് അമേരിക്കൻ മലയാളി സാഹിത്യകാരിയായ ബിന്ദു ടിജിയുടെ 'ഉടലാഴങ്ങൾ' അർഹമായി.

മനയിൽ കുടുംബമാണ് ഈ വിശിഷ്ട അവാർഡ് സ്പോൺസർ ചെയ്യുന്നത്. ജേതാവിന് ഇരുനൂറ്റിയമ്പത് യുഎസ് ഡോളറും ഫലകവും പ്രശസ്തിപത്രവും മെയ് 10 മുതൽ 12 വരെ തീയതികളിൽ ഡാളസിൽ നടക്കുന്ന കെഎൽഎസ്-ലാന ലിറ്ററി ക്യാമ്പിൽ വെച്ച് നല്കും.

ഡാളസിലെ മലയാള സാഹിത്യാസ്വാദകരെ പ്രസ്തുത ക്യാമ്പിലേക്കും കെഎൽഎസ് സഹർഷം സ്വാഗതം ചെയ്യുന്നതായി സംഘാടകർ അറിയിച്ചു. അറിയപ്പെടുന്ന സാഹിത്യ പ്രതിഭകളായ ഡോ. എം.വി. പിള്ള, ഷാനവാസ് പോങ്ങുമ്മൂട്, പുളിമാത്ത് ശ്രീകുമാർ എന്നിവരടങ്ങുന്നതായിരുന്നു ഈ വർഷത്തെ ജഡ്ജിങ് പാനൽ.

ഇത്തവണത്തെ പുരസ്കാര ജേതാവായ ബിന്ദു ടിജി അമേരിക്കൻ മലയാള സാഹിത്യലോകത്ത് അറിയപ്പെടുന്ന കവയത്രിയാണ്. രസതന്ത്രം എന്ന കവിതാസമാഹാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

കാലിഫോർണയയിൽ സ്ഥിരതാമസമാക്കിയ ബിന്ദു ടിജി യുടെ ജന്മദേശം തൃശൂർ ആണ്. ആനുകാലികങ്ങളിൽ കവിത എഴുതുന്നു. നാടകരചന, അഭിനയം, ഗാനരചന തുടങ്ങിയ മേഖലകളിലും സജീവം.

ലാനയുടെ 2019-ലെ കവിതാപുരസ്കാരവും 2020-ൽ കൊടുങ്ങല്ലൂർ എ അയ്യപ്പൻ ട്രസ്റ്റിന്റെ നേരളക്കാട് രുഗ്മിണിയമ്മ പുരസ്കാരവും ലഭിച്ചിട്ടുണ്ട്. ഇലക്ട്രിക്കൽ എഞ്ചിനീയർ ആയി ജോലി നോക്കുന്നു. ഭർത്താവ് ടിജി തോമസ്. മക്കൾ: മാത്യു തോമസ്, അന്ന മരിയ തോമസ്. 2022 വർഷത്തെ ഒന്നാം പുരസ്കാരം ലഭിച്ചിരുന്നത് ഡോ. മാത്യു ജോയ്സിനാണ്. അദ്ദേഹത്തിന്റെ 'മാനിന്റെ മാതൃരോദനം' എന്ന ചെറുകവിതയാണ് തെരഞ്ഞെ



ടുക്കപ്പെട്ടിരുന്നത്.

മെയ് 10 മുതൽ 12 വരെ തീയതികളിൽ ഡാളസിൽ ഓബ്രി ടെക്സാസ് റാഞ്ചിൽ വെച്ച് നടക്കുന്ന കെഎൽഎസ്, ലാന സാഹിത്യ ക്യാമ്പിന് ഡാളസ് മലയാള സാഹിത്യാസ്വാദകരെ കുടുംബസമേതം കെഎൽഎസ് പ്രവർത്തക സമിതി സഹർഷം സ്വാഗതം ചെയ്യുന്നതായി സംഘാടക സമിതി അറിയിച്ചു.

കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും ബന്ധപ്പെടുക:

ഷാജു ജോൺ 469 274 650, ഹരിദാസ് തങ്കപ്പൻ 214 763 3079, സാമുവൽ യോഹന്നാൻ 214 435 0124.

# യുഡിഎഫ് സ്ഥാനാർത്ഥികളുടെ വിജയത്തിന് ഒഐസിസി കുടുംബസംഗമം സംഘടിപ്പിക്കണമെന്ന് ജെയിംസ് കൂടൽ

പി.പി. ചെറിയാൻ

ഹൂസ്റ്റൺ/കണ്ണൂർ: ലോക്സഭാ തെരഞ്ഞെടുപ്പിൽ യുഡിഎഫ് സ്ഥാനാർത്ഥികളുടെ വിജയത്തിനായി ഓവർസീസ് ഇന്ത്യൻ കൾച്ചറൽ കോൺഗ്രസ് പ്രവർത്തകർ സജീവമായി മുന്നിട്ടിറങ്ങണമെന്ന് ഒഐസിസി തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് കേരളത്തിൽ എത്തിച്ചേർന്ന ഗ്ലോബൽ പ്രസിഡണ്ട് ജെയിംസ് കൂടൽ പറഞ്ഞു. പരമാവധി പ്രവർത്തകർ അവരവരുടെ വീടുപരിസരങ്ങളിൽ കുടുംബ സംഗമങ്ങൾ സംഘടിപ്പിക്കണം. നാട്ടിൽ എത്തിയിട്ടുള്ളവർ പ്രാദേശിക തലത്തിൽ തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങളിൽ സജീവമാകണം. ബൂത്ത് തലത്തിൽ ഭവനസന്ദർശനത്തിന് മുൻഗണന നല്കണം. വിദേശത്തുള്ളവർ ബന്ധുക്കളെയും സുഹൃത്തുക്കളെയും ടെലിഫോണിൽ വിളിച്ച് വോട്ട് ഉറപ്പുവരുത്തണമെന്നും ജെയിംസ് കൂടൽ നിർദ്ദേശിച്ചു.

ലോകത്തിലെ വിവിധ രാജ്യങ്ങളിൽ നിന്നായി നൂറുകണക്കിന് ഒഐസിസി പ്രവർത്തകർ കേരളത്തിലെത്തി പ്രചാരണരംഗത്ത് സജീവമായിക്കഴി



ഞ്ഞു. കേരളത്തിലെ 20 പാർലമെന്റ് മണ്ഡലങ്ങളിലും ഐസിസിയുടെ സജീവസാന്നിദ്ധ്യമുണ്ടാകും.

പത്തനംതിട്ട പാർലമെന്റ് മണ്ഡലം യുഡിഎഫ് സ്ഥാനാർത്ഥി ആന്റോ ആന്റണിയുടെ പ്രചാരണാർത്ഥം വകയാറിൽ ഓവർസീസ് ഇന്ത്യൻ കൾച്ചറൽ കോൺഗ്രസ് ഗ്ലോബൽ പ്രസിഡണ്ട് ജെയിംസ് കൂടലിന്റെ ഭവനത്തിൽ 12-ന് വൈകിട്ട് നാലിന് കുടുംബസംഗമം നടത്തി.

പ്രമുഖ നേതാക്കൾ യോഗത്തിൽ പങ്കെടുത്തു. 12, 13, 14 തീയതികളിൽ മണ്ഡലത്തിന്റെ വിവിധ ഭാഗങ്ങളിൽ ആന്റോ ആന്റണിക്കായി ഭവനസന്ദർശനം സംഘടിപ്പിച്ചു. 15, 16 തീയതികളിൽ കെ. സുധാകരന്റെ പ്രചാരണാർത്ഥം കണ്ണൂരിലും വിവിധ പ്രദേശങ്ങളിൽ ഭവനങ്ങൾ സന്ദർശിക്കും. ഗ്ലോബൽ ചെയർമാൻ കുമ്പളത്ത് ശങ്കരപ്പിള്ളയുടെ നേതൃത്വത്തിൽ രാജു കല്ലുപുറം ചെയർമാനായി യുഡിഎഫ് സ്ഥാനാർത്ഥികളുടെ വിജയത്തിനായി വിവിധ കമ്മിറ്റികളാണ് കേരളത്തിൽ പ്രവർത്തിച്ചുവരുന്നത്.

# പടയാളികളുടെ മുന്നിൽ വന്നുപെട്ട ശിമോൻ എങ്ങനെ രക്ഷപെട്ടു?

രാജു തരകൻ

ഉത്തരാഫ്രിക്കയിലെ അതിമനോഹരമായ കുറേന ഗ്രാമം. കൃഷി ചെയ്തും ആടുമാടുകളെ വളർത്തിയും ഉപജീവനം നയിച്ചിരുന്ന ഗ്രാമീണ ജനങ്ങൾ. ബി.സി. 74-ൽ ഈ പ്രദേശം റോമാക്കാരുടെ കോളനിയായി തീർന്നു എന്നാണ് ചരിത്ര രേഖകളിൽ തെളിയുന്നത്.

ലോകത്തിലെ പല മത വിഭാഗങ്ങളിൽ പെട്ടവർ ഇവിടെയുള്ള ജനങ്ങളെ മറന്നാലും ക്രൈസ്തവ ജനവിഭാഗം കുറേനക്കാരെ വിസ്മരിക്കയില്ല. അതിന് വഴിതെളിയിച്ചത് കുറേനക്കാരനായ ശിമോനായിരുന്നു. കുറേന ലിബിയയുടെ തലസ്ഥാനവും യഹൂദന്മാർ കുടിയേറി പാർത്ത സ്ഥലവും ആയിരുന്നു, റോമാ ഭരണാധിപന്മാരുടെ കിരാത ഭരണത്താൽ അടിച്ചമർത്തപ്പെട്ട യഹൂദന്മാരുടെ ചിരകാല സ്വപ്നമായിരുന്നു, ജീവിതത്തിൽ ഒരിക്കലെങ്കിലും യെരുശലേമിൽ വന്ന് പെസഹാ പെരുന്നാളിൽ പങ്കെടുക്കണമെന്ന ആഗ്രഹം. അതിനായി ശിമോനും ഏകദേശം 900 മൈൽ യാത്ര ചെയ്താണ് ഇവിടെ വന്ന് ചേർന്നത്.

പെസഹ ആചരിക്കേണ്ടവർ പാലിക്കേണ്ട നിയമങ്ങൾ വിശദമായി പുറപ്പാട് പുസ്തകം 12-ാം അദ്ധ്യായത്തിൽ വിശദീകരിക്കുന്നുണ്ട്. കഴുമരം ചുമന്നിട്ട് അശുദ്ധനാകുകയും, അതോടൊപ്പം ജാതികളുമായി ഇടകലരുകയും ചെയ്തിട്ട് തനിക്ക് എങ്ങനെ പെസഹ പെരുന്നാളിന് പങ്കെടുക്കുവാൻ സാധിക്കും എന്ന ചിന്തയാണ് ശിമോനെ ഭരിച്ചിരുന്നത്. അതുകൊണ്ടായിരിക്കണം പടയാളികൽ അവനെക്കൊണ്ട് നിർബന്ധിച്ച് ക്രൂശ് ചുമക്കുവാൻ ആവശ്യപ്പെട്ടത് (മത്തായി 27-ന്റെ 32). മർക്കോസിന്റെ സുവിശേഷത്തിൽ ഈ സംഭവത്തെ ചിത്രീകരിച്ചിരിക്കുന്നത്, അലെക്സ്ന്തരിന്റെയും രൂഫോസിന്റെയും അപ്പനായി വയലിൽനിന്നു വരുന്ന കുറേനക്കാരനായ ശിമോനെ അവന്റെ ക്രൂശ് ചുമപ്പാൻ അവർ നിർബന്ധിച്ചു (മർക്കോസ് 15-ന്റെ 21) എന്നാണ്. ഇംഗ്ലീഷ് ബൈബിളിൽ പട്ടണത്തിന് പുറത്തുനിന്നാണ് ശിമോൻ വന്നതെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്, അതായത് ഗ്രാമപ്രദേശത്തുനിന്ന്. പാലസ്തീൻ യഹൂദന്മാരുടെ കുടിയേറ്റ പ്രദേശമാണെന്ന കാരണത്താൽ ശിമോനും ഇവിടെ വന്ന് സ്ഥിരതാമസമാക്കിയിരിക്കണം. അത് അല്ലെങ്കിൽ യെരുശലേമിൽ വന്നത് പെസഹ പെരുന്നാളിൽ പങ്കെടുക്കാനായിരിക്കണം എന്ന വ്യത്യസ്ത അഭിപ്രായങ്ങളും വേദപണ്ഡിതരുടെ ഇടയിൽ നിലവിലുണ്ട്.



ലേഖകൻ

വിദൂരതയിൽ നിന്ന് യേശുവിനെ ക്രൂശിക്കുവാൻ കൊണ്ടുപോകുന്നത് ശിമോന്റെ ശ്രദ്ധയിൽപെട്ടു. പടയാളികൾ ഭാരമുള്ള കുരിശ് യേശുവിന്റെ ചുമലിൽ വെച്ചിട്ട് ഗൊല്ഗോഥായിലേക്ക് നടക്കുവാൻ ആജ്ഞാപിച്ചു. കുരിശ് യേശുവിന്റെ ചുമലിൽനിന്ന് വീഴുമ്പോൾ പടയാളികൾ യേശുവിനെ ചാട്ടവാറുകൊണ്ട് അതിക്രൂരമായി പ്രഹരിക്കുന്നുണ്ട്. അടികൊണ്ട് മുറിവേറ്റ സ്ഥാനത്തുനിന്ന് രക്തം ധാരധാരയായി ഒഴുകുന്നുണ്ട്. പെട്ടന്നാണ് അത് സംഭവിച്ചത്. പടയാളികൾ യേശുവിനെ ക്രൂശിക്കുവാൻ കൊണ്ടുപോകുന്ന മാർഗ്ഗമദ്ധ്യേ അതാ വന്നുപെട്ടിരിക്കുന്നു ആരോഗ്യമുള്ള യൗവ്വനക്കാരനായ ശിമോൻ. നാലുപടയാളികളിൽ ഒരുവൻ ശിമോനെ വിളിച്ചു. അധികാരത്തിന്റെ സ്വരത്തിലാണ് അവർ വിളിച്ചത്. ഇവിടെ വരിക, ഈ മനുഷ്യന് ഭാരമുള്ള ഈ മരകുരിശ് ചുമക്കുവാൻ സാധിക്കുമെന്ന് തോന്നുന്നില്ല. അതിനുള്ള ആരോഗ്യം ഈ മനുഷ്യന് ഉണ്ടെന്ന് തോന്നുന്നില്ല. അതുകൊണ്ടാണ് യഹൂദന്മാരുടെ രാജാവ് എന്ന് അവകാശപ്പെടുന്ന ഇയാൾ കൂടെ കൂടെ കുരിശുമായി നിലം പതിക്കുന്നത്. ഇത്രയും പറഞ്ഞതിന് ശേഷം പടയാളികൾ ആ ഭാരമുള്ള കുരിശ് ശിമോന്റെ ചുമലിൽ വെച്ചുകൊടുത്തു. രക്തക്കറ പതിഞ്ഞ കുരിശിൽ ചുടുചോരയുടെ ഗന്ധം അയാൾക്ക് അനുഭവപ്പെട്ടു. അല്പദൂരം പിന്നിട്ടപ്പോൾ ശിമോനും ക്ഷീണിതനായി തീർന്നു. ഇവിടെ പടയാളികളെ അനുസരിക്കുക അല്ലാതെ മറ്റ് മാർഗ്ഗങ്ങൾ ഇല്ല. റോമൻ പട്ടാള നിയമമനുസരിച്ച് പട്ടാളക്കാർ വഴിയിൽ കണ്ടുമുട്ടുന്ന ഏതൊരാളെയും കൊണ്ട് അയാളുടെ ചുമട് ഒരു നാഴികദൂരം വരെ നിർബന്ധിച്ച് ചുമപ്പിക്കുവാൻ അവർക്ക് അവകാശം ലഭിച്ചിരുന്നു. അതുകൊണ്ടാണ് കർത്താവ് തന്റെ ഗിരി പ്രഭാഷണത്തിൽ ഇപ്രകാരം ഉദ്ബോധിപ്പിച്ചത്, ഒരുവൻ നിന്നെ ഒരു നാഴിക വഴി പോകുവാൻ നിർബന്ധിച്ചാൽ രണ്ട് അവനോടുകൂടെ പോകുക (മത്തായി 5-ന്റെ 41) എന്നാണ് അരുളിചെയ്തത്. ക്രൂശിക്കുവാൻ കൊണ്ട് പോകുന്ന യേശുവിനോടൊപ്പമുള്ള, കുരിശ് വഹിച്ചുള്ള ആ യാത്രയിൽ ശിമോന് സമാധാനവും വലിയ സന്തോഷവും അനുഭവപ്പെട്ടു തുടങ്ങി. ജീവിതത്തിൽ ആദ്യമായിട്ടാണ് ഇത്തരത്തിൽ ഒരനുഭവം ഉണ്ടാകുന്നത്.

അന്ന് പതിവിന് വിപരീതമായി ശിമോൻ തന്റെ ഭവനത്തിൽ വന്നത് വളരെ താമസിച്ചായിരുന്നു. പടയാളികൾ തന്നെക്കൊണ്ട് നിർബന്ധിച്ച് ക്രൂശ് ചുമപ്പിച്ചതും, യേശുവിനെ അവർ ക്രൂരമായ് പീഢിപ്പിച്ചതും എല്ലാം വിശദമായി ഭാര്യയേയും മക്കളേയും അറിയിച്ചു. നാട്ടുനടപ്പ് അനുസരിച്ച് കൊള്ളക്കാരേയും, കൊലപാതകരേയും ആണ് ക്രൂശിൽ തറച്ചു കൊല്ലുന്നത്. ക്രൂശിൽ കിടക്കുന്നയാൾ വിശന്നും, ദാഹിച്ചും, മൂന്ന്, നാല് ദിനങ്ങൾക്ക് ശേഷമാണ് മരണപ്പെടുക പതിവ്. എന്നാൽ ഇവിടെ കർത്താവിന്റെ മരണം പതിവിന് വിപരീതമായിരുന്നു. ക്രൂശിൽ തറയ്ക്കുന്ന എല്ലാ കുറ്റവാളികളും വേദനകൊണ്ട് പുളയുമ്പോൾ ശാപവാക്കുകൾ ഉച്ചരിച്ചാണ് മരണപ്പെടുന്നത്. എന്നാൽ ഇവിടെയും കർത്താവ് ക്രൂശിൽ തറച്ചവരോട് പ്രതികാരം ചെയ്യാതെ അവരെ സ്നേഹിക്കുകയാണ് ചെയ്തത്. പിതാവേ ഇവർ ചെയ്യുന്നത് ഇന്നത് എന്ന് അറിയായ്ക കൊണ്ട് ഇവരോട് ക്ഷമിക്കേണമേ എന്നുള്ള കർത്താവിന്റെ ക്രൂശിലെ മൊഴികൾ എത്രയോ അവർണ്ണനീയമാണ്. നമ്മുടെ ജീവിതത്തിലും പലരും നമ്മെ അസൂയ മൂലവും, തെറ്റിദ്ധാരണ മൂലവും പ്രതികാരത്തിന്റെ ക്രൂശിൽ തറച്ച് ഇല്ലായ്മ ചെയ്യുവാൻ ശ്രമിക്കുമ്പോൾ നാം പ്രതികാരം ചെയ്യാതെ നിശബ്ദരാകുവാനാണ് ശ്രമിക്കേണ്ടത്. നമ്മൾ നിശബ്ദരാകുമ്പോഴാണ് ദൈവപ്രവൃത്തി വെളിപ്പെടുന്നത്. ശിമോൻ നിർബന്ധത്താൽ ക്രൂശ് ചുമന്നതുമൂലം ആ കുടുംബം അനുഗ്രഹിക്കപ്പെട്ടു.

ആത്മിക വിഷയങ്ങളുടെ വളർച്ചയ്ക്കായി മാതാപിതാക്കൾ കുഞ്ഞുങ്ങളെ നിർബന്ധിച്ച് വേദപഠനത്തിനും, ആരാധനകൾക്കും ദേവാലയങ്ങളിൽ പറഞ്ഞു വിട്ടാൽ ഭാവിയിൽ അത് അവരുടെ ജീവിതത്തിന് അനുഗ്രഹമായി ഭവിക്കും. ശിമോൻ ക്രൂശ് ചുമന്നതുമൂലമാണ് രക്ഷയുടെ അനുഭവത്തിലേക്ക് വഴി തെളിയിച്ചത്.

അടുത്ത സമയത്ത് വാർത്താ മാധ്യമങ്ങളിൽ ഏറെ ചർച്ചചെയ്യപ്പെട്ട വിഷയമായിരുന്നു സിദ്ധാർഥന്റെ കൊലപാതകം. സഹപാഠികളുടെ ക്രൂര മർദ്ദനംമൂലം അയാൾ ആത്മഹത്യ ചെയ്തു എന്നും, അതല്ല സഹപാഠികൾ ആ വിദ്യാർത്ഥിയെ കൊന്ന് കെട്ടി തൂക്കിയതാണെന്നും വാർത്തകൾ പ്രചരിച്ചിരുന്നു. സമൂഹത്തിൽ ഇത്തരത്തിൽ ഉള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കുവാൻ ബാല്യത്തിൽ തന്നെ കുഞ്ഞുങ്ങളെ നിർബന്ധിച്ച് ആത്മീയ വിഷയങ്ങളിൽ തല്പരരാക്കുക. മനുഷ്യജീവിതത്തിൽ നാം അഭിമുഖീകരിക്കേണ്ടതായ വ്യത്യസ്ത ക്രൂശുകളാണ് രോഗങ്ങൾ, സാമ്പത്തിക ക്ലേശങ്ങൾ, നിന്ദകൾ, കുടുംബ ജീവിതത്തിലെ പ്രശ്നങ്ങൾ, ജോലിസ്ഥലത്തെ പ്രശ്നങ്ങൾ തുടങ്ങിയവ. തന്നത്താൻ ത്യജിച്ച് തന്റെ ക്രൂശ് എടുത്തുകൊണ്ടാണ് കർത്താവിനെ അനുഗമിക്കേണ്ടത്. കഷ്ടം സഹിച്ചാൽ കൂടെ വാഴാം എന്ന ദൈവീക വാഗ്ദത്തം നാം വിസ്മരിച്ചു കളയരുത്. അതായിരിക്കട്ടെ നമ്മുടെ ലക്ഷ്യം.

അവിചാരിതമായി ശിമോന് ലഭിച്ച അപൂർവ്വ സന്ദർഭമാണ് ശിമോനെ രക്ഷയിലേക്ക് നയിച്ചത്. അതാണ് നിത്യ ജീവന്റെ പാന്ഥാവ്. കർത്താവ് ഭൂമിയിൽ വന്നതിന്റെ ലക്ഷ്യവും പാപികളെ രക്ഷയിലേക്ക് നയിക്കുക എന്നതാണ്. ആയതുകൊണ്ട് രക്ഷിക്കപ്പെടാത്തവർ ഒരിക്കലും രക്ഷയുടെ ദൂത് അവഗണിക്കരുത്.

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 83.45 |
| യൂറോ | 88.94 |
| സ്റ്റെർലിംഗ്പൗണ്ട് | 104.20 |
| സ്വിസ് ഫ്രാങ്ക് | 91.43 |
| സിംഗപ്പൂർ ഡോളർ | 61.33 |
| കനേഡിയൻ ഡോളർ | 60.73 |
| ഒമാൻ റിയാൽ | 216.78 |
| ബഹ്റൈൻ ദിനാർ | 221.48 |
| സൗദി റിയാൽ | 22.24 |
| യു.എ.ഇ. ദിർഹം | 22.72 |
| കുവൈത്ത് ദിനാർ | 270.99 |

## കേരളത്തിന് 3,000 കോടി കടമെടുക്കാം; കേന്ദ്ര അനുമതി

തിരുവനന്തപുരം: കേരള സർക്കാരിന്റെ ആശങ്കകൾക്കു താൽക്കാലിക വിരാമമിട്ട് 3,000 കോടി രൂപ കടമെടുക്കാൻ കേന്ദ്ര സർക്കാർ അനുമതി നൽകി. 5,000 കോടി രൂപയാണു കേരളം ആവശ്യപ്പെട്ടത്. കേരളത്തിന് ഈ സാമ്പത്തിക വർഷം 37,512 കോടി രൂപ കടമെടുക്കാൻ അവകാശമുണ്ടെന്നു കേന്ദ്ര സർക്കാർ അറിയിച്ചെങ്കിലും കടമെടുപ്പിനുള്ള അനുമതി ഒരു സംസ്ഥാനത്തിനും നൽകിയിരുന്നില്ല. ഇതോടെയാണ് അനുമതി തരുംവരെ ഇടക്കാല വായ്പയ്ക്കുള്ള അനുമതി കേരളം ആവശ്യപ്പെട്ടത്. 3,000 കോടി രൂപ അടുത്തയാഴ്ച തന്നെ കടമെടുക്കാനാണ് സർക്കാർ ആലോചിക്കുന്നത്. തദ്ദേശ സ്ഥാപനങ്ങളുടെയും വകുപ്പുകളുടെയും കഴിഞ്ഞ വർഷം പാസാക്കാൻ കഴിയാത്ത ബില്ലുകൾ പാസാക്കാനാണ് ഈ തുക പ്രധാനമായും ഉപയോഗിക്കുക.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മെയിന്റനൻസ് ഗ്രാന്റിന്റെ ആദ്യ ഗഡുവായി 1,377 കോടി രൂപ ഏപ്രിൽ 12-ന് ധനവകുപ്പ് അനുവദിച്ചു. ഇതിൽ 847.42 കോടി റോഡുകളുടെ അറ്റകുറ്റപ്പണികൾക്കാണ്. മറ്റുള്ള അറ്റകുറ്റപ്പണികൾക്കായി 529.64 കോടിയും നീക്കിവെച്ചു. പഞ്ചായത്തുകൾക്ക് 928.27 കോടി, ജില്ലാ പഞ്ചായത്തുകൾക്ക് 130.19 കോടി, മുനിസിപ്പാലിറ്റികൾക്ക് 184.13 കോടി, കോർപറേഷനുകൾക്ക് 59.45 കോടി എന്നിങ്ങനെയാണ് വിഹിതമുള്ളത്. തെരഞ്ഞെടുപ്പ് മുന്നിൽക്കണ്ടാണ് ആദ്യമാസംതന്നെ മെയിന്റനൻസ് ഗ്രാന്റ് നൽകുന്നത്.



# സൂര്യഗ്രഹണം



ജോർജ് തുമ്പയിൽ

കെ.എസ്. സേതുമാധവൻ സംവിധായകനായി 1971-ൽ 'ഒരു പെണ്ണിന്റെ കഥ' എന്ന പേരിൽ ഒരു സിനിമയുണ്ടായിരുന്നു. വയലാറിന്റെ വരികൾക്കു ജി. ദേവരാജന്റെ സംഗീതത്തിലും ഗായകൻ കെ.ജെ. യേശുദാസ് ആലപിച്ച ഗാനം.

സൂര്യഗ്രഹണം സൂര്യഗ്രഹണം<br>
ഗ്രഹണം കഴിഞ്ഞാൽ അസ്തമനം<br>
അസ്തമനം, അസ്തമനം<br>
നിത്യപ്രകാശത്തെ കീഴടക്കുന്നു<br>
നിഴലിൻ പ്രതികാരം<br>
അപമാനിതയായ് പിറകെ നടന്നോരു<br>
നിഴലിൻ പ്രതികാരം

-എന്നിങ്ങനെ പോകുന്നു ആ ഗാനം. സത്യൻ മാഷിന്റെ ഗംഭീര അഭിനയം കൂടിയായ ആ സിനിമ ഇപ്പോൾ ഓർമ്മിക്കുവാൻ കാരണം, ഏപ്രിൽ 8-ന് നടന്ന സൂര്യഗ്രഹണം തന്നെയാണ്. ഇനി ഇതുപോലൊന്ന് കാണണമെങ്കിൽ 2044 ആഗസ്റ്റ് 23 വരെ കാത്തിരിക്കണം. മെക്സിക്കോയിലെ മസാറ്റിയോനിൽ ഉച്ചകഴിഞ്ഞ് 2.07-ന് (ഈസ്റ്റേൺ ടൈം) പ്രത്യക്ഷപ്പെട്ട സൂര്യഗ്രഹണം ഡാളസ്, അർക്കൻസാ മിസൂറി, ഇൻഡ്യാനപോലീസ്, ക്ലീവ്ലാൻഡ്, ഒഹായോ, നയാഗ്രാ ഫോൾസ്, വെർമോണ്ട്, മെയ്ൻ തുടങ്ങിയ സ്ഥലങ്ങളിൽ സമ്പൂർണ്ണമായി കാണുവാൻ കഴിഞ്ഞു. 'ടോട്ടാലിറ്റി' എന്നാണ് ഇതറിയപ്പെടുക. ന്യൂജേഴ്സിയിൽ ഞങ്ങൾ നിന്നിരുന്ന ഭാഗത്ത് മേഘങ്ങൾ ഏറെ ഉണ്ടായിരുന്നുവെങ്കിലും 'ടോട്ടാലിറ്റി' ദർശിക്കാനായില്ല. 91 ശതമാനം വരെ മാത്രമാണ് കാണാൻ കഴിഞ്ഞത്.



എല്ലാ കേന്ദ്രങ്ങളിലും വമ്പിച്ച ജനസഞ്ചയമാണ് കാണാൻ കഴിഞ്ഞത്. ഡാളസ് കാഴ്ചബംഗ്ലാവിൽ മൃഗങ്ങൾക്ക് വരുന്ന മാറ്റങ്ങളെപ്പറ്റി പഠിക്കുവാൻ പ്രത്യേകം ഫോറവും ഒരുക്കിയിരുന്നു.

സൂര്യഗ്രഹണ സമയത്ത് കണ്ണുകൾക്ക് പരിരക്ഷ നൽകുന്നതിനെപ്പറ്റി നാസ പ്രത്യേകമായ സന്ദേശവും നൽകിയിരുന്നു. സൂര്യന്റെ കൃഷ്ണമണി (കൊറോണ) കണ്ണുകൾക്ക് സ്ഥിരമായ കേടുപാടുകൾ വരുത്തുമെന്നും നാസ മുന്നറിയിപ്പു നൽകിയിരുന്നു.

പകൽ സമയം സന്ധ്യയെന്ന രീതിയിലാണ് സൂര്യഗ്രഹണ സമയം വീക്ഷിക്കാവുന്നത്. ഓരോ കേന്ദ്രങ്ങളിലും ആ സ്ഥലങ്ങളുടെയും സൂര്യന്റെയും ഗതിവിഗതികൾ അനുസരിച്ച് 4 മുതൽ 7 മിനിറ്റ് വരെ നീണ്ടുനിന്നു. കഴിഞ്ഞ 50 വർഷത്തിനിടയിലെ ഏറ്റവും ദൈർഘ്യമേറിയ സമ്പൂർണ്ണ സൂര്യഗ്രഹണമായും ഇതിനെ വിശേഷിപ്പിക്കപ്പെടുന്നു.

ചന്ദ്രൻ സൂര്യനും ഭൂമിക്കും ഇടയിൽ വരുമ്പോൾ സൂര്യൻ ഭാഗികമായോ, പൂർണമായോ മറയപ്പെടുന്ന പ്രതിഭാസമാണ് സൂര്യഗ്രഹണം. ആധുനിക ജ്യോതിശാസ്ത്രത്തിന്റെ വരവോടെയാണ് സൂര്യഗ്രഹണവുമായി ബന്ധപ്പെട്ട അറിവുകേടുകൾ കുറെയെങ്കിലും മാറിയത്.

സൂര്യഗ്രഹണത്തിന് മുന്നോടിയായി ന്യൂയോർക്ക് ഗവർണർ സാറാ ഹക്കബി സാൻഡേഴ്സ് സംസ്ഥാനത്ത് അടിയന്തരാവസ്ഥ പ്രഖ്യാപിച്ചു. മെക്സിക്കോ മുതൽ മെയ്ൻ വരെയുള്ള നൂറുകണക്കിന് സ്കൂളുകൾക്ക് അവധി ആയിരുന്നു.

കണ്ണിനാന്ദകരമായ കാഴ്ചയായിരുന്നു എന്ന് കണ്ടവർ പറയുന്നു. ഇതൊരു മാജിക്കൽ മോമന്റ് എന്ന് കണക്ടിക്കട്ടിലെ വിൽട്ടനിൽ നിന്ന് ഒന്നാം ക്ലാസ് വിദ്യാർത്ഥിയായ സാമുവൽ പാണച്ചേരി പറഞ്ഞു. ഇത്രയും വിസ്മയകരമായ ഒരു കാഴ്ച കണ്ടിട്ടില്ല. 2044-ലെ സമ്പൂർണ്ണ സൂര്യഗ്രഹണവും കാണാൻ കാത്തിരിക്കെയാണ് രോമാഞ്ചം ഉള്ളതായി ന്യൂയോർക്ക് സംസ്ഥാനത്തെ ക്വീൻസിലുള്ള തോമസ് മത്തായി പറഞ്ഞു. ആദര സമന്വിതമായ അദ്ഭുതമായി മൗണ്ട് ഒലീവ് ടൗൺഷിപ്പിലുള്ള നിതിൻ ഏബ്രഹാം സൂര്യഗ്രഹണത്തെപ്പറ്റി പറഞ്ഞു.

ഗ്രഹണം കഴിഞ്ഞാൽ അസ്തമനം എന്ന് മൂന്നു പ്രാവശ്യം തറപ്പിച്ചാണ് വയലാറിന്റെ വരികൾ അവസാനിക്കുന്നത്.

നിത്യപ്രകാശത്തെ കീഴടക്കുന്നു<br>
നിഴലിൻ പ്രതികാരം<br>
അപമാനിതയായ് പിറകെ നടന്നോരു<br>
നിഴലിൻ പ്രതികാരം....

എത്ര സുന്ദരമായ വരികൾക്കാണ് വയലാർ തൂലിക ചലിപ്പിച്ചിരിക്കുന്നത്.

## കേരളത്തിൽ പ്രചാരണത്തിന് കോൺഗ്രസ് നേതാക്കളെത്തുന്നു

തിരുവനന്തപുരം: കോൺഗ്രസ് പ്രചാരണം കളറാക്കാൻ ദേശീയനേതാക്കളെത്തുന്നു. 15-ന് രാഹുൽ ഗാന്ധി കോഴിക്കോട് ബീച്ചിൽ നടത്തുന്ന യുഡിഎഫ് സമ്മേളനത്തിൽ പ്രസംഗിക്കും. 16-ന് വയനാട്ടിൽ പ്രചാരണം.

തുടർന്നുള്ള ദിവസങ്ങളിൽ പ്രിയങ്കാ ഗാന്ധി, കോൺഗ്രസ് പ്രസിഡണ്ട് മല്ലികാർജുൻ ഖാർഗെ, തെലങ്കാന മുഖ്യമന്ത്രി രേവന്ത് റെഡ്ഡി, കർണാടക ഉപമുഖ്യമന്ത്രി ഡി.കെ. ശിവകുമാർ, സച്ചിൻ പൈലറ്റ്, പി. ചിദംബരം തുടങ്ങിയ നേതാക്കൾ ജില്ലകളിൽ പര്യടനം നടത്തും.

പ്രതിപക്ഷനേതാവ് വി.ഡി. സതീശനും പ്രചാരണസമിതി അധ്യക്ഷൻ രമേശ് ചെന്നിത്തലയും ജില്ലാപര്യടനം ആരംഭിച്ചു. 23 വരെ ഹസനും ജില്ലകളിലെത്തും. ഉമ്മൻചാണ്ടിയില്ലാത്ത ആദ്യ തെരഞ്ഞെടുപ്പാണെങ്കിലും അദ്ദേഹത്തെക്കുറിച്ചുള്ള ഡോക്യുമെന്ററിയും കോൺഗ്രസ് പ്രകടനപത്രികയെ അടിസ്ഥാനമാക്കിയുള്ള ഡോക്യുമെന്ററിയും കെപിസിസി തയ്യാറാക്കി നൽകി.

ആര്യാടൻ ഷൗക്കത്തിന്റെ നേതൃത്വത്തിൽ 'ഇന്ത്യ എന്റെ രാജ്യമാണ്' എന്ന നാടകവും മണ്ഡലങ്ങളിൽ പ്രദർശിപ്പിക്കും.

## നാസയുടെ റോക്കറ്റ് ദൗത്യത്തിന് നേതൃത്വം നൽകിയത് ഇന്ത്യൻ വംശജൻ



മുംബൈ: സമ്പൂർണ സൂര്യഗ്രഹണ സമയത്ത് നാസ വിക്ഷേപിച്ച റോക്കറ്റ് ദൗത്യത്തിനു ചുക്കാൻ പിടിച്ചത് ഇന്ത്യൻ വംശജൻ. ഫ്ളോറിഡയിലെ എംബ്രി-റിഡിൽ എയ്റോനോട്ടിക്കൽ യൂണിവേഴ്സിറ്റിയിലെ എഞ്ചിനീയറിംഗ് ഫിസിക്സ് പ്രഫസറായ അരോഹ് ബർജാത്യയാണ് ദൗത്യത്തിന് നേതൃത്വം നൽകിയത്.

ബഹിരാകാശ, അന്തരീക്ഷ ഉപകരണ ലാബിനെ നയിക്കുന്നത് അരോഹ് ബർജാത്യയാണെന്ന് നാസ പ്രസ്താവനയിൽ അറിയിച്ചു. സൂര്യഗ്രഹണസമയത്ത് മൂന്നു റോക്കറ്റുകളാണ് നാസ വിക്ഷേപിച്ചത്. വിർജീനിയയിലെ നാസയുടെ വാലോപ്സ് ഫ്ളൈറ്റ് ഫെസിലിറ്റിയിൽനിന്നാണ് റോക്കറ്റുകൾ വിക്ഷേപിച്ചത്.

കെമിക്കൽ എഞ്ചിനീയറായ അശോക് കുമാർ ബർജത്യയുടെയും രാജേശ്വരിയുടെയും മകനായ അരോഹ് മുംബൈ, ഹൈദരാബാദ്, ജയ്പൂർ, പിലാനി, സോലാപുർ എന്നിവിടങ്ങളിൽ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി.

സോലാപുരിലെ വാൽചന്ദ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽനിന്ന് ഇലക്ട്രോണിക്സ് എഞ്ചിനിയറിംഗ് ബിരുദം കരസ്ഥമാക്കി. 2001-ൽ അദ്ദേഹം യുഎസിലെ യൂട്ടോ സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിൽ ഇലക്ട്രിക്കൽ എഞ്ചിനീയറിങ്ങിൽ ബിരുദാനന്തര ബിരുദം പൂർത്തിയാക്കിയ ശേഷം അതേ സർവകലാശാലയിൽനിന്നു പിഎച്ച്ഡി നേടി.






BEST TIME
TO BUY!!!
SHOPPING CENTERS
GROCERY STORES
GAS STATIONS
APARTMENTS

OVER 20 YEARS OF EXPERIENCE
SERVING ILLINOIS & INDIANA



Mathew Kunjappy
Managing Broker
Emsons Realty LTD.
Phone: 1(630) 935-4333
Email: MK@EmsonsRealty.com

EMSONS REALTY

240 E. LAKE STREET, SUITE 109B, ADDISON, IL 60101

# ചിക്കാഗോ എക്യുമെനിക്കൽ കൗൺസിൽ വൈദികർക്ക് യാത്രയയപ്പ് നല്കി

ഏലിയാമ്മ പുന്നൂസ്

ചിക്കാഗോ: എക്യുമെനിക്കൽ കൗൺസിൽ ഓഫ് കേരളാ ചർച്ചസ് ഇൻ ചിക്കാഗോയുടെ ഓക്ക് പാർക്കിൽ ഉള്ള സെയിന്റ് ജോർജ് യാക്കോബായ ഇടവകയിൽ വെച്ച് ഏപ്രിൽ 9-ന് കൂടിയ മീറ്റിംഗിൽ ചിക്കാഗോയിലുള്ള വിവിധ ഇടവകകളിലെ സേവനത്തിനു ശേഷം സ്ഥലംമാറിപ്പോകുന്ന വൈദികർക്ക് യാത്രയയപ്പ് നല്കി.



ലൊംബാർഡിലുള്ള സെ. തോമസ് മാർത്തോമ്മാ ചർച്ച് വികാരി റവ. അജിത് കെ. തോമസ്, ഡെസ്പ്ലെയിൻസിലുള്ള ചിക്കാഗോ മാർത്തോമ്മാ ചർച്ച് അസി. വികാരി റവ. ഷെറിൻ ഉമ്മൻ, എൽമെസ്റ്റിലുള്ള സിഎസ്ഐ ക്രൈസ്റ്റ് ചർച്ച് വികാരി റവ. അരുൺ മോസസ് എന്നീ വൈദികർക്കാണ് യാത്രയയപ്പ് നല്കിയത്.

ചിക്കാഗോ എക്യുമെനിക്കൽ കൗൺസിലിന്റെ പ്രസിഡണ്ടായ വെരി റവ. സ്കറിയ തേലപ്പിള്ളിൽ കോർ എപ്പിസ്കോപ്പ സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു. സെ. ജോർജ് ഇടവക വികാരി റവ.ഫാ. മാത്യു കരുത്തലാക്കൽ എല്ലാവരെയും സ്വാഗതം ചെയ്തു. റവ.എം.കെ. തോമസ് പ്രാർത്ഥന നടത്തുകയും റവ.ഡോ. മാത്യൂസ് ഇടിക്കുള, ജോ. ട്രഷറർ വർഗീസ് പാലമലയിൽ, ഏലിയാമ്മ പുന്നൂസ് എന്നിവർ കൗൺസിലിനു വേണ്ടി അനുമോദനങ്ങൾ അർപ്പിക്കുകയും എക്യുമെനിക്കൽ കൂട്ടായ്മയിൽ കഴിഞ്ഞ കാലങ്ങളിൽ നല്കിയ സേവനങ്ങൾക്ക് നന്ദി അറിയിക്കുകയും കൗൺസിലിന്റെ നാമത്തിൽ മൊമെന്റോ നല്കി ആശംസകൾ അറിയിക്കുകയും ചെയ്തു.

വൈദികർ തങ്ങളുടെ മറുപടി പ്രസംഗത്തിൽ എക്യുമെനിക്കൽ കൂട്ടായ്മയിൽ പ്രവർത്തിക്കാൻ കിട്ടിയ അവസരങ്ങൾക്കായി ദൈവത്തോട് നന്ദി പറയുകയും എല്ലാവരുടെയും കരുതലിനും സഹകരണങ്ങൾക്കും കൗൺസിലിനോട് നന്ദി പ്രകാശിപ്പിക്കുകയും ചെയ്തു.

ഈ മീറ്റിംഗിൽ കൗൺസിലിന്റെ വൈസ് പ്രസിഡണ്ടായിരിക്കുന്ന റവ. ഫാ. ജോ വർഗീസ് മലയിൽ, റവ. ഫാ.ഹാം ജോസഫ്, റവ.ഫാ. ലിജോ പോൾ, റവ. എബി എം. തോമസ് തരകൻ, റവ.ഫാ. തോമസ് മാത്യു, റവ. ഫാ. സ്റ്റീഫൻ വർഗീസ് എന്നീ വൈദികരും കൗൺസിലിന്റെ സെക്രട്ടറി പ്രേംജിത് വില്യം, ട്രഷറർ ജേക്കബ് കെ. ജോർജ്, ജോ. സെക്രട്ടറി ബീന ജോർജ് എന്നിവരും സന്നിഹിതരായിരുന്നു.

# കോശി കമ്മീഷൻ റിപ്പോർട്ട് തെരഞ്ഞെടുപ്പിൽ മുക്കി

കൊച്ചി: കേരളത്തിലെ ക്രൈസ്തവരുടെ സാമൂഹിക, സാമ്പത്തിക, വിദ്യാഭ്യാസ പിന്നാക്കാവസ്ഥയെക്കുറിച്ച് പഠിച്ച ജെ.ബി കോശി കമ്മീഷൻ തയാറാക്കി സമർപ്പിച്ച റിപ്പോർട്ടിന്റെ തുടർനടപടികളെക്കുറിച്ച് പൊതുതെരഞ്ഞെടുപ്പു കാലത്ത് സർക്കാരിനും രാഷ്ട്രീയ പാർട്ടികൾക്കും മൗനം. തെരഞ്ഞെടുപ്പ് വിജ്ഞാപനം വരുംമുമ്പ് റിപ്പോർട്ടിനെക്കുറിച്ച് പഠിക്കാൻ മൂന്നംഗ സമിതിയെ മന്ത്രിസഭ നിയോഗിച്ചെങ്കിലും പിന്നീടൊന്നും ഉണ്ടായില്ല.

രണ്ടു വർഷത്തെ പഠനത്തിനും ചർച്ചകൾക്കും ശേഷം കമ്മീഷൻ തയാറാക്കിയ റിപ്പോർട്ട് 2023 മെയ് 17-ന് സംസ്ഥാന സർക്കാരിന് സമർപ്പിച്ചിരുന്നു. റിപ്പോർട്ടിന്റെ ഉള്ളടക്കം പുറത്തുവിടുകയും അതിലെ നിർദേശങ്ങൾ നടപ്പാക്കാനുള്ള പ്രായോഗിക നടപടികൾ സ്വീകരിക്കുകയും വേണമെന്ന് വിവിധ കോണുകളിൽ നിന്ന് ആവശ്യമുയർന്നെങ്കിലും ഫലപ്രദമായ നീക്കങ്ങളൊന്നും ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ചില്ല.

റിപ്പോർട്ട് പഠിക്കാൻ മാർച്ച് ആദ്യവാരം ചീഫ്സെക്രട്ടറി അദ്ധ്യക്ഷനായി മൂന്നംഗ സമിതി രൂപീകരിച്ചതാണ്. പൊതുഭരണവകുപ്പ്, ന്യൂനപക്ഷ ക്ഷേമവകുപ്പ് സെക്രട്ടറിമാരായിരുന്നു സമിതിയിലെ മറ്റ് അംഗങ്ങൾ. രണ്ടാഴ്ച കൂടുമ്പോൾ സമിതി യോഗം ചേരുമെന്നും ഒരു മാസത്തിനുള്ളിൽ മന്ത്രിസഭയ്ക്ക് റിപ്പോർട്ട് നല്കുമെന്നതും പ്രഖ്യാപനത്തിൽ ഒതുങ്ങി. റിപ്പോർട്ടിലെ ഏതാനും ശിപാർശകൾ വിവിധ വകുപ്പുകളുടെ പരിശോധനയ്ക്ക് കഴിഞ്ഞ ഒക്ടോബറിൽ സർക്കാർ അയച്ചിരുന്നു. രണ്ടാഴ്ചയ്ക്കകം ഇതിന്റെ മറുപടി നല്കണമെന്ന നിർദേശവും വകുപ്പുകൾക്ക് കൈമാറി. ചില വകുപ്പുകൾ മറുപടി നല്കിയെങ്കിലും അതും സെക്രട്ടേറിയറ്റിലെ ഫയലുകളിൽ വിശ്രമിക്കുകയാണ്.

ക്രൈസ്തവ ന്യൂനപക്ഷ വിഭാഗങ്ങളുടെ വിദ്യാഭ്യാസ പുരോഗതി, ജനസംഖ്യാടിസ്ഥാനത്തിൽ ന്യൂനപക്ഷ സ്കോളർഷിപ്പുകൾ, തൊഴിൽ സംരംഭങ്ങൾക്കുള്ള സഹായങ്ങൾ, ന്യൂനപക്ഷങ്ങൾക്കുള്ള ആനുകൂല്യങ്ങളുടെ വിതരണത്തിൽ ക്രൈസ്തവർ നേരിടുന്ന വിവേചനം, മലയോര, തീരദേശ മേഖലകളിലെ ന്യൂനപക്ഷ വിഭാഗങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ, പരിവർത്തിത ക്രൈസ്തവർക്കും പട്ടികജാതി വിഭാഗങ്ങൾക്കും അവകാശപ്പെട്ട ആനുകൂല്യങ്ങൾ ലഭ്യമാക്കണമെന്ന ആവശ്യം തുടങ്ങിയ വിഷയങ്ങളിൽ ജെ.ബി. കോശി കമ്മീഷൻ സർക്കാരിനു മുന്നിൽ ശിപാർശകൾ സമർപ്പിച്ചിട്ടുണ്ട്.

# കോൺഗ്രസിനെ പിന്തുണച്ച് 66 ഒബിസി സംഘടനകൾ

ന്യൂഡൽഹി: ഇന്ത്യയിലെ വിവിധയിടങ്ങളിലുള്ള 66 പിന്നാക്ക വിഭാഗ (ഒബിസി) സംഘടനകൾ ലോക്സഭാ തെരഞ്ഞെടുപ്പിൽ കോൺഗ്രസിനു പിന്തുണ പ്രഖ്യാപിച്ചു. കോൺഗ്രസ് പ്രസിഡണ്ട് മല്ലികാർജുൻ ഖാർഗെയുടെ വസതിയിലെത്തിയാണു നേതാക്കൾ ഇക്കാര്യം അറിയിച്ചത്. കോൺഗ്രസ് സംഘടനാകാര്യ ജനറൽ സെക്രട്ടറി കെ.സി. വേണുഗോപാലും സന്നിഹിതനായിരുന്നു. ബിഹാർ, യുപി അടക്കമുള്ള സംസ്ഥാനങ്ങളിൽ ഒബിസി പിന്തുണ നിർണായകമാണെന്നു കോൺഗ്രസ് കണക്കുകൂട്ടുന്നു.

# മോദിയും രാഹുലും കേരളത്തിൽ

(3-ാം പേജിൽനിന്നും)

എറണാകുളം ഗസ്റ്റ് ഹൗസിൽനിന്നും രാവിലെ 10.50ന് ഹെലിക്കോപ്റ്ററിൽ ഗുരുവായൂർ ശ്രീകൃഷ്ണ കോളജ് മൈതാനത്ത് വന്നിറങ്ങിയശേഷം റോഡുമാർഗം പൊതുസമ്മേളന വേദിയിലേക്ക് എത്തുകയായിരുന്നു.

ഉച്ചയ്ക്ക് ആറ്റിങ്ങൽ മണ്ഡലത്തിലെ കാട്ടാക്കടയിലും മോദി പൊതുസമ്മേളത്തിൽ പങ്കെടുത്തു. തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചശേഷം രണ്ടാം തവണയാണ് മോദി കേരളത്തിലെത്തുന്നത്. മാർച്ച് 19-ന് പാലക്കാട്ടും പത്തനംതിട്ടയിലും എത്തിയിരുന്നു. ഈ വർഷം ഏഴാം തവണയാണ് മോദി കേരളത്തിലെത്തുന്നത്.

മലയാളം ഹിന്ദിയെക്കാൾ താഴെയാണെന്ന് സ്ഥാപിക്കാനുള്ള ശ്രമം നടക്കുന്നുവെന്ന് വയനാട്ടിലെ യുഡിഎഫ് സ്ഥാനാർത്ഥിയും കോൺഗ്രസ് നേതാവുമായ രാഹുൽ ഗാന്ധി. ബത്തേരിയിൽ നടന്ന റോഡ് ഷോയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. മലയാളം കേവലം ഭാഷയല്ലെന്നും സംസ്കാരമാണെന്നും അദ്ദേഹം പറഞ്ഞു.

"ഒരു രാജ്യം, ഒരു ഭാഷ, ഒരു നേതാവ് എന്ന മോദിയുടെ മുദ്രാവാക്യം നാടിനു ചേർന്നതല്ല. ഒരു നേതാവ് മതിയെന്നുള്ള ചിന്ത യുവാക്കളോടുള്ള വെല്ലുവിളിയാണ്. ഇന്ത്യ ഒരു ബൊക്കെ പോലെയാണ്. അതിൽ എല്ലാ പൂക്കളും ഉണ്ടെങ്കിലേ ഭംഗിയാകൂ.

എന്നാൽ ഒരുതരം പൂവ് മാത്രം മതിയെന്നാണ് ചിലർ പറയുന്നത്. ഒരു നേതാവ് മാത്രം മതിയെന്നും ഇവർ പറയുന്നു. വയനാട് മെഡിക്കൽ കോളജ് പ്രശ്നം സംസ്ഥാന സർക്കാരിന് രണ്ടു മിനിറ്റുകൊണ്ട് പരിഹരിക്കാൻ സാധിക്കുന്നതാണ്. പക്ഷേ, അവർ ചെയ്യുന്നില്ല. വയനാട് മനോഹരമായ സ്ഥലമാണ്. എന്റെ അമ്മയോട് വയനാട്ടിൽ താമസിക്കാൻ പറഞ്ഞിട്ടുണ്ട്. കോൺഗ്രസ് അധികാരത്തിൽ വരുമ്പോൾ രാത്രിയാത്ര, വന്യജീവി പ്രശ്നങ്ങൾ പരിഹരിക്കും"– രാഹുൽ ഗാന്ധി പറഞ്ഞു.

പുൽപ്പള്ളി, മാനന്തവാടി, വെള്ളമുണ്ട, പടിഞ്ഞാറത്ത എന്നിവിടങ്ങളിലാണ് രാഹുൽ ഗാന്ധിയുടെ ഇനിയുള്ള റോഡ് ഷോകൾ. മാനന്തവാടി രൂപതാ ആസ്ഥാനത്തും സന്ദർശനം നടത്തി. വൈകിട്ട് കോഴിക്കോട് നടക്കുന്ന സമ്മേളനത്തിലും രാഹുൽ ഗാന്ധി പങ്കെടുത്തു.

15-ന് തമിഴ്നാട്ടിലെ നീലഗിരി ആർട്സ് ആൻഡ് സയൻസ് കോളജ് ഗ്രൗണ്ടിൽ ഹെലികോപ്റ്ററിലാണ് രാഹുൽ ഗാന്ധി എത്തിയത്. രാഹുൽ ഗാന്ധി ഇറങ്ങിയതിനു പിന്നാലെ കാത്തുനിന്ന തെരഞ്ഞെടുപ്പ് കമ്മീഷൻ ഉദ്യോഗസ്ഥർ ഹെലികോപ്റ്ററിൽ പരിശോധന നടത്തിയിരുന്നു.

റോഡ് ഷോയുടെ ഭാഗമാകാൻ എത്തുന്ന പ്രവർത്തകർക്കെല്ലാം രാഹുൽ ഗാന്ധി കൈ കൊടുക്കുന്നുണ്ട്. ബത്തേരിയിലേക്കെത്തിയ കാറിൽ തന്നെയാണ് രാഹുൽ റോഡ് ഷോ നടത്തുന്നത്. റോഡ് ഷോയ്ക്കായി തുറന്ന വാഹനം തയാറാക്കിയിരുന്നെങ്കിലും കാറിൽ യാത്ര ചെയ്യാൻ അദ്ദേഹം തീരുമാനിക്കുകയായിരുന്നു.

# പ്രിയങ്കയുടെ പ്രചാരണത്തുടക്കം ഉത്തരാഖണ്ഡിൽ

ന്യൂഡൽഹി: തന്റെ കുടുംബം ഇന്ത്യയ്ക്കുവേണ്ടി ത്യാഗങ്ങൾ സഹിച്ചവരാണെന്നും അതിന്റെ വില ബിജെപിക്ക് അറിയില്ലെന്നും പ്രിയങ്ക ഗാന്ധി. 'അച്ഛന്റെ ചേതനയറ്റ ശരീരം അമ്മയ്ക്കുമുന്നിൽ വെച്ചവളാണു ഞാൻ. അന്നെനിക്ക് 19 വയസ്സാണ്. രക്തസാക്ഷിത്വത്തിന്റെയും ത്യാഗത്തിന്റെയും വില എനിക്കറിയാം' – ഉത്തരാഖണ്ഡിലെ രാംനഗറിൽ തെരഞ്ഞെടുപ്പു പ്രചാരണത്തിനു തുടക്കമിട്ട് പ്രിയങ്ക പറഞ്ഞു. 'എനിക്കും സഹോദരനും ഞങ്ങളുടെ 75 വയസ്സുള്ള അമ്മയ്ക്കുംമേൽ കേസുകൾ ചുമത്താൻ കേന്ദ്രം ശ്രമിക്കുകയാണ്. ഇലക്ടറൽ ബോണ്ടിൽ ബിജെപി വ്യാപക ക്രമക്കേട് നടത്തി. ഇന്ത്യയ്ക്കുവേണ്ടി കോൺഗ്രസ് ഒന്നും ചെയ്തില്ലെന്നു മോദി പറയുന്നു. ഐഐടിയും ഐഐഎമ്മും എയിംസും ഇസ്റോയുമെല്ലാം ഈ രാജ്യത്ത് എങ്ങനെയുണ്ടായി? ഇപ്പോൾ യുവജനങ്ങൾക്കു തൊഴിലില്ല. കേന്ദ്ര സർക്കാരിലെ 30 ലക്ഷം തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു' – പ്രിയങ്ക പറഞ്ഞു.



തെരഞ്ഞെടുപ്പിൽ മത്സരിക്കാനില്ലെന്നു ദേശീയ നേതൃത്വത്തെ പ്രിയങ്ക ഈയിടെ അറിയിച്ചിരുന്നു. റായ്ബറേലിയിൽ സോണിയ ഗാന്ധിയുടെ പിൻഗാമിയായി പ്രിയങ്ക മത്സരിക്കുമെന്ന അഭ്യൂഹങ്ങൾക്കും വിരാമമായി. സ്ത്രീ വോട്ടർമാരെ കോൺഗ്രസിലേക്ക് അടുപ്പിക്കാൻ ലക്ഷ്യമിട്ടുള്ള രാജ്യവ്യാപക പ്രചാരണത്തിനാകും അവർ ഊന്നൽ നൽകുക.

# പ്രധാനമന്ത്രിയുടെ സുരക്ഷയ്ക്കു കെട്ടിയ വടം കഴുത്തിൽ കുരുങ്ങി യുവാവ് മരിച്ചു

കൊച്ചി: പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ സുരക്ഷയ്ക്കായി റോഡിൽ കെട്ടിയ വടം കഴുത്തിൽ കുരുങ്ങി സ്കൂട്ടർ യാത്രികനായ മനോജ് ഉണ്ണി മരിച്ച സംഭവത്തിൽ മരണകാരണം പോലീസിന്റെ പിഴവാണെന്ന് ആരോപിച്ച് കുടുംബം. കാണാൻ കഴിയാത്ത വിധമുള്ള ചെറിയ പ്ലാസ്റ്റിക് കയർ ഉപയോഗിച്ചാണ് ഗതാഗതം തടഞ്ഞതെന്ന് മനോജിന്റെ സഹോദരി ചിപ്പി പറഞ്ഞു. ബാരിക്കേഡ് വെച്ചിരുന്നെങ്കിൽ സഹോദരൻ മരിക്കില്ലായിരുന്നുവെന്നും ചിപ്പി പറഞ്ഞു.

"വടം മാത്രമേ കെട്ടിയുള്ളൂ. വടം കാണാനുള്ള ഒന്നുമുണ്ടായിരുന്നില്ല. റോഡിൽ തെരുവ് വിളക്ക് പോലും ഉണ്ടായിരുന്നില്ല. സംഭവമറിഞ്ഞ് ഞങ്ങൾ അവിടെയെത്തിയപ്പോഴും തെരുവ് വിളക്ക് കത്തുന്നുണ്ടായിരുന്നില്ല. ആളില്ലാത്ത വഴിയായതിനാൽ അൽപം വേഗത്തിലാണ് അവൻ വണ്ടിയോടിച്ചത്. വലുപ്പമുള്ള വടം ആയിരുന്നെങ്കിൽ കഴുത്തിൽ ഇത്രയും പരുക്കു വരില്ലായിരുന്നു. നാട്ടുകാർ ഒച്ചയുണ്ടാക്കിയ ശേഷമാണ് വടത്തിനു പുറത്ത് റിബ്ബൺ കെട്ടിയത്. പിന്നീട് ആ വടം മാറ്റി. അവന്റെ ശരീരത്തിലും തലയിലുമൊന്നും ഒരു പരുക്കുമില്ല. കഴുത്തിലാണ് പരുക്കുകൾ. തലച്ചോറിലേക്കുള്ള ഞരമ്പുകൾക്കെല്ലാം പ്രശ്നമുണ്ടായി. സർജറി ചെയ്തുവെന്നാണ് ആശുപത്രി അധികൃതർ പറഞ്ഞത്. അതിൽ ഞങ്ങൾക്ക് സംശയമുണ്ട്" – ചിപ്പി പറഞ്ഞു. പ്രധാനമന്ത്രി തെരഞ്ഞെടുപ്പ് പ്രചാരണത്തിനായി പാലക്കാടേക്ക് തിരിച്ചശേഷം ഇതു സംബന്ധിച്ച വിശദീകരണം പോലീസിന്റെ ഭാഗത്ത് നിന്നുണ്ടാകും.

# SEEKING BRIDEGROOM

*Pentecostal Family, residing in the US, is inviting proposals for their born again, baptized daughter (30/ 5'4) . Born and brought up in California, she works as an Optometrist (Eye Doctor). She is God fearing and Family oriented. Seeking suitable proposals from parents of Pentecostal ,Family oriented and professional boys preferably based in the US. Please respond with photo and details to **shajeepmathew@gmail.com** or contact **1-972- 342-4297.**

*Knanaya Jacobite parents invite marriage proposals for their daughter (26 Yrs.), born and raised in the US, Master of Physician Assistant Working as a PA in a hospital. Marriage proposal invited from parents of Knanaya catholic / Jacobite, God-fearing boys born or raised & educated in the US or Canada with qualified Medical or other professional degrees & working. Please contact:
**knawedding101@yahoo.com**

*Pentecostal parents settled in the USA invite proposal for their daughter, 28 year old, 5' 2": born again, water baptized and leading a model christian life. Born and brought up in the USA. Masters in Speech Language Pathology. Seeking suitable proposals from qualified boys from the USA or Canada. Please respond with details and pictures to **foreverulove2023@gmail.com** or **469-371-7023**.

*Roman Catholic parents invite proposals for their daughter who is working as Pham-D. She is 38 and 5'-3" fair complex. She is born and brought up in U.S.A. We are seeking suitable alliance from professionally qualified Engineers, Doctors, Pharmacists, MBA accountants , IT professionals born and raised in U.S.A. who are Catholics and God-fearing and family oriented. Interested please respond with details including a recent picture to: **cyriac78@hotmail.com**

*Pentecostal parents settled in USA invite proposal for their daughter 28 years old, 5' born again, baptized and spirit filled. Born and brought up in USA. Masters in Accounting, working as a corporate senior tax accountant, pursuing CPA. Parents of qualified boys ( from USA or Canada) with good spiritual background may please respond with details and pictures to **smat16ab@gmail.com**

*USA Settled family seeking proposal for their daughter, 28 years old 5' 3" born and raised here in the US. She has graduated from medical school, and currently doing 2nd year residency in Family Medicine. She is born again, baptized, and has a heart for medical missions. Looking for proposals from interested parties. Please respond with contact number, picture/s and or with any online profile, if one available. Contact- **Plavilakandan@gmail.com**

**Visit Our Website:
www.keralaexpress.com
for Matrimonial Advt.**

*U.S. settled, professional, Keralite Hindu parents invite proposals for their US-born and raised only child, Architect (M. Arc.), pretty, accomplished: singer, Indian Classical dancer, and pianist. 30,5', currently working in Southwest (willing to relocate to southern region) from professionals (preferably US citizens). Interested parties kindly contact us with details and a recent picture to: **bejeweledsnow@hotmail.com**

*Seeking suitable groom for 25 yrs old daughter (Oct 1998) - Pentacostal background. She is currently doing her masters in social work and working full time as a case worker with a human trafficking organization. She graduated with bachelors degree in health science from Texas A&M. She is born again, spirit filled and has a heart for ministry, very active in church, Sunday school and youth groups. She has been to several mission trips overseas and has a heart to mentor, teach the word and minister to the youth. She organizes and motivates the youth to spend time in prayer and the word. Born in the middle east, raised in US since 5yrs of age. Looking for someone who has similar interests and loves the Lord and the church. We are settled in Dallas. If interested please email information to **annoov17@gmail.com.**

*Malayalee Born-Again girl 24, MIS, USA born, employed with a reputed firm — seeks Born-Again, Malayalee professional, 25-28 yrs, US born or came to US at young age. Contact **863-513-3759** or **johjohns46@yahoo.com**

*We are looking for a god-fearing Protestant Christian groom for our daughter. She is 25, slim, 5'6 and is working as a researcher in a biotech company. We would prefer someone born and raised in the US, at least 5'10 and is working or studying in the US. Please contact **(408) 203-6088** if interested.

*Christian Pentecostal parents inviting proposals for their daughter who is born again, baptized and spirit filled. 29 years (DOB: April 25, 1994). Graduated in Psychology and working as Family counselor. Seeking proposals from suitable boys professionally qualified (born and brought up in USA or Canada is preferred), good family backgrounds and born again, baptized and Spirit filled. Interested parents contact at **alexmat1963@gmail.com.**

*Pentecostal family settled in USA seeks proposal for their daughter, 24 years old, 5'5". Born and raised in the US and graduated with a Bachelor's from a prestigious university in the US and currently works in financial services at a well established professional bank. She is also pursing Masters in Evangelism. Seeking God fearing, born again Christian boys from USA or Canada with a professional background. If interested, please email at **k64abraham@gmail.com** or **630-748-9314.**

*Christian parents settled in USA since 1997 invite proposals for their daughter, 37 years old, 5'3", born again and baptized and in fellowship with a Pentecostal Church.Our daughter has multiple degrees including law degree and working with State government (Florida) for the last seven years. She was raised in the Middle East until 10 years of age and moved to US in 1997. Parents of born again, educated boys from US or Canada with good spiritual background may respond to me directly at
**mathewg1956@gmail.com** or text at **863-709-6031.**

# SEEKING BRIDE

*Professionally qualified Pentacostal boy working and studying in USA (fair/36/ 78kg/182cm/ divorced) seeking suitable proposal from parents of born again, spirit filled and professionally qualified girls live in United States. Contact: **(832) 340-0672**

*Double board certified physician currently working as a Medical Director at the VA. Beyond the realm of medicine, I prioritize strong family values and faith. I'm seeking a meaningful connection with someone who shares these principles, someone who values integrity, compassion, and growth. If you're ready to embark on a journey of companionship rooted in mutual respect and shared beliefs, I'd love to hear from you. Age 45 and 5' 7". Please respond with details and recent picture to **pvcglorytogod@gmail.com**

*Brother settled in the U.S. invites marriage proposal for Knanaya Catholic widower (U.S. returned, doing business, 2 sons, 1 in Canada & other one in Bangalore), 55, 5'8", 150lb from Knanya women or widows with or without children. Please contact us on **+1 863-447-0691 or email at joscoveneers@gmail.com.**

*Jacobite parents invite marriage proposals for their son 43 years old. Born and raised in Dubai, graduated from Czech medical university, P.G from New York. Innocently divorced. Presently working as a professor in one of the reputed medical schools in New York as professor, U.S. citizen. Interested parties contact. **91-9400026888**.

*Born Again Pentacostal church member, citizen of USA, 39 years old, single, working in USA as software engineer seeking born again Pentacostal girl from USA, looking for spiritually inclined, working professionally in USA. Please contact **deniscyrus@gmail.com / 609-968-1097.**

*Pentecostal parents are searching for a suitable match for their son, born in August 1991, 5'10" tall, an Attorney with a Juris Doctor degree. He works in Corporate Compliance and Privacy at a major hospital in the USA. He is dedicated to his church and enthusiastic about mission work. If interested please send details and recent pictures WhatsApp: **+91 9810701777.**
Email: **glorya9307@gmail.com**

*Christian professional parents looking for a match for our 31-year-old son: Born again, US born, physician in Internal Medicine residency – 2nd year, 6ft tall. Looking for Christian, US born, professional women age 24-31. Please send bio with family information and picture to **Marriage1292@gmail.com.**

*Pentecostal parents invite proposal for their son (age 25, h-175 cm), who is born-again, baptized, Holy Spirit-filled, raised in traditional Syrian Christian family, heavily involved in Church and mission activities, and has finished Masters in Medical Engineering from UK (currently in UK) from parents of God fearing educated Pentecostal girls settled in US and Canada. If interested, please contact **rinojjohn82@gmail.com,**
**+44 7776814498, +91 9846130814** with details and pictures.

*USA settled Christian family seeking proposal for their 34 year old son who was born in Sultanate of Oman and moved to US at the age of 6. He is 5'7", born again/ baptized and in fellowship with a Pentecostal Church in Florida. He has Masters degree from Georgia Tech and currently working with Lockheed Martin as a Senior Software Engineer since several years. He had to undergo a Kidney transplant in 2010 (his only sister donated her kidney). He is in very good health, athletic and socially active. We are looking for a born again, educated girl from US or elsewhere. Those who are interested, please text, whatsapp at **863-709-6031** or email to **mathewg1956@gmail.com.**

*Pentecostal parents seek a proposal for their 30-year-old son currently doing business in Kuwait. He was born and raised in Kerala and educated in Bangalore. He has a BBA and Hotel Management degree, is 5'7" tall, and has a fair complexion. Invite proposals from born-again, baptized, Holy Spirit-filled, and educated girls from the USA.
Email: **glorygeorge2255@gmail.com**
Phone: **+91 96058 05845 (India)**
**5867419373 (USA)**

**Visit Our Website:
www.keralaexpress.com
for Matrimonial Advt.**

## SEEKING BRIDEGROOM CONTD.....

# നിര്യാതരായി

## ജോൺ കുര്യൻ

**ബെംഗ്ളൂരു:** ഇന്ദിരാനഗർ പ്ലസന്റ് ട്രാവൽസ് സ്ഥാപകൻ കുമരകം കല്ലറയ്ക്കൽ ജോൺ കുര്യൻ (90) അന്തരിച്ചു. ഭാര്യ പരേതയായ ലില്ലി. മക്കൾ: ലെറ്റി (യുഎസ്), ലെനി (ന്യൂസിലൻഡ്). മരുമക്കൾ: ഉമ്മൻ ചെറിയാൻ (യുഎസ്), വിൻസന്റ് ജീവൻ (ന്യൂസിൻഡ്).

## സാറാമ്മ ജോൺ

**കേണിച്ചിറ:** ആശാൻകവല പുതുപ്പറമ്പിൽ (ഊട്ടിക്കൽ) സാറാമ്മ ജോൺ (ചിന്നമ്മ-80) അന്തരിച്ചു. മലപ്പുറം എടക്കര ചുരയ്ക്കാട്ട് കുടുംബാംഗമാണ്. ഭർത്താവ് ഇ.വി. ജോൺ. മക്കൾ: ജെസി തോമസ്, ജോളി സൈമൺ, സോൾ ജയ്മോൻ (യുഎസ്). മരുമക്കൾ: പാസ്റ്റർ വിപി. തോമസ് (ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യ ദേശീയ ഗവേണിംഗ് ബോഡി അംഗം), പി.വി. സൈമൺ, കെ.ജെ. ജയ്മോൻ (യുഎസ്).

**പൊൻകുന്നം:** തങ്കമണി സെ. തോമസ് എൽപിഎസ് റിട്ട. പ്രധാനാദ്ധ്യാപകൻ കിളിരൂപ്പറമ്പിൽ കെ.എം. കുര്യൻ (കുഞ്ഞച്ചൻ-76) അന്തരിച്ചു.

**പൊന്തൻപുഴ:** ആദ്യകാല വ്യാപാരി പുരയ്ക്കൽ പി.എൽ. ചാക്കോ (86) അന്തരിച്ചു.

## രാജ് കരോട്ടുകുന്നേൽ



**ചേർപ്പുങ്കൽ:** കരോട്ടുകുന്നേൽ മാത്യുവിന്റെയും ആനീസിന്റെയും മകൻ രാജ് കരോട്ടുകുന്നേൽ (40) യുഎസിൽ അന്തരിച്ചു.

**അരീപ്പറമ്പ്:** ന്യൂഇന്ത്യ ഇൻഷുറൻസ് കമ്പനി റിട്ട. അസി. ഡിവിഷണൽ മാനേജർ പകലോമറ്റം കുടുംബാംഗമായ പുളിയായിൽ പി.കെ. കുര്യൻ (93) അന്തരിച്ചു.

**കോട്ടയം:** റാന്നി ഇടമൺ വെമ്മേലിൽ പരേതനായ ലഫ്. വി.സി. തോമസിന്റെ ഭാര്യ മേരിക്കുട്ടി തോമസ് (92) അന്തരിച്ചു.

**ഇളംതോട്ടം:** ഇളംതോട്ടത്തിൽ ചിന്നമ്മ വർക്കി (66) അന്തരിച്ചു.

**പാലാ:** വടാനയിൽ വി.ടി. ബാബു (71) അന്തരിച്ചു.

**കോട്ടയം:** വയസ്കരച്ചിറ മണലേൽ മേരി ഫ്രാൻസിസ് (70) അന്തരിച്ചു.

**അമയന്നൂർ:** ഇളയിടത്ത് റോസ് മേരി (67) അന്തരിച്ചു.

**പുളിങ്കുന്ന്:** പുരയ്ക്കൽ മേരി തോമസ് (പെണ്ണമ്മ-100) അന്തരിച്ചു.

## ടി.വി. വർഗീസ്

**ളാക്കാട്ടൂർ:** തടമുറിയിൽ ടി.വി. വർഗീസ് (ജോയിക്കുട്ടി-87) അന്തരിച്ചു. ഭാര്യ കുറുമ്പനാടം ഓവേലിൽ പരേതയായ എ.കെ. റോസ് (റിട്ട. ടീച്ചർ). മക്കൾ: സജി ജോർജ് (ന്യൂയോർക്ക്), ജോജി വർഗീസ്, ബിജി സിബി, ബൈജു വർഗീസ്. മരുമക്കൾ: ജോർജ് ജോസഫ് പുതുപ്പള്ളിക്കുന്നേൽ (ഇ-മലയാളി ന്യൂയോർക്ക്), ആശ ജോജി കുറ്റിപ്ലാക്കൽ (കൂടല്ലൂർ), ഡോ. സിബി ചാക്കോ കൊല്ലംപറമ്പിൽ ചങ്ങനാശേരി (ദുബായ്), മഞ്ജു വർഗീസ് കളത്തിൽ ഫാത്തിമാപുരം.

## കെ.എ. തോമസ്



**ഡാളസ്:** കോട്ടയം അഞ്ചേരി കുഴിയത്ത് തുമ്പുങ്കൽ കെ.എ. തോമസ് (കുഞ്ഞുമോൻ-78) ഡാളസിൽ അന്തരിച്ചു. അഞ്ചേരി കാലായിൽപറമ്പിൽ മറിയാമ്മ തോമസാണ് ഭാര്യ. മകൾ: സുജ ജേക്കബ് (ഡാളസ്). മരുമകൻ: ബിജു ജേക്കബ്.

**തിരുവനന്തപുരം:** മല്ലപ്പള്ളിൽ ആലുമ്മൂട്ടിൽ പരേതനായ കെ. ചെറിയാന്റെ മകൻ തിരുവനന്തപുരം കോളജ് ഓഫ് ഫൈൻ ആർട്സ് റിട്ട. പ്രഫ. മിക്കു കുര്യൻ ചെറിയാൻ (61) അന്തരിച്ചു.

**ചമ്പക്കര:** തുമ്പയിൽ ഫ്രാൻസിസ് വർഗീസ് (ബേബിച്ചൻ-73) അന്തരിച്ചു.

**കോട്ടയം:** വട്ടക്കുന്നേലായ ഞള്ളനാട്ട് ശോശാമ്മ മാണി (86) അന്തരിച്ചു.

**മാന്നാനം:** വല്ലാത്തറ വി.എസ്. ജോസഫ് (77) അന്തരിച്ചു.

## മറിയാമ്മ ജോർജ്

**കോത്തല:** പുതുപ്പറമ്പിലായ പാടിയിൽ മറിയാമ്മ ജോർജ് (86) അന്തരിച്ചു. വാഴൂർ കുളത്തുങ്കൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ പി.യു. ജോർജ്. മക്കൾ: സിനി ജോർജ് (യുഎസ്), സിജു ജോർജ്, സിബി ജോർജ്. മരുമക്കൾ: പള്ളം പൊയ്യക്കര പ്രകാശ് ജേക്കബി (യുഎസ്), കുമളി ആനവിലാസം കുഴിപതാലിൽ സിമിലി കെ. ടാലി, മണർകാട് കല്ലുപുരയിൽ ബോബിന ഏബ്രഹാം.

**കോട്ടയം:** എസ്ബിടി മുൻ മാനേജർ അയ്മനം കുഴിത്താറ്റിൽ കെ.എം. ജോൺ (85) അന്തരിച്ചു.

**വാഴക്കുളം:** കെഎസ്ആർടിസി റിട്ട. ജീവനക്കാരൻ നമ്പ്യാപറമ്പിൽപള്ളത്ത് മാത്യു (85) അന്തരിച്ചു.

## ഫിലിപ്പ് ഫിലിപ്പ്

**മാവേലിക്കര:** എൽഐസി റിട്ട. ഓഫീസർ പുളിമൂട് കൈമൂട്ടിൽ ഫിലിപ്പ് ഫിലിപ്പ് (ജോയി-86) അന്തരിച്ചു. ഭാര്യ പുന്നയ്ക്കാട് വെട്ടോലിമലയിൽ മറിയാമ്മ ജോർജ് (റിട്ട. അധ്യാപിക, കറ്റാനം പോപ് പയസ് എച്ച്എസ്എസ്). മക്കൾ: ഡോ. ബിനു ഫിലിപ്പ് (യുഎസ്), ഡോ. ബിജു ഫിലിപ്പ് (യുകെ), ബിബു ഫിലിപ്പ് (യുഎസ്). മരുമക്കൾ: തിരുവല്ല ചിറ്റക്കാട്ട് ഡോ. ഷെബിൻ (യുകെ), പനയ്ക്കൽ തെക്കേതിൽ ഡോ. സിബിൻ, വെണ്ണിക്കുളം കിഴക്കേൽ സിമി (ഇരുവരും യുഎസ്).

**നീണ്ടൂർ:** ബ്രദറൻ മിഷനറി സുവിശേഷകൻ അനൂബ് കുരീക്കുന്നേൽ (42) അന്തരിച്ചു.

## ആനി ജോർജ്

**മണർകാട്:** പേരാലുംമൂട്ടിലായ പുത്തൻപുരയ്ക്കൽ ആനി ജോർജ് (70) അന്തരിച്ചു. അയ്മനം മരോട്ടിപറമ്പിൽ കുടുംബാംഗമാണ്. ഭർത്താവ് പി.ടി. ജോർജ്. മക്കൾ: ബെന്നി ജോർജ്, ബിനു ജോർജ്. മരുമക്കൾ: മാങ്ങാനം കക്കത്തുകുഴിയിൽ ലിജു ബെന്നി, പാറമ്പുഴ പണ്ടാരമാലിയിൽ ഷൈമോൾ ബിനു (യുഎസ്).

## മേരി മാത്യു

**കീഴ്വായ്പൂര്:** റിട്ട. പ്രധാനാദ്ധ്യാപിക ഐക്കര മേപ്രത്ത് ചവണിക്കാമണ്ണിൽ മേരി മാത്യു (95) അന്തരിച്ചു. മക്കൾ: മാത്യൂസ് സി. മാത്യൂസ് (യുഎസ്), പരേതനായ പ്രഫ. ഏബ്രഹാം സി. മാത്യൂസ്. മരുമക്കൾ: അന്നമ്മ മാത്യു, പരേതനായ സൂസൻ ഏബ്രഹാം മാത്യൂസ്.

**മുടിയൂർക്കര:** മുക്കോച്ചേരിൽ ജോസഫ് ജോസഫിന്റെയും ത്രേസ്യാമ്മയുടെയും മകൻ ജോർജ് ജോസഫ് (സാബു-56) അന്തരിച്ചു.

## ടി.കെ. സൈമൺ

**കുറിച്ചി:** റിട്ട എഎസ്ഐ തച്ചോറയിൽ ടി.കെ. സൈമൺ (68) യുഎസിൽ അന്തരിച്ചു. ഭാര്യ ചിങ്ങവനം കോച്ചേരി രമണി സൈമൺ. മക്കൾ: നിതിൻ സൈമൺ (കാനഡ), നോവ സൈമൺ (യുഎസ്). മരുമക്കൾ: ഫെമിൻ ജോർജ് കുപ്പെകുഴിയിൽ (കാനഡ), ഏറ്റുമാനൂർ കൈതാരം സുബിൻ രാജു (യുഎസ്).

**എടത്വ:** ചങ്ങംകരി കല്ലുപുരയ്ക്കൽ കെ.എ. ജോർജ് (87) അന്തരിച്ചു.

**തോട്ടയ്ക്കാട്:** മുക്കാട്ടുകാവുങ്കൽ ത്രേസ്യാമ്മ വർഗീസ് (90) അന്തരിച്ചു.

**പുഞ്ചവയൽ:** മാടത്താനിയിൽ മാത്യു ജോസഫ് (അപ്പച്ചൻ-68) അന്തരിച്ചു.

**ചങ്ങനാശേരി:** മറ്റം ആറ്റുപുറം വീട്ടിൽ ത്രേസ്യാമ്മ ജോസഫ് (80) അന്തരിച്ചു.

**കോട്ടയം:** ചെമ്പാലത്തറ സി.എ. തോമസ് (കുഞ്ഞപ്പൻ-92) അന്തരിച്ചു.

## ഡോ. ചെറിയാൻ കെ. മാത്യൂസ്

**കുമ്പനാട്:** തൈപ്പറമ്പിൽ ഡോ. ചെറിയാൻ കെ. മാത്യൂസ് (89) അന്തരിച്ചു. ട്രോംബെ ബാബ അറ്റോമിക് റിസർച്ച് സെന്റർ ശാസ്ത്രജ്ഞൻ. കൽപാക്കം ഇന്ദിരാഗാന്ധി അറ്റോമിക് റിസർച്ച് സെന്റർ ഡയറക്ടർ, ബെംഗ്ളൂരു ഇൻഡസ് സയന്റിഫിക് പ്രൈവറ്റ് ലിമിറ്റഡ് കമ്പനി സ്ഥാപകൻ, സിഎംഡി എന്നീ നിലകളിൽ പ്രവർത്തിച്ചു. ഭാര്യ തിരുവനന്തപുരം പുതിയവീട്ടിൽ പരേതയായ സാലി മാത്യൂസ്. മക്കൾ: മനോജ് മാത്യൂസ് (യുഎസ്), വിനോദ് മാത്യൂസ്, അനിൽ മാത്യൂസ് (ഇരുവരും ബെംഗ്ളൂരു), സുനിൽ മാത്യൂസ് (ദുബായ്). മരുമക്കൾ: അനിത, റിയ, സോണിയ, റീറ്റ.

**അതിരമ്പുഴ:** ഓണംകുളം (ഇടനിലം) പരേതനായ എ.സി. ജോർജിന്റെ മകൻ ഷിബു ജോർജ് (51) അന്തരിച്ചു.

## ലില്ലിയമ്മ ജോർജ്



**ഡാളസ്:** സൗത്ത് പാമ്പാടി വാർമല വട്ടശേരിൽ പരേതനായ വി.ജി. ജോർജിന്റെ (റിട്ട. സെക്രട്ടറി ഡിഎസ്എസ്എ ബോർഡ്, കോട്ടയം) ഭാര്യ ലില്ലിയമ്മ (95) അന്തരിച്ചു. പരേത മിത്രക്കരി ചെറുകാട്ട് കുടുംബാംഗമാണ്. മക്കൾ: ലൈല തോംസൺ (ഫ്ളോറിഡ), ഷൈല, ജോസഫ്, മരിയൻ ജോർജ് (മുൻ എക്സി. എഡിറ്റർ ഇൻ ചാർജ് ദീപിക), എൽസി റോയി (ബെംഗ്ളൂരു), അഡ്വ. ജോർജ് വർഗീസ് (ഡാളസ്). മരുമക്കൾ: തോംസൺ മടുക്കക്കുഴി (ഫ്ളോറിഡ), ജോസഫ് തോമസ് മംഗ്ലാവുപറമ്പിൽ (കഞ്ഞിക്കുഴി), റോയി കാരിക്കൽ (ബെംഗ്ളൂരു), ഡോ. പുഷ്പ കാപ്പൻ (കോട്ടയം), ഡോ. ജയ്സി ജോർജ് (ഡാളസ്). പരേതയായ പ്രഫ. ഓമന അലക്സാണ്ടർ സഹോദരിയാണ്.

**കൂരോപ്പട:** കോട്ടയം വെസ്റ്റ് റിട്ട. എഎസ്ഐ ചിറക്കാട്ട് സി.ജെ. ഫിലിപ്പോസ് (ലാലു-64) അന്തരിച്ചു.

**മാങ്ങാനം:** വിളനിലത്ത് ജോൺ ബി. സൈലസ് (മോനി-79) ചെമ്മരപ്പള്ളി പാലമറ്റത്ത് അന്തരിച്ചു.

**കോട്ടയം:** വാലാച്ചിറ വടക്കേപറമ്പിൽ ജിമ്മി ജോർജ് (48) ബെംഗ്ളൂരുവിൽ അന്തരിച്ചു.

**ചെന്നാട്:** ചെറുവള്ളിൽ ആലീസ് ജേക്കബ് (65) അന്തരിച്ചു.

**കട്ടപ്പന:** വെള്ളയാംകുടി വടയാറ്റ് ബീന ആന്റണി (58) അന്തരിച്ചു.

## ഏലിക്കുട്ടി വർഗീസ്

**വൈക്കം:** പാലക്കൽ ഏലിക്കുട്ടി വർഗീസ് (93) അന്തരിച്ചു. പാലാ പുളിക്കൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ കുര്യൻ വർഗീസ്. മക്കൾ: ബാബു, തങ്കച്ചൻ, ജോയി, തോമാച്ചൻ (ജർമ്മനി), ജോർജുകുട്ടി, ജെയിംസ് (ഇരുവരും യുഎസ്), ലൈലമ്മ മാത്യു, മാത്തച്ചൻ, അജിത്. മരുമക്കൾ: ഏലമ്മ കിഴക്കേടത്ത്, മെർലി തെക്കിനി, മേഴ്സി തോട്ടം, ഡോളി എഴുതവയലിൽ, റോസ്‌ലിൻ ചെരിയൻ പുറത്ത്, സെലീന കുഴികുളം, ഇറ്റാലിയ എടപ്പാടിയിൽ, ലിറ്റി ഏറത്ത്, പരേതനായ മാത്യു പുലിങ്ങപ്പള്ളി.

## വി. പരശുരാമൻ

**കോട്ടയം:** റബർബോർഡ് ജോ.പ്രൊഡക്ഷൻ കമ്മീഷണർ യൂണിയൻ ക്ലബ് സ്മിതാ ഭാവനിൽ വി. പരശുരാമൻ (94) തൃപ്പൂണിത്തുറയിൽ അന്തരിച്ചു. മക്കൾ: പി. മോഹൻ ബാബു, ജയശ്രീ രമേശ്, രാജു മുരളീകൃഷ്ണൻ (യുഎസ്). മരുമക്കൾ: വി. ജയന്തി, രമേശ് കൃഷ്ണൻ, മുരളി കൃഷ്ണൻ (യുഎസ്).

**പാദുവ:** വടക്കേ മാമ്പുഴക്കൽ (കീരഞ്ചിറ) വർക്കി ഏബ്രഹാം (84) അന്തരിച്ചു.

**പൂവരണി:** പാറേക്കാട്ട് മൊളോപ്പറമ്പിൽ മേരി ഏബ്രഹാം (84) അന്തരിച്ചു.

## വി.കെ. കുരുവിള

**നരിയങ്ങാനം:** വിമുക്തഭടൻ വടക്കേമുറിയിൽ വി.കെ. കുരുവിള (കുര്യാച്ചൻ-87) അന്തരിച്ചു. ഭാര്യ പ്ലാശനാൽ ആലപ്പാട്ടുകുന്നേൽ പരേതയായ ബ്രിജിറ്റ്. മക്കൾ: കൊച്ചുറാണി (യുഎസ്), സോണി സിറിയക്, ബോബി സിറിയക്. മരുമക്കൾ: റെജി ജോസഫ് നെല്ലിക്കാനിരപ്പേൽ (യുഎസ്), സിനി കുര്യാക്കോസ് തേനംമാക്കൽ വേലത്തുശേരി, മെസ്‌ലി സിറിയക് ആരംപുളിക്കൽ കുന്നോന്നി (സെ. ജോർജ് കോളജ് അരുവിത്തുറ).

## ആൻസി മത്തായി



**ജീഴൂർ:** ജീഴൂർ കളപ്പുരക്കൽ പരേതനായ മത്തായി (പാപ്പച്ചൻ) യുടെ ഭാര്യ ആൻസി മത്തായി (74) ടാമ്പ ഫ്ളോറിഡയിൽ അന്തരിച്ചു. മക്കൾ: റോബിൻസ് മത്തായി കളപ്പുരയ്ക്കൽ (ഫ്ളോറിഡ), നിഷ മത്തായി പെരുന്നിലത്തിൽ (ഡൽഹി). മരുമക്കൾ: മരിയ ഏബ്രഹാം പുതുപ്പറമ്പിൽ, ബിബിൻസ് പെരുന്നിലത്തിൽ.

## ഏലിയാമ്മ സക്കറിയ

**ഇരവിനല്ലൂർ:** മണർകാട് ഇൻഫന്റ് ജീസസ് കോൺവന്റ് ഹൈസ്കൂൾ റിട്ട. അദ്ധ്യാപിക കളമ്പുകാട്ട് ഏലിയാമ്മ സക്കറിയ (83) അന്തരിച്ചു. തോട്ടക്കാട് കൊച്ചുവീട്ടിൽ കുടുംബാംഗമാണ്. ഭർത്താവ് കെ.കെ. മാത്യു (റിട്ട.ട്രഷറി ഓഫീസർ). മക്കൾ: ബിജു കുര്യൻ മാത്യു (യുഎസ്), ബിനു മാത്യു, മെർലിൻ മാത്യു (യുകെ). മരുമക്കൾ: ശൈനോ മാത്യു തുർക്കടിയിൽ വെണ്ണിക്കുളം (യുഎസ്), തോമസ് വർഗീസ് മണിയനോടിൽ വള്ളംകുളം (യുകെ),സിനി മാത്യു മച്ചിക്കല്ലിൽ കണ്ടംപേരൂർ (യുകെ).

**ചങ്ങനാശേരി:** വാകത്താനം ഗവ. എൽ.പി സ്കൂൾ റിട്ട. പ്രധാനാദ്ധ്യാപകൻ തൃക്കൊടിത്താനം കോട്ടമുറി പുതുപറമ്പിൽ കെ. രാഘവൻ (89) അന്തരിച്ചു.

**എസ്എച്ച് മൗണ്ട്:** മുടിയൂർക്കര ഗവ. യുപിഎസ് റിട്ട. പ്രധാനാദ്ധ്യാപിക വാഴത്തറയിൽ മോളി ചാണ്ടി (87) അന്തരിച്ചു.

## ജോർജ് കുര്യൻ

**കോട്ടയം:** പുത്തനങ്ങാടി തെക്കേത്തലയ്ക്കൽ ജോർജ് കുര്യൻ (ജോർജുകുട്ടി-77) ഹൂസ്റ്റണിൽ അന്തരിച്ചു. ഭാര്യ പരേതയായ ഏലിയാമ്മ. മകൻ: സ്റ്റീവ് കുര്യൻ. മരുമകൾ രഞ്ജിത.

**ചെങ്ങന്നൂർ:** മടപ്പള്ളി ഗവ. കോളജ് റിട്ട. പ്രിൻസിപ്പൽ ബുധനൂർ കടമ്പൂർ പരുത്തിപ്പള്ളിൽ പ്രഫ. ടി.കെ. സുകുമാരിയമ്മ (98) അന്തരിച്ചു.

**കോട്ടയം:** എംജി സർവകലാശാലാ റിട്ട. ഡെപ്യൂട്ടി രജിസ്ട്രാർ അതിരമ്പുഴ ഇമ്മാനുവേൽ ഭവനിൽ സാം ജയരാജ് (70) അന്തരിച്ചു.

## സി.കെ. ലൂക്കോസ്

**വാകത്താനം:** ചേന്നങ്ങാട്ട് സി.കെ. ലൂക്കോസ് (88) അന്തരിച്ചു. ഭാര്യആനിക്കലായ പുത്തൻപറമ്പിൽ മറിയാമ്മ. മക്കൾ: സാബു, ഷീബ, സാജു (പൂണെ), സോജൻ, സോൺസ് (യുഎസ്). മരുമക്കൾ: എസി, സിസിലി, ലിറ്റി, ഷൈജു, സുമി (യുഎസ്).

**കളമശേരി:** സിടിസി സഭ തെരേസ്യൻ കാർമ്മലൈറ്റ് കോൺവന്റ് അംഗം സിസ്റ്റർ മേരി ട്രീസ (83) അന്തരിച്ചു.

**അതിരമ്പുഴ:** ഓട്ടക്കാഞ്ഞിരം അറേക്കാട്ടിൽ കുഞ്ഞമ്മ കുര്യൻ (72) അന്തരിച്ചു.

**പുന്നത്തുറ വെസ്റ്റ്:** വട്ടപ്പറമ്പിൽ കത്രീനാമ്മ (കുഞ്ഞമ്മ-95) അന്തരിച്ചു.

**ഇടിഞ്ഞില്ലം:** കളരിക്കൽ അന്നമ്മ കുര്യൻ (തങ്കമ്മ-89) അന്തരിച്ചു.

**നീർപ്പാറ:** ചെറുകുഴിയിൽ പത്തടയിൽ മറിയാമ്മ (73) അന്തരിച്ചു.

**അതിരമ്പുഴ:** കുഴിക്കാട്ടുകുന്നേൽ ജോസഫ് വർക്കി (59) അന്തരിച്ചു.

## CAREGIVERS (FEMALE) NEEDED IN THE DC AREA

We are looking for a live-in person for an 87-year-old Mom (dementia patient). Willing to cook light meals and taking care of her of daily needs.

**Call 301 651 6049 or**

**Thomasjacob1955@gmail.com**

## RENTAL VACATION PROPERTY IN SIESTA BEACH FLORIDA

4 bedroom, 3 full bath waterfront with mango and coconut etc. trees. Walking distance to number one beach in America siesta beach.

**Contact phone number:**

**847-508-5405**

## CAREGIVER WANTED IN HOUSTON

Looking for a Caregiver for an adult male who lives with his wife in Houston. The couple are independent and only minimal help would be needed. We are open to both a live in or live out option.

**Please contact us at**

**713-885-6016**

## NANNY WANTED IN NEW JERSEY

Young couple residing at New Jersey looking for a Nanny (live-in or come and go Monday through Friday) to help take care of their 3 kids two of them are going to Daycare School and mother is also at home.

**Interested parties please contact**

**Marina @ 845-270-4426**

**Baby @. 845-270-4310**

## CAREGIVER WANTED IN NORTH CAROLINA

Live-in help needed to give company for a 80 year old healthy male with early signs of dementia living in Raleigh, North Carolina. Tasks include cooking Kerala style meals and administering medications (oral only) on time. Spacious room with private bathroom provided. Attractive compensation.

**Call or text Finny @ 919-446-4640**

### *Favors Received*



*Inserted by: Firm Believer, Chicago*

### *Favors Received*



*Inserted by: Firm Believer, Chicago*

### *Favors Received*



*Inserted by: Firm Believer, Bloomingdale*

### *Favors Received*



*Inserted by: Firm Believer, Bloomingdale*

### ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണെമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണെമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, New York*

### ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണെമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണെമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, New York*

**Visit Our Website: www.keralaexpress.com for Classified Advt.**

KERALA EXPRESS

നോവൽ

# കാണാത്ത തീരങ്ങൾ

ജോയ്സി

## കഥ ഇതുവരെ

**പത്രപ്രവർത്തകനായ സന്ദീപും സുന്ദരിയായ അല്ലിമയും പ്രണയത്തിലാണ്. എറണാകുളം മനയ്ക്കക്കടവ് ഹരിതം കോളനിയിൽ അങ്കിളിന്റെ ഗൃഹപ്രവേശനച്ചടങ്ങിൽവെച്ചാണ് സന്ദീപ് അല്ലിമയെ കണ്ടുമുട്ടിയത്. വിവാഹത്തിന് സന്ദീപിന്റെ അച്ഛൻ ജാതകത്തിനു നിർബന്ധം പിടിച്ചപ്പോൾ അല്ലിമ ദത്തുപുത്രിയാണെന്ന് അവളുടെ അച്ഛനു തുറന്നു പറയേണ്ടിവന്നു. അല്ലിമയുടെ മാതാപിതാക്കളെ കണ്ടുപിടിക്കാനുള്ള അന്വേഷണവുമായി പോണ്ടിച്ചേരിയിലെത്തിയ സന്ദീപും ബന്ധുവായ കിഷോറും അല്ലിമയെ പ്രസവിച്ചത് മുത്തശ്ശിയുടെ അനുജത്തി മല്ലികച്ചിറ്റയുടെ മകൾ മാളവികയാണെന്നു മനസ്സിലാക്കി. അവിടെ അഞ്ജനയുടെ ഭർത്താവ് ഹേമചന്ദ്രൻ ഡിവൈഎസ്പിയാണ്. ബസ് കണ്ടക്ടറായിരുന്ന ചന്ദ്രബാബുവിനെ പ്രണയിച്ച് രജിസ്റ്റർ വിവാഹം കഴിച്ച മാളവിക, വീട്ടുകാരെ ഭയന്ന് ഭർത്താവിന്റെ കുടുംബത്തോടൊപ്പം നാടുവിട്ടുപോകുകയായിരുന്നു. ഒരുദിവസം ചന്ദ്രബാബുവിനെ കാണാതായി. ഹോസ്പിറ്റലിൽനിന്ന് അവർക്കു വിവരങ്ങൾ നൽകിയ നേഴ്സ് സോഫിയായ്ക്കു ജോലി നഷ്ടപ്പെട്ടു. കിഷോർ ആലുവായിൽ അവൾക്കു ജോലി ശരിയാക്കി. സന്ദീപും സംഘവും അന്വേഷണം തുടർന്നു. ഇടുക്കിയിലെ പെരിയാർവാലിയിൽ സന്ദീപും സംഘവും അല്ലിമയുടെ മുത്തച്ഛനെയും മുത്തശ്ശിയെയും കണ്ടെത്തി. മാളവികയുടെ ആഭരണങ്ങളും വസ്ത്രങ്ങളുമടങ്ങുന്ന പെട്ടി ശേഖരൻകുട്ടി അല്ലിമയ്ക്കു സമ്മാനിച്ചു. കിഷോറും സോഫിയായും തമ്മിലുള്ള പ്രേമബന്ധം ദൃഢമായി. ചന്ദ്രബാബുവിന്റെ സഹോദരൻ അനിബാബു അല്ലിമയെ കാണാനെത്തി. അയാളെക്കൊണ്ട് സന്ദീപ് പീരുമേട്, പെരുവന്താനം പോലീസ് സ്റ്റേഷനുകളിൽ പരാതി കൊടുപ്പിച്ചു. ഹേമചന്ദ്രൻ നൽകിയ പരാതിപ്രകാരം അനിബാബുവിനെയും മാതാപിതാക്കളെയും കസ്റ്റഡിയിലെടുത്തത് പോലീസിനു പൊല്ലാപ്പായി. സന്ദീപിനെ കാണാൻ ബാലകൃഷ്ണമേനോനും കൂട്ടരും വന്നപ്പോൾ സന്ദീപിനെ അച്ഛൻ വീട്ടിലേക്കു വിളിച്ചു വരുത്തുന്നു. അല്ലിമയെ അഡോപ്റ്റ് ചെയ്തതാണെന്ന് രാജഗോപാൽ മക്കളെ അറിയിക്കുന്നു....**

**92**

ശ്രീലക്ഷ്മി മുറിയുടെ വാതിൽക്കൽ ചെന്നു നിന്നു. കതക് അടച്ചിരിക്കുകയാണ്. അവൾ അതു പതിയെ തള്ളിത്തുറന്നു.

വിന്ദാര കസേരയിൽ ഇരുപ്പുണ്ട്. കൈമുട്ടുകൾ മേശയിലൂന്നി ഇരു കൈത്തലങ്ങളും കവിളത്തു ചേർത്ത് തല കുനിച്ച്, വലിയൊരു ദുരന്തം നേരിട്ടപോലെ ഇരിക്കുകയാണ്.

വിശാഖ് കട്ടിലിൽ താടിക്കു കയ്യൂന്നി മുന്നോട്ടു കുനിഞ്ഞിരിക്കുന്നു. ശ്രീലക്ഷ്മി അകത്തേക്കു കയറിയപ്പോൾ രണ്ടുപേരും മുഖം തിരിച്ചു നോക്കി. വിന്ദാര പെട്ടെന്നു പുറംകൈ കൊണ്ട് കവിൾത്തടങ്ങൾ തൂത്തിട്ട് മേശമേൽ നഖം കോറിക്കൊണ്ടിരുന്നു. ശ്രീലക്ഷ്മി മേശയ്ക്കരികെ ചെന്നു നിന്നു.

“മോളേ...” അവർ വിന്ദാരയെ വിളിച്ചു.

വിന്ദാര മുഖമുയർത്തുന്നില്ല. നോക്കുന്നുമില്ല. മേശമേൽ നഖം കോറുന്നതിന്റെ ശക്തി കൂടി. ശ്രീലക്ഷ്മി അവളുടെ തോളത്തു പിടിച്ചു.

“ഇങ്ങോട്ടു നോക്ക്.”

വിന്ദാര നോക്കി

“നീയെന്തിനാ കരഞ്ഞത്?”

“ഞാൻ കരഞ്ഞൊന്നുമില്ല.”

“നിന്റെ കണ്ണിപ്പഴും നിറഞ്ഞിരിക്കുന്നല്ലോ.”

“അച്ഛനും അമ്മേംകൂടെ ഞങ്ങളു രണ്ടുപേരോടും ഭയങ്കര ചതിയല്ലേ ചെയ്തത്?”

“ഞങ്ങളെന്തു ചെയ്തു?”

“ഇത്രയും കാലം ഞങ്ങളോട് ഒന്നും പറഞ്ഞില്ലല്ലോ. ഒന്നും അറിയിച്ചില്ല ഞങ്ങളെ.”

“അല്ലിമോളേം ഞങ്ങൾ ഒന്നും അറിയിച്ചിട്ടില്ലാരുന്നു. സന്ദീപിന്റെ കല്യാണാലോചന വന്നപ്പഴാ ആ വീട്ടുകാരോട് ഞങ്ങൾക്കു സത്യം പറയേണ്ടി വന്നത്. സന്ദീപ് പറഞ്ഞിട്ടാണ് അവളും അറിഞ്ഞത്.”

“ഞങ്ങളോടു മാത്രം എല്ലാം മറച്ചുവെച്ചു.”

വിശാഖ് ആവലാതിപ്പെട്ടു.

“ഒരിക്കലും പറയില്ലാരുന്നു. ഇങ്ങനൊരു സാഹചര്യം ഉണ്ടായില്ലാരുന്നെങ്കിൽ...”

ശ്രീലക്ഷ്മി വെളിപ്പെടുത്തി.

“അതുപോട്ടെ. അമ്മ ഞങ്ങളോട് എന്താ കാണിച്ചെ?” വിന്ദാര ചോദിച്ചു.

“എന്താ?”

ശ്രീലക്ഷ്മി ആശ്ചര്യത്തിൽ നോക്കി. വിന്ദാര പെട്ടെന്ന് എഴുന്നേറ്റു.

“എന്താന്നോ? ഞങ്ങളെക്കാളും വലുത് അമ്മയ്ക്ക് അവളായിരുന്നില്ലേ...അവളോടല്ലായിരുന്നോ അച്ഛനും അമ്മയ്ക്കും ഇഷ്ടക്കൂടുതല്. അവൾക്കു വേണ്ടി അച്ഛനും അമ്മേം ഞങ്ങളെ എന്തു മാത്രം വഴക്കു പറഞ്ഞിട്ടൊണ്ട്. അപ്പഴൊക്കേം അവൾ നിങ്ങടെ ആരുമല്ലായിരുന്നല്ലോ... എന്നിട്ടും ഞങ്ങളോടാരുന്നു അച്ഛനും അമ്മയ്ക്കും ദേഷ്യം.”

“അനാവശ്യമായിട്ട് നിങ്ങളെ ഒരിക്കലും വഴക്കു പറഞ്ഞിട്ടില്ല. ന്യായമായ കാരണങ്ങളൊണ്ടാരുന്നു.”

“എന്നാലും അവൾക്കു വേണ്ടിയല്ലേ. അവളീ വീട്ടിലെ ആരുമല്ലെന്ന് നിങ്ങൾക്കറിയാരുന്നല്ലോ.”

“അവളിവിടുത്തെ ആരുമല്ലെന്ന് നിങ്ങളോട് ആരു പറഞ്ഞു. ഞങ്ങള് പറഞ്ഞോ? ഞാനവളെ പ്രസവിച്ചിട്ടില്ലെന്നേയുള്ളൂ. ഞങ്ങടെ ആദ്യത്തെ മോള് അവൾത്തന്നെയാ.”

“എന്തൊക്കെ പറഞ്ഞാലും ശരി, അല്ലിച്ചേച്ചി അന്യയല്ലേ അമ്മേ. എന്നിട്ട് ഞങ്ങളെക്കായിലും കൂടുതൽ സ്നേഹോം അധികാരോം അവകാശോം അവൾക്കു കൊടുത്തു.”

വിന്ദാരയ്ക്ക് അതാണു സഹിക്കാനാവാത്തത്.

അല്ലിമയ്ക്ക് സൗന്ദര്യക്കൂടുതലുണ്ടായിരുന്നതിനാൽ അവൾ എല്ലായ്പോഴും അല്ലിമയോട് അസൂയ പുലർത്തിയിരുന്നു. അല്ലിമ ഉറങ്ങുമ്പോൾ അവളുടെ സമൃദ്ധമായ, പട്ടുപോലെ മാർദവമേറിയ മുടി കത്രികയ്ക്ക് മുറിച്ചു മാറ്റണമെന്നും അവളുടെ മനോഹരമായ മുഖത്ത് വടുക്കളുണ്ടാക്കണമെന്നും രഹസ്യമായി വിന്ദാര ആഗ്രഹിച്ചിരുന്നു. സ്വഭാവനൈർമല്യംകൊണ്ട് അല്ലിമ, വിന്ദാരയെക്കാളും വിശാഖിനെക്കാളും മറ്റുള്ളവരുടെ പ്രീതിയും വാത്സല്യവും പിടിച്ചുപറ്റുകകൂടി ചെയ്തതോടെ അസൂയ അതിന്റെ പരമകാഷ്ഠയിലെത്തി. അതിനാൽ, വിന്ദാര തന്റെ കുട്ടിക്കാലം മുതലേ അല്ലിമയ്ക്കെതിരെ കലഹിച്ചുപോന്നു. രാജഗോപാലും ശ്രീലക്ഷ്മിയും ന്യായത്തിന്റെ പക്ഷത്തു നിലയുറപ്പിക്കുമ്പോഴും അത് അല്ലിമയോടുള്ള അതിരുവിട്ട വാത്സല്യമാണെന്ന് അവൾ കരുതി.

“മോളേ... നീ ഇങ്ങനൊന്നു ചിന്തിച്ചു നോക്ക്– നിങ്ങൾക്ക് അന്നും ഇന്നും അച്ഛനമ്മമാരുണ്ട്. കൂടപ്പിറപ്പുണ്ട്. ബന്ധുക്കളുണ്ട്. സത്യത്തിൽ അവൾക്കല്ലേ ആരുമില്ലാത്തത്. ഇത്രയും കാലം അവളത് അറിഞ്ഞുപോലുമില്ല. ഞങ്ങളു കൊടുത്ത സ്നേഹമല്ലാതെ ഒന്നുമില്ലെന്ന് ഇപ്പോ അവൾക്കറിയാം.”

“അച്ഛനുമമ്മേം എന്തുകൊണ്ടാ പറയാതിരുന്നെ. പറയണാരുന്നു. അവളോടും ഞങ്ങളോടും പറയണാരുന്നു. അങ്ങനെ വളർത്തിയാ മതിയാരുന്നു.” വിന്ദാര അസഹിഷ്ണുതയോടെ പറഞ്ഞു.

“നിങ്ങള് ജനിച്ചപ്പോ മുതൽക്ക് അവളെ കാണുന്നതുകൊണ്ടാ അങ്ങനെ തോന്നുന്നെ. സന്ദീപ് എഴുതിയ ആർട്ടിക്കിൾ വായിച്ചപ്പോ നിങ്ങക്ക് എന്തുമാത്രം ഇഷ്ടംതോന്നി ഉപേക്ഷിക്കപ്പെട്ട ആ കുഞ്ഞിനോട്. ഞങ്ങൾക്ക് അതുപോലെയാ ആ കുഞ്ഞിനെ കിട്ടിയത്. അതിനെ ഉപേക്ഷിച്ചവർ കലുങ്കിനു കീഴെ വലിച്ചെറിഞ്ഞിരുന്നെങ്കിലോ? വെള്ളപ്പൊക്കത്തിൽ ഒരു കുഞ്ഞിന്റെ ഡെഡ്ബോഡി. ഏതെങ്കിലും പിച്ചക്കാരുടെ കയ്യിൽ ആ കുഞ്ഞ് ചെന്നു പെട്ടിരുന്നെങ്കിലോ? അതിന്റെ ജീവിതം നശിച്ചുപോയേനെ. ഒരു കുഞ്ഞിനേം ഒക്കത്തുവെച്ച് അവളിപ്പോ കയ്യിലൊരു പിച്ചപ്പാത്രം പിടിച്ച് തെരുവുതെണ്ടിയായി നടന്നേനെ. ആ കുഞ്ഞിനെ ഒരു ചവറ്റുകൂമ്പാരത്തിൽ കൊണ്ടിട്ടിരുന്നെങ്കിൽ നായ്ക്കൾ അതിനെ കടിച്ചുകീറി കൊന്നേനെ. പക്ഷേ, ദൈവം അങ്ങനൊന്നുമല്ല നിശ്ചയിച്ചത്. ആ കുഞ്ഞിനൊരു നല്ല അച്ഛനേം അമ്മേം കിട്ടണം. അവരവളെ സ്വന്തം കുഞ്ഞിനെപ്പോലെ വളർത്തണം. അവൾക്ക് ഒരു കുറവും വരുത്തരുത്. ഈശ്വരനു തോന്നിക്കാണും നിങ്ങടെ അച്ഛനേം അമ്മേം ആ ജോലി ഏൽപിക്കാമെന്ന്. അവര് നല്ലപോലെ നോക്കിക്കോളുമെന്ന്. പോണ്ടിച്ചേരീല് വേറെ എത്ര വീടൊണ്ടാരുന്നു. ഒരു പുലർച്ചയ്ക്ക് വാതിൽ തുറന്നു നോക്കുമ്പോ ഞങ്ങടെ വീട്ടു വരാന്തേൽ ഒരു പൂക്കൂടയ്ക്കകത്ത് പൂച്ചക്കുഞ്ഞ് കിടക്കണപോലെ! ജനിച്ചിട്ട് മൂന്നോ, നാലോ ദിവസം! പൊക്കിൾകൊടി മുറിഞ്ഞിട്ടില്ല. ഞങ്ങളതിനെ ഏറ്റെടുത്തു വളർത്തിയത് തെറ്റായിപ്പോയോ?” ശ്രീലക്ഷ്മിയുടെ തൊണ്ടയിടറുന്നുണ്ടായിരുന്നു.

“അമ്മേ വെഷമിപ്പിക്കാൻ വേണ്ടി പറഞ്ഞതല്ല.” വിന്ദാര മയപ്പെട്ടു. “അച്ഛനുമമ്മേം ചെയ്തത് നല്ല കാര്യമാ. ഒരു തെറ്റുമില്ല. പക്ഷേ, അല്ലിച്ചേച്ചിയോട് ഞങ്ങളെക്കാളും സ്നേഹം...”

“അതൊക്കെ നിങ്ങൾടെ തോന്നലാ. ഏതെങ്കിലും അച്ഛനമ്മമാർക്ക് സ്വന്തം മക്കളെക്കാൾ സ്നേഹം മറ്റാരുടെയെങ്കിലും മക്കളോട് ഉണ്ടാകുവോ? ഒരിക്കലുമില്ല. എല്ലാ അച്ഛനമ്മമാർക്കും സ്വന്തം മക്കൾ തന്നെയാ വലുത്. ഞങ്ങൾക്കും അങ്ങനെ തന്നെയാ... ഞങ്ങളെന്തെങ്കിലും സ്നേഹക്കുറവ് കാണിച്ചിട്ട് ഒരിക്കലും അല്ലിമോള് അറിയരുത് – അവൾ ഞങ്ങടെ മോളല്ലെന്ന്. അവൾ നിങ്ങടെ ചേച്ചിയല്ലെന്ന് നിങ്ങളും അറിയരുത്– അതുകൊണ്ടാ നിങ്ങളോട് കൂടുതൽ സ്നേഹം കാണിക്കാതിരുന്നെ. എന്നുവെച്ച് നിങ്ങക്ക് ഒന്നും നഷ്ടപ്പെട്ടിട്ടില്ല. നഷ്ടം മുഴുവൻ അവൾക്കുതന്നെയാ.”

വിന്ദാര മുഖം താഴ്ത്തി നിൽക്കുകയാണ്.

ശ്രീലക്ഷ്മി അവളുടെ താടിത്തുമ്പിൽ പിടിച്ച് മുഖമുയർത്തി.

“നിങ്ങൾക്കിപ്പഴും അച്ഛനും അമ്മേം ഒണ്ട്. അവൾക്കോ – അവൾക്കാരുണ്ട്? നമ്മളു കൊടുക്കുന്ന സ്നേഹമല്ലാതെ എന്തൊണ്ട് അവൾക്ക്? നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോന്ന് എനിക്കറിഞ്ഞൂടാ... കഴിഞ്ഞ കുറെ നാളുകളായിട്ട് അവൾ നിങ്ങളോട് എന്തുമാത്രം സ്നേഹത്തിലാ പെരുമാറുന്നെ. ഒരിക്കലെങ്കിലും അവൾ നിങ്ങളോടു ദേഷ്യപ്പെട്ടോ? നിങ്ങൾ വഴക്കിനു ചെന്നപ്പോൾ പോലും അവൾ മിണ്ടാതെ നിൽക്കുവാ ചെയ്തത്. അതു മാത്രമല്ല, നിങ്ങൾ ഈ വീട്ടിൽ ചെയ്തോണ്ടിരുന്ന പല ജോലികളും അവളല്ലേ ഇപ്പോ ചെയ്യുന്നെ– ആരും പറയാതെ. എന്തുകൊണ്ടാണെന്ന് അറിയാമോ? അവൾക്കു മനസ്സിലായി– നമ്മൾ കൊടുക്കുന്ന സ്നേഹമല്ലാതെ ഇവിടെ അവൾക്ക് അവകാശങ്ങളൊന്നുമില്ലെന്ന്.” വിന്ദാരയ്ക്കും വിശാഖിനും അതു മനസ്സിലായി.

വിന്ദാര ചെയ്തുകൊണ്ടിരുന്ന ജോലിയായിരുന്നു, മുറ്റം തൂക്കുന്നതും മുറികൾ തുടയ്ക്കുന്നതും. വിശാഖിന് ആഴ്ചയിലൊരിക്കൽ കാറും കാർ പോർച്ചും കഴുകി വൃത്തിയാക്കണമായിരുന്നു. കിച്ചണും ഊൺ മുറിയും ശ്രീലക്ഷ്മിയുടെ കുത്തകയായിരുന്നു. ചെടിക്കു വെള്ളമൊഴിക്കുന്നതും വസ്ത്രങ്ങൾ കഴുകി ഇസ്തിരിയിടുന്നതുമായിരുന്നു അല്ലിമയുടെ ജോലി.

എന്നാൽ കഴിഞ്ഞ കുറെ ആഴ്ചകളായി അല്ലിമ എല്ലാവരേയും അവരവരുടെ ജോലികളിൽ സഹായിക്കുന്നുണ്ട്. ആരോടും അവൾക്കു ദേഷ്യമോ വഴക്കോ പരാതികളോ ഇല്ല. ഇത് ചിലപ്പോഴെങ്കിലും വിന്ദാരയെ ആശ്ചര്യപ്പെടുത്തിയിരുന്നു.

“സോറി...” വിന്ദാര ശ്രീലക്ഷ്മിയോടു ക്ഷമാപണം നടത്തി.

“എന്നോടെന്തിനാ സോറി പറയുന്നെ. വേണ്ട. പകരം അവളെ ആശ്വസിപ്പിക്കയല്ലേ വേണ്ടത്. ഇന്നു ഞങ്ങൾ സത്യം തുറന്നു പറഞ്ഞപ്പോ നിങ്ങക്ക് തോന്നിയില്ലേ അവൾ അന്യയാണെന്ന്. നാളെ എല്ലാവരും അറിയും അവൾ അനാഥക്കുട്ടിയായിരുന്നെന്ന്. നമ്മുടെ

ഫാമിലീൽ ഉള്ളവരും ഫ്രണ്ട്സും എല്ലാവരും നാളെ മുതൽ മാറി മാറി ഫോണിൽ വിളിച്ച് ചോദിക്കും... സത്യമാണോ? ലക്ഷ്മീടെ മോളല്ലേ അല്ലിമ... ഓർഫനാണോ? അഡോപ്റ്റ് ചെയ്തതാണോ? നമ്മുടെ ഫാമിലീലെ അംഗമല്ലേ... ഇങ്ങനെ നൂറുനൂറു ചോദ്യങ്ങൾ വരും. അപ്പോ നമ്മളല്ലാതെ വേറെ ആരൊണ്ട് അവൾടെ കൂടെ നിൽക്കാൻ... ആരുമുണ്ടാവില്ല."

"എന്നോടാരെങ്കിലും ചോദിച്ചാ ഞാൻ പറയും - എന്റെ ചേച്ചിയാണെന്ന്." വിശാഖ് സംശയലേശമന്യേ പറഞ്ഞു.

"ഞാനും അങ്ങനെതന്നെ പറയാം..."

വിന്ദാരയും വാക്കു പറഞ്ഞു.

"മറ്റാരോടും പറഞ്ഞില്ലെങ്കിലും വേണ്ടില്ല. നിങ്ങള് അവൾടെ കൂടെ നിന്നാമതി. ഇപ്പത്തന്നെ അവൾ വിഷമിച്ച് നിൽക്കാ. നിങ്ങളു ചെന്നു പറ... ഇപ്പഴാ നിങ്ങൾക്ക് അവളോടു സ്നേഹക്കൂടുതലെന്ന്..."

വിന്ദാര തലയാട്ടി.

അവൾ അപ്പോൾത്തന്നെ വിശാഖിനെയുംകൂട്ടി അല്ലിമയുടെ അടുത്തേക്കു പോയി.

അല്ലിമ ഇസ്തിരിയിടുന്ന മേശയ്ക്കുമീതെ തലവെച്ച് കിടക്കുകയായിരുന്നു. വാതിലിൽ തട്ടുന്ന ശബ്ദം കേട്ട് അവൾ മുഖം തിരിച്ചു നോക്കി. പെട്ടെന്നു കണ്ണുതുടച്ച് എഴുന്നേറ്റു. വാതിൽ തുറന്ന് വിന്ദാര അകത്തേക്കു വന്നു. വിശാഖ് വാതിൽക്കൽ നിന്നു.

അല്ലിമ അവരെ നോക്കി മന്ദഹസിക്കാൻ ശ്രമിച്ചു. അതൊരു ദൈന്യം നിറഞ്ഞ പുഞ്ചിരിയായിരുന്നു.

വിന്ദാര അവളുടെ മുഖത്തേക്കു സൂക്ഷിച്ചു നോക്കി. കവിളിൽ തിണർപ്പ്. കണ്ണിൽ നനവും. കരഞ്ഞിട്ട് തുടച്ച മുഖം. നെഞ്ചിനുള്ളിൽ സങ്കടത്തിന്റെ ഒരു കടൽ അലതല്ലുന്നുണ്ടെന്ന് കണ്ണുകൾ കണ്ടാലറിയാം.

"അച്ഛൻ പറഞ്ഞതെല്ലാം സത്യമാ കേട്ടോ. ഞാൻ... ഞാനാരുമല്ല..."

അല്ലിമ ഗദ്ഗദത്തോടെ പറഞ്ഞു: "കുറെ വർഷം മുൻപ് പോണ്ടിച്ചേരീലെ ഒരു സ്ട്രീറ്റിൽ ആരോ ഉപേക്ഷിച്ചതാ... ഇനിയങ്ങനെ കണ്ടാമതി..."

"ചേച്ചീ..." വിന്ദാര വിഷമത്തിൽ വിളിച്ചു.

"അങ്ങനെ വിളിക്കണംന്നുപോലും ഇല്ല. ഇത്രേംകാലം എന്നെ ചേച്ചീന്നു വിളിച്ചില്ലേ. കൂടപ്പിറപ്പായിട്ട് കരുതിയില്ലേ... അതു മതി."

അല്ലിമയുടെ കണ്ണിൽ വെള്ളം നിറഞ്ഞു.

വിന്ദാരയ്ക്ക് അതു കണ്ട് എന്തെന്നില്ലാത്ത സങ്കടം വന്നു. ചേച്ചീ എന്നു വിളിച്ച് അവൾ അല്ലിമയെ കെട്ടിപ്പിടിച്ചു.

"ഇതുവരെ ചേച്ചിയോടെനിക്ക് അസൂയയാരുന്നു. ദേഷ്യാരുന്നു... ഇപ്പോ എനിക്ക് ഒത്തിരി ഇഷ്ടം തോന്നുവാ... സത്യം."

വിന്ദാരയുടെ സ്വരമിടറി. എന്തെന്നറിയാത്തൊരു സങ്കടം അവളുടെ കണ്ണിലും നനവു നിറച്ചു.

"ഞങ്ങളൊണ്ട് കേട്ടോ ചേച്ചീടെ കൂടെ."

അല്ലിമ അവളെ ഗാഢമായി ആശ്ലേഷിച്ച് വിതുമ്പിക്കരഞ്ഞു. അവളുടെ നെറുകയിലും നെറ്റിയിലും ഉമ്മ വെച്ചു. വാതിൽക്കൽ ജാള്യതയോടെ നോക്കിനിന്ന വിശാഖിനെ അവൾ കണ്ണീരോടെ കൈമാടി വിളിച്ചു. അടുത്തേക്കു ചെന്ന അവനെയും അവൾ ഒരു കൈകൊണ്ട് ആശ്ലേഷിച്ചു.


*** *** ***

പന്തീരായിരം പ്രണയ കലഹങ്ങൾക്കും കാക്കത്തൊള്ളായിരം കൊഞ്ചിക്കരച്ചിലുകൾക്കും ശേഷം പ്രേമത്തിന്റെ തേനുതിർന്നു കുതിർന്ന ഒരു യുഗസന്ധ്യയിൽ സോഫിയായുടെ പ്രണയാർദ്ര സ്വരം ബ്ലൂടൂത്തിലൂടെ കിഷോർ കേട്ടു.

"കസിൻ ചേട്ടന്റെ സ്റ്റോറി വായിച്ചു. എന്നാന്നേ എന്റെ പേര് ചേർക്കാത്തെ?"

"നിന്റെ പേര് കൊടുക്കണായിരുന്നോ?" കിഷോർ ചോദിച്ചു.

"പിന്നെ വേണ്ടേ. നിങ്ങളു പോണ്ടീൽ വന്നപ്പോ ഞാനല്ലേ അല്ലിച്ചേച്ചീടെ ഡേറ്റ്ഓഫ് ബർത്തിന്റെ ക്ലൂ എല്ലാം തന്നത്.



"സന്ദുവേട്ടന്റെ കൂടെ രാത്രിയും പകലും ഉണ്ടായിരുന്ന എന്റെ പേര് വെച്ചിട്ടില്ല. പിന്നാ നിന്റെ പേര്."

"അത് ഭയങ്കര നന്ദികേടായിപ്പോയി."

"നിന്റെ പേര് വെക്കണോ? പരമ്പര തീർന്നിട്ടില്ല. ഞാൻ സന്ദുവേട്ടനോടു പറയാം. അടുത്ത ദിവസത്തെ സ്റ്റോറീൽ സോഫിയെക്കൂടി സ്റ്റാറാക്കിയേക്കണംന്ന്."

"അയ്യോ... വേണ്ട. വെറുതെ പറഞ്ഞതാണ് കുട്ടപ്പായീ..."

"കുട്ടപ്പായിയോ... അതെവിടുന്നു കിട്ടി?"

"ഞങ്ങടെ നാട്ടിലെ ഒരു കള്ളുകുടിയനാ."

"ആ പേരിട്ടാണോ നീ എന്നെ ഓമനിച്ചു വിളിക്കുന്നെ."

"എനിക്കിപ്പോ അങ്ങനെ വിളിക്കാനാ വന്നത്. പിൻവലിക്കണോ?"

"വേണ്ട. വല്യ ബഹുമതിയല്ലേ - ഇരിക്കട്ടെ."

"ഇട്ടപ്പെട്ടില്ലാരിക്കും..."

"പരാതിയില്ലെന്നേ..."

കിഷോർ പറഞ്ഞു.

"സന്തോ...ഷം!"

"നിന്റെ ഡ്യൂട്ടിയെപ്പോ കഴിഞ്ഞു?"

"രാവിലെ ഏഴുമണിക്ക്."

"ഇനിയെന്താ പ്രോഗ്രാം?"

"വല്ലതും തിന്നിട്ട് കെടന്നൊറങ്ങണം. ഈ നൈറ്റ്ഡ്യൂട്ടിയൊന്നു തീർന്നാ മതിയാരുന്നു. പകല് കെടന്നിട്ട് ഒറക്കം ശരിയാവുന്നില്ലെന്നേ."

"ഞാൻ വരണോ പാടിയുറക്കാൻ?"

"അയ്യോ, വേണ്ടായേ. ഞാനെങ്ങനെങ്കിലും മാനേജ് ചെയ്തോളാം."

"എന്നെ ഒഴിവാക്കാൻ എന്താ ഉത്സാഹം?"

"എനിക്കു പേടിയായിട്ടല്ലേ. ഒരു കുടുംബം ഒണ്ട് തലേൽ."

"ഞാനും കുടുംബം ഒള്ളവനാ."

"കിച്ചുവേട്ടാ - ഞാൻ ഐഎൽടീസിനു പോട്ടെ?"

"പൊയ്ക്കോളാൻ പറഞ്ഞില്ലേ."

"പോണെങ്കി വീട്ടീന്ന് സമ്മതിക്കണം."

"നീ ചോദിച്ച് സമ്മതം വാങ്ങിക്ക്."

"പപ്പ സമ്മതിക്കത്തില്ല. ഞാൻ ഐഎൽടീസിനു പോയാ സാലറി കിട്ടത്തില്ലല്ലോ."

"അതിനിപ്പോ എനിക്കെന്തു ചെയ്യാൻ പറ്റും?"

"കിച്ചുവേട്ടനല്ലേ ഈ വേണ്ടാത്ത ഐഡിയായൊക്കെ എന്റെ തലേലോട്ട് അടിച്ചു കേറ്റിയത്."

"ഞാനോ?" കിഷോർ അറിയാത്തമട്ടഭിനയിച്ചു.

"ആ... ഞാൻ തന്നെ! എന്നോടെന്തെല്ലാമാ പറഞ്ഞത്. നീ ഐഎൽടീസു പഠിക്ക്... നിന്നെ ഞാൻ കാനഡയ്ക്കോ അയർലണ്ടിലോ കേറ്റി വിടാം."

"എടി പൊട്ടീ. അയർലണ്ടൻ അല്ല. അയർലണ്ടിലോ ലണ്ടനിലോ കാനഡയിലോ... നാ... ശ്ശൊ... ഇങ്ങനൊരു കഴുതക്കുട്ടിയെ ആണല്ലോ ഈശ്വര ഞാൻ..."

"അറിയാമ്മേലാഞ്ഞിട്ടല്ല, ഒരു നാക്കുപെഴ പറ്റിയതാ. അയ്യോഡാ - ഒരു പണ്ഡിതൻ!"

"നീ ഐഇഎൽടിഎസ് പഠിച്ചു പാസായാ ബാക്കി കാര്യം ഞാനേറ്റു. യുകെയിൽത്തന്നെ നമുക്കു നോക്കാം."

"ഐഎൽടീസു പഠിച്ചാലും ശരി ഇല്ലെങ്കിലും ശരി, വീട്ടിൽ സാലറി കൊടുക്കണം. ഇല്ലെങ്കി പപ്പാ ബഹളം വെക്കും. അതാ പ്രശ്നം. കിച്ചുവേട്ടൻ മനസ്സുവെച്ചാലേ എന്തെങ്കിലും നടക്കൂ."

"അതായത് ഞാൻ ഫീസുകൊടുത്ത് നിന്നെ പഠിപ്പിക്കണം. വീസ എടുത്തുതന്ന് നിന്നെ യുകെയിലോ അയർലണ്ടിലോ കേറ്റി വിടണം. അതുവരെയുള്ള ശമ്പളം ഞാൻ കയ്യീന്നിട്ട് നിന്റെ വീട്ടിൽ കൊടുക്കണം."

"എല്ലാം ഞാൻ റീഫണ്ട് ചെയ്തോളാമെന്നേ."

"എന്നിട്ട് നീ ഒരു സായിപ്പിനെ കല്യാണം കഴിച്ച് അവിടങ്ങ് കൂടും. ഞാനിവിടെ ഇളിഭ്യനായിട്ടിരിക്കും."

"പോ കിച്ചുവേട്ടാ... ഇങ്ങനത്തെ വർത്തമാനമൊന്നും പറയല്ലേ. ഞാനാ ടൈപ്പല്ലെന്ന് എത്ര പ്രാവശ്യം പറഞ്ഞു. എന്നെ വിശ്വാസമില്ലാഞ്ഞിട്ടല്ലേ."

"എന്നാൽ പറ... എന്നു നടക്കും കല്യാണം?"

"നാലു വർഷം. നാൽപതു ലക്ഷം രൂപ വീട്ടിലോട്ട് കൊടുക്കണം."

"നാലു വർഷം. നാൽപതുലക്ഷം രൂപ. നീയാര്, കറവപ്പശുവോ? ഏതാ ജനുസ്... സിന്ധി, ജേഴ്സി?"

"കിച്ചുവേട്ടാ... വീട് പുതുക്കിപ്പണിയണ്ടേ... അനിയനേം അനിയത്തിയേം പഠിപ്പിക്കണ്ടേ... ഇളയവർക്കുള്ള പൊന്നും പണോം കരുതിവെക്കണ്ടേ."

"ഒരു കുന്തോം വേണ്ട. രണ്ടു വർഷം സമയം തരും. ആ പൈസ വീട്ടിൽ കൊടുത്തേക്ക്. പിന്നെ ഞാൻ നേരിട്ട് വീട്ടിലോട്ടു ചെല്ലും. എന്നിട്ട് നിന്റെ പപ്പായോടു പറയും... നിങ്ങടെ മോളെ ഞാനിങ്ങോട്ട് എടുക്കുവാ. ഇനീം കറക്കണെങ്കി രണ്ട് പശുക്കളെ വാങ്ങി വീട്ടി നിർത്തിക്കോ എന്ന്."

"ശ്ശ്യോ... ഇങ്ങനെയൊക്കെയാണോ മനസ്സിലിരുപ്പ്?"

പെണ്ണിനു സഹജമായ പിടിവാശിക്കുശേഷം സോഫിയായുടെ സ്വരത്തിലെ ഹർഷാതിശയത്തിൽനിന്ന് കിഷോർ തിരിച്ചറിഞ്ഞു.

"ശരിക്കും ഇതല്ല മനസ്സിലിരുപ്പ്. അടുത്ത ആറുമാസത്തിനകത്ത് ഞാനീ പറഞ്ഞപോലെ ചെയ്യണമെന്നാ. പക്ഷേ, കുടുംബത്തിലോട്ട് എന്തെങ്കിലും കൊടുക്കണമല്ലോ - അതോർത്തിട്ട് മാത്രമാ..."

"അപ്പോ എന്റെ സമ്മതമൊന്നും വേണ്ടേ?"

"നീ സമ്മതിച്ചാലും ഇല്ലെങ്കിലും - രണ്ടു വർഷം. അതുവരെയുള്ള സമ്പാദ്യം വീട്ടിൽ കൊടുത്തോ."

"രണ്ടു വർഷംകൊണ്ട് എന്താകാനാ കിച്ചുവേട്ടാ?"

"അത് മതി. നീ എല്ലാവരേം അങ്ങ് രക്ഷപ്പെടുത്തണ്ട. ജീവിക്കാൻ അർഹതയുള്ളവർ തന്നത്താൻ രക്ഷപ്പെട്ടോളും."

"കിച്ചുവേട്ടാ അതു ശരിയാവ്വോ?"

"പറ്റില്ലെങ്കി ഇപ്പോ പറഞ്ഞേക്കണം."

"കിച്ചുവേട്ടൻ സീരിയസാണോ?"

"പിന്നല്ലാതെ."

അപ്പുറത്ത് മൗനം.

(ശേഷം 30-ാം പേജിൽ)

## നാഷണൽ ഹെറൾഡ്: കോൺഗ്രസിന് തിരിച്ചടി

ന്യൂഡൽഹി: നാഷണൽ ഹെറൾഡ് കേസിൽ 751.91 കോടി രൂപയുടെ ആസ്തികൾ താൽക്കാലികമായി കണ്ടുകെട്ടിയ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇഡി) നടപടി പിഎംഎൽഎ അഡ്ജുഡിക്കേറ്റിങ് അതോറിറ്റി ശരിവെച്ചു. സ്ഥിതി തുടരാമെന്നും കേസിലെ തീർപ്പിന് അനുസരിച്ചാകും കണ്ടുകെട്ടൽ അന്തിമമാക്കുന്നതെന്നും അതോറിറ്റി വ്യക്തമാക്കി. ലോക്സഭാ തെരഞ്ഞെടുപ്പു കാലത്ത് തീരുമാനം കോൺഗ്രസിനു തിരിച്ചടിയാണ്. കോൺഗ്രസ് മുൻ അധ്യക്ഷരായ സോണിയ ഗാന്ധി, രാഹുൽ ഗാന്ധി തുടങ്ങിയവർ കേസിലെ പ്രതിപ്പട്ടികയിലുണ്ട്. കേസിൽ വിശദമായ വാദം തുടങ്ങാനിരിക്കെയാണ് കോടതി ഇക്കാര്യം വ്യക്തമാക്കിയത്.

കേസിൽ അന്വേഷണം നടക്കുന്ന ഘട്ടത്തിൽ ആസ്തി കണ്ടുകെട്ടാൻ കഴിഞ്ഞ നവംബർ 23-നാണ് ഇ.ഡി. ഡപ്യൂട്ടി ഡയറക്ടർ ഉത്തരവിട്ടത്. കള്ളപ്പണം വെളുപ്പിക്കൽ തടയൽ നിയമപ്രകാരമുള്ള കണ്ടുകെട്ടൽ തുടരാമെന്നു അതോറിറ്റി വ്യക്തമാക്കി.

## ആം ആദ്മിക്ക് തിരിച്ചടി: ഡൽഹി മന്ത്രി രാജിവെച്ചു

ന്യൂഡൽഹി: ആം ആദ്മി പാർട്ടിക്കു പ്രഹരമേൽപിച്ച് ഡൽഹിയിൽ തൊഴിൽ, പിന്നാക്കക്ഷേമ മന്ത്രി രാജ്കുമാർ ആനന്ദ് രാജിവെച്ചു. എഎപിയിൽ അഴിമതിയാണെന്നും ദളിതർക്ക് അവഗണനയാണെന്നും ആരോപിച്ച് പാർട്ടി അംഗത്വവും രാജിവെച്ചു. അതേസമയം, ഇഡി റെയ്ഡിനെത്തുടർന്നുള്ള ഭയമാണു രാജിക്കു കാരണമെന്ന് എഎപി നേതാക്കൾ ആരോപിച്ചു. വീണ്ടും ചോദ്യംചെയ്യലിന് ഹാജരാകാൻ ഇഡി നോട്ടീസ് നൽകിയതാണു രാജിക്കു കാരണമെന്നും അവർ പറഞ്ഞു. കഴിഞ്ഞവർഷം നവംബറിൽ രാജ്കുമാർ ആനന്ദിന്റെ ഡൽഹി സിവിൽ ലെയ്ൻസിലെ വസതിയിൽ റെയ്ഡ് നടത്തിയിരുന്നു. കണക്കിൽപെടാത്ത ബിസിനസ് നിക്ഷേപവും ചൈനയിലേക്കുള്ള ഹവാല ഇടപാടുകളും കണ്ടെത്തിയെന്നും 74 ലക്ഷം രൂപ പിടിച്ചെടുത്തെന്നും ഇഡി അറിയിച്ചിരുന്നു. ഏഴ് കോടി രൂപയുടെ കസ്റ്റംസ് നികുതി വെട്ടിപ്പിന്റെയും ഹവാല ഇടപാടുകളുടെയും പേരിൽ ഡയറക്ടറേറ്റ് ഓഫ് റവന്യൂ ഇന്റലിജൻസും രാജ്കുമാറിനു നേരത്തേ കുറ്റപത്രം നൽകിയിരുന്നു. 'ഇഡിയെയും സിബിഐയെയും ഉപയോഗിച്ച് ഞങ്ങളുടെ മന്ത്രിമാരെയും എംഎൽഎമാരെയും തകർക്കാൻ ശ്രമിക്കുകയാണ് അവർ. ഇതൊരു അഗ്നിപരീക്ഷയാണ്'- രാജ്യസഭാംഗം സഞ്ജയ്സിങ് പറഞ്ഞു.

# THAROOR IS EXPECTED TO PREVAIL

**(from page 20)**

Upon my query to verify the complaint, the Tharoor office has sent me several documents with his statements raising his concerns, especially in the Parliament. The media did not properly carry forward his statements in Lok Sabha. His office should have correctly translated or propagated many of these exchanges in English.

However, more than anything else, the elephant in the room is the CPM and their role in this fight. To those astute observers of Kerala politics, the reason for BJP's perennial failure to get a foothold in Kerala is apparent. In any election cycle, when a BJP candidate closes in on either UDF or LDF ones, many voters will switch their votes to deny the BJP the victory. The question is, will it happen this time around? Although UDF and LDF may want to state that the fight is between them, the reality in Thiruvananthapuram is quite different. Armed with tons of money, Rajiv Chandrasekhar, the BJP candidate, is said to be ready to buy anything and everything. There are even allegations that some of the resources might have been diverted to activists from various parties and even minority religious leaders. However, the real worry for the Tharoor campaign must be whether there is any behind-the-scenes understanding between BJP and CPM.

The world knows about all the allegations of corruption by Pinarayi Vijayan and his family members. While Modi's ED is busy arresting and jailing opposition leaders and other opponents of the current regime across the country, how does the Chief Minister of Kerala go scot-free? Even the Delhi CM Kejriwal is in prison without any substantial evidence of wrongdoing yet; there is hardly any investigation into the gold smuggling, Life mission, Cochin Minerals payments, and so forth by the famed Agencies, let alone the Lavalin case being postponed multiple times upon the request from the prosecution's side. The BJP government keeps contending that specialized agencies are only doing their jobs. If so, how would they justify their inactions in this regard?

In the same way, Vigilance in the state is not doing any better either, having failed to find the source of the three crores of rupees of black money recovered during the last election cycle allegedly from people with links to the BJP. All of these spark suspicion that there is an underlying agreement between BJP and CPM. The question then is, what is the deal here? Is there a quid-pro-quo in the works for the CPM finally to enable the BJP to open an account for the Lok Sabha from Kerala? Only time will tell.

Despite all the advantages of money and power, Rajeev Chandrasekhar is proving himself a dud. He is unwilling to debate Tharoor, although he is touted here as yet another 'global citizen' with a great background. When a reporter asked Chandrasekhar what he has done for Karnataka as their Rajya Sabha MP, in addition to showing his ignorance of an ongoing project, he not only fumbled but dismissed it as an out-of-state question while repeatedly accusing Tharoor of not doing enough in TVM. Chandrashekar made his early riches primarily through his in-law's company, BPL. A report available in the public domain states, "Before Chandrasekhar sold his BPL stake, his father-in-law took him to court for mismanagement of the company and discrepancies in the shareholding pattern in 2004 and file petition to restrain Chandrasekhar from selling or transferring BPL Mobiles without his consent."

Now, we know that on his nomination form, he listed his total assets as around 28 crore rupees and a taxable income of Rs. 680. Video circulating on social media details his holdings in various entities, including shell companies abroad. In those reports, it is estimated that he is said to be worth around 7500 Crores. He could legally justify it all through 'smart' accounting for tax purposes. However, the very fact the Modi administration, which once proclaimed to bring all black money back to India, has just crowned someone as a candidate who possesses excellent expertise as to how to hide his assets. They are some of the champions of nationalism who constantly lecture ordinary people like us about patriotism, duty, and honor to the country. If these allegations are proven correct, it is fraudulent misrepresentation while deceiving the voters in Thiruvananthapuram by not telling the truth. Moreover, It is indeed an integrity issue, and whether the voters want to be represented by such a character come April 26.

Another challenging issue for the Tharoor campaign is how to counter a BJP narrative that is undoubtedly taking a perch in the minds of this constituency's elites and the upper middle class. According to several people I talked to, the conversation goes like this: 'Modi is going to win anyway, Congress has no future, if Chandrasekhar wins, he might do something for Thiruvananthapuram'! There is very little doubt that people are being brainwashed about the inevitable victory of Modi through their effective propaganda network. The upper echelons of society all over India do not care, as they have no stakes in this election. Nevertheless, the Tharoor campaign needs to respond to this very quickly before it gains any more momentum.

There is little doubt that some disgruntled Congressmen and jealous leaders are in the Tharoor camp. To them, a Tharoor defeat or his banishment from the political arena is welcome, and many empires/endeavors have failed not due to external threats but because of the conflicts within. Those elements could come through the front door, and not only would they end up wreaking havoc, but they would also be capable of giving a devastating blow to the leadership. That may explain why a couple of Tharoor's 'Paryadanams' were marred by some dissenting voices and shouting slogans in trying to create a stir. Many of them, like in the media, may allegedly be bought off and become tools in the hands of the BJP.

Despite all the hurdles, the people of Thiruvananthapuram will choose to preserve the Constitution and our way of life. Keralites are a competent electorate who can distinguish the wolves in Sheep's clothing. Ultimately, common sense will reign, and Tharoor is expected to prevail.

## നോവൽ

(29-ാം പേജിൽ നിന്നും)

"ഹലോ..." കിച്ചു വിളിച്ചു.

"ഹലോ..." മറുപടി.

"എന്താ മിണ്ടാത്തെ?"

"ഞാൻ ഫോൺ വെച്ചോട്ടെ?"

"എന്താ പെട്ടെന്ന്?"

"എനിക്ക് ഒറങ്ങണ്ടേ."

"എനിക്കു മനസ്സിലായി."

"എന്താ?"

"നിനക്കിഷ്ടപ്പെട്ടില്ല."

"എനിക്ക് ഒറക്കം വരുന്നു. വെക്കട്ടെ."

"ആ വെച്ചിട്ട് പോ..."

"എന്തിനാ ദേഷ്യപ്പെടുന്നെ?"

"നിനക്ക് ഒറക്കം വരുന്നൊണ്ടല്ലോ... വെച്ചിട്ട് പൊയ്ക്കോളാൻ പറഞ്ഞില്ലേ."

"കിച്ചുവേട്ടാ, വീട്ടിലുള്ളോർക്ക് ഓരോ പ്രതീക്ഷയില്ലേ. ഞാനല്ലാതാരാ അതൊക്കെ സാധിച്ചു കൊടുക്കാൻ."

"നീ കൊടുത്തോ. എന്നെ നോക്കണ്ട. എന്റെ കാര്യം ഞാനും നോക്കിക്കോളാം. ഞാൻ ഫോൺ വെക്കുവാ."

കിഷോർ കോൾ കട്ട് ചെയ്തു.

എന്നിട്ട് ഫോൺ ടേബിളിലേക്ക് എറിഞ്ഞു.

എഴുന്നേറ്റ് ടെറസിലേക്കുള്ള വാതിൽക്കൽ പോയി നിന്നു. കുറച്ചുകഴിഞ്ഞ് തിരികെ മേശയ്ക്കടുത്തുവന്നു.

ഫോൺ അനങ്ങാതിരിക്കുന്നതു കണ്ടിട്ട് അതെടുത്ത് നിലത്തെറിയണമെന്ന് അവനു തോന്നി.

(തുടരും)

SUBSCRIPTION FORM

I.D. # ______ Date ______ Expiration Date ______

Name ______

Address ______

City ______ State ______ Zip ______

Phone: ______ Email: ______

Signature: ______

❑ Enclosing $ 200.00 for five years.

❑ Enclosing my subscription of $ 54.00 for one year.

❑ Enclosing my subscription of $99.00 for two years.

❑ Please don't send newspaper to my address.

Take Advantage Of Our New Low Rates

| Yearly | 2 Years | 5 Years |
| --- | --- | --- |
| $ 54 00 | $ 99 00 | $ 200 00 |

Payment Method ☐ Cheque Cheque # ______

☐ Visa ☐ Mastercard ☐ Discover ☐ AMEX. Exp. Date ______

CARD ACCOUNT NUMBER

SEC. CODE:

Please make the Cheque payable to

KERALA EXPRESS

3425 CLEVELAND ST, SKOKIE, ILLINOIS 60076

630 728 7956 FAX : 773 304 1917

Subscription fee non-refundable


B&M
AUTO COLLISION CTR
Anish Eapen and Bob Trytko want
to wish you a Happy New Year
Fast and
EFFICIENT
Quality
REPAIR
4440 West Addison
Chicago, IL 60641
Tel: 773-685-3200
Fax: 773-685-7388
www.bmautocollision.com
WE WORK WITH ALL INSURANCE COMPANIES,
CALL ANISH EAPEN @ 773-263-9863


കൈരളി ടി. വി.
KAIRALI
THE MALAYALAM CHANNEL
ഒരു ജനതയുടെ ആത്മാവിഷ്ക്കാരം
എന്നും ജനങ്ങളോടൊപ്പം
KAIRALI
KAIRALI NEWS
ARABIA
Mammootty
Chairman, Kairali TV
John Brittas
Managing Director, Kairali TV
+VE VIBES
@INDIANA
Jose Kadapuram
Director in USA
Tel: 914 954 9586
email: kairalitvny@gmail.com
Jose Plackatt,
Director - Production
Tel: 972 839 9080
AMERICAN CAFE
Call:1855-734-0444
Time: SUNDAY - 9.00PM to 10.00PM.
Eastern time zone (New York)
American Cafe
AMERICAN FOCUS
Time: SUNDAY 8.30PM to 9.00PM
Eastern time zone (New York)
AMERICAN Focus
KAIRALI NEWS USA
Time: SATURDAY 8.30PM to 9.00PM
Eastern time zone (New York)
USA WEEKLY NEWS
PRODUCTION TEAM
New York:- Binu Thomas Tel: 516 322 3919.
New York:- Jacob Manuel Tel: 516 418 8406
Houston:- Abyson Abraham Tel: 914 439 6715.
Chicago:- Dominic Chollampel Tel: 847 436 6199
Pennsylvania:- Giji. Tel: 215 820 2125.
KAIRALI
THE MALAYALAM CHANNEL
dish NETWORK
Tel:1-888-605-7572
WATCH LIVE MALAYALAM CHANNELS 1 (888) 363-1777
sling മലയാളം
TELEVISION




Printed at **GRACE PRINTING**, Skokie, Illinois and Published by Grace Publications Inc. Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**